# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്



# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

## ഓഡിറ്റ് റിപ്പോർട്ട്

2020-21

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

# ഓഡിറ്റ് റിപ്പോർട്ട്

# 2020-21

.

.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഓഡിറ്റ്

കാലടി - 683574

ഇ-മെയിൽ : ssusuty.ksad@kerala.gov.in

ഫോൺ : 0484-2463380

# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല , കാലടി

**2020 – 2021 വർഷത്തെ വരവ് – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**1994 ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ നിയമം 38(6) വകുപ്പ്**

**1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13,**

**1996 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം – 18**

**എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**

നമ്പർ. കെ.എസ്.എ/എസ്.എസ്.യു/എ3- 260 /2023 തീയതി :18-10-2023

## ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ 2020-21 വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് ചെയ്തു. സർവ്വകലാശാല 1.4.2020 മുതൽ 31.3.2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സർവ്വകലാശാല അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാലയുടെ ഹെഡ്സ് ക്വാർട്ടേഴ്സിലും വകുപ്പുകളിലും വിവിധ പ്രദേശിക കേന്ദ്രങ്ങളിലുമായി ആകെ 104 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 55 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടികൾ പരിഗണിച്ചശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| **ഓഡിറ്റ് നടത്താൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീ. സാബു ജോസഫ് ജോയിന്റ് ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 02.11.2020 മുതൽ 28.02.2022 വരെ |

| **ഓഡിറ്റ് കാലയളവിൽ ചുമതല വഹിച്ച സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ** | |
|---|---|
| **വൈസ് ചാൻസലർ**<br>ഡോ.പി.കെ.ധർമ്മരാജൻ | 01.04.2020 മുതൽ 31.03.2021 വരെ |
| **പ്രോ- വൈസ് ചാൻസലർ**<br>ഡോ.കെ.എസ്.രവികുമാർ | 01.04.2020 മുതൽ 31.03.2021 വരെ |
| **രജിസ്ട്രാർ**<br>1. ഡോ. ഗോപാലകൃഷ്ണൻ എം.ബി, രജിസ്ട്രാർ | 01.04.2020 മുതൽ 31.03.2021 വരെ |
| **ഫിനാൻസ് ഓഫീസർ**<br>1. ശ്രീ. സുനിൽ കുമാർ എസ് ഫിനാൻസ് ഓഫീസർ | 01.04.2020 മുതൽ 31.03.2021 വരെ |

സർവ്വകലാശാലയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, യു.ജി.സി, മറ്റ് ഏജൻസികൾ എന്നിവയിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ കണക്കുകൾ, തനത് വരുമാനം, അക്കൗണ്ടുകളിൽ പണം ഒടുക്കൽ, പിൻവലിക്കലുകൾ എന്നിവ പരിശോധനാ വിധേയമാക്കി പ്രസക്ത ഓഡിറ്റ് നിരീക്ഷണങ്ങൾ

ഉൾപ്പെടുത്തിയിട്ടുണ്ട്. സമകാലിക ഓഡിറ്റിന്റെ ഭാഗമായുള്ള നിരീക്ഷണങ്ങൾക്കൊപ്പം സർവ്വകലാശാലയുടെ വിവിധ പഠന/പഠനേതര വകുപ്പുകൾ, വിവിധ പ്രാദേശിക കേന്ദ്രങ്ങൾ എന്നിവ വാർഷികമായി ഓഡിറ്റ് നടത്തി പുറപ്പെടുവിച്ച ഓഡിറ്റ് കുറിപ്പുകളിൽ സർവ്വകലാശാല അധികൃതരുടെ സവിശേഷ ശ്രദ്ധ ആവശ്യമുള്ളതും പരിഹാര നടപടികൾ എടുക്കേണ്ടതുമായ നിരീക്ഷണങ്ങളും ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. http://aims.ksad.kerala.gov.in/aims/ എന്ന വെബ് പോർട്ടൽ സന്ദർശിച്ച് സർവ്വകലാശാലയ്ക്ക് ലഭ്യമാക്കിയിട്ടുള്ള user name, password എന്നിവ ഉപയോഗിച്ച് functionary login ൽ കൂടി ഓഡിറ്റ് റിപ്പോർട്ട് നിരീക്ഷിക്കാവുന്നതും തുടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഈ റിപ്പോർട്ടിന് 4 ഭാഗങ്ങൾ ഉണ്ട്.

| | |
|---|---|
| ഭാഗം 1 | **പൊതു അവലോകനം** |
| ഭാഗം 2 | **വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| ഭാഗം 3 | **ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| ഭാഗം 4 | **പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** |

## ഉള്ളടക്കം



| ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ | വിവരണം |
|---|---|
| **ഭാഗം – 1 പൊതു അവലോകനം** | |
| 1-1 | പൊതുവായ വിവരങ്ങൾ |
| 1-2 | ബജറ്റ് |
| 1-3 | വാർഷിക ധനകാര്യ പത്രിക |
| 1-4 | സർവ്വകലാശാലയ്ക്ക് ലഭിച്ച വിവിധ ധനസഹായങ്ങൾ |
| 1-5 | അക്കൗണ്ടിംഗ് സംവിധാനത്തിലെ പോരായ്മകൾ |
| 1-6 | തനത് വരുമാനം |
| 1-7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-8 | ഇന്റേണൽ ഓഡിറ്റ് സംവിധാനം സർവ്വകലാശാലയിൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല |
| 1-9 | ഇ-ഗ്രാന്റ്സ് അക്കൗണ്ടിന്റെ പരിപാലനം സംബന്ധിച്ച് |
| 1-10 | കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ ഫിറ്റ്നസ്സ് ഉപകരണങ്ങൾ ഉപയോഗയോഗ്യമാക്കേണ്ടതാണ് |
| 1-11 | ഉറുദു വകുപ്പിൽ വിദ്യാർത്ഥികളുടെ കുറവ് - നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 1-12 | ഉറുദു കോഴ്സിനായി വാങ്ങിയ ലൈബ്രറി ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയില്ല |
| 1-13 | തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലെ ലൈബ്രറി ബുക്കിന്റെ അക്സഷെൻ രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ |
| 1-14 | പന്മന പ്രാദേശിക കേന്ദ്രത്തിലെ ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ |
| 1-15 | തൃശ്ശൂർ പ്രാദേശിക കേന്ദ്രം അധികൃതരുടെ അനാസ്ഥ കാരണം പ്രവർത്തനം അവസാനിപ്പിച്ചു |
| 1-16 | തൃശ്ശൂർ പ്രാദേശിക കേന്ദ്രത്തിലെ വസ്തുവകകളുടെ സംരക്ഷണം സംബന്ധിച്ച് |
| **ഭാഗം –2–വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വകുപ്പിൽ നിന്ന് സർവ്വകലാശാലയിലേക്ക് ആഭ്യന്തര വരുമാനം അടവാക്കിയതിൽ |

| | |
|---|---|
| | കുറവ്/കൂടുതൽ |
| 2-2 | ആഭ്യന്തര വരുമാനം സർവ്വകലാശാലയിലേക്ക് വൈകി അടവാക്കിയത് |
| 2-3 | കൊയിലാണ്ടി പ്രാദേശിക കേന്ദ്രം - ബാങ്കിൽ നിന്ന് ലഭിക്കുന്ന പലിശ തുക സർവ്വകലാശാലയിൽ അടവാക്കുന്നില്ല |
| 2-4 | തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലെ ജനറൽ അക്കൗണ്ട്, സ്പെഷ്യൽ അക്കൗണ്ട് എന്നിവയുടെ നീക്കിയിരുപ്പുകൾ പൊരുത്തപ്പെടുന്നില്ല |
| 2-5 | ക്യാഷ് ബുക്ക്, കളക്ഷൻ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പിലെ അപാകങ്ങൾ |
| 2-6 | ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ട് ക്ലോസ് ചെയ്യുന്നത് സംബന്ധിച്ച് |
| 2-7 | പി.ടി.എ അക്കൗണ്ട് നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം |
| 2-8 | ഹോസ്റ്റൽ വാടക ഈടാക്കിയതിന്റെ വിവരം പൂർണ്ണമല്ല |
| **ഭാഗം -3- ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | പ്രളയാനന്തര സർക്കാർ ധനസഹായം - വിനിയോഗ വിവരം ലഭ്യമാക്കിയില്ല |
| 3-2 | യുജിസി മാർഗ്ഗനിർദ്ദേശം മറികടന്ന് CAS പ്രൊമോഷൻ അനുവദിക്കുന്നു |
| 3-3 | സർവ്വകലാശാലയിലെ പൊതുമരാമത്ത് പ്രവൃത്തികൾ-ചട്ടങ്ങളുടെ ലംഘനം സംബന്ധിച്ച് |
| 3-4 | മരാമത്ത് പ്രവൃത്തികളിൽ നിശ്ചിത തിയതിക്കകം എഗ്രിമെന്റ് വെച്ചിട്ടില്ല-പിഴ ഈടാക്കിയില്ല |
| 3-5 | ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിലെ ഇ-ഗ്രാന്റ്സ് അക്കൗണ്ട് - തുക വക മാറ്റി സൂക്ഷിച്ചു |
| 3-6 | ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിന്റെ പി.ടി.എ. അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക തിരികെ അടച്ചില്ല |
| 3-7 | രേഖകൾ പൂർണ്ണമല്ല - 3,71,199/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-8 | തിരുവനന്തപുരം പ്രാദേശിക കേന്ദ്രം - നാക് (NAAC) അംഗീകാരവുമായി ബന്ധപ്പെട്ട ചെലവുകൾ - രേഖകൾ ലഭ്യമാക്കിയില്ല-300000 രൂപ തടസ്സപ്പെടുത്തുന്നു |
| 3-9 | ആസ്തികളുടെ അരക്ഷിതാവസ്ഥ നടപടികൾ ആവശ്യപ്പെടുന്നു |

| | |
|---|---|
| 3-10 | സ്റ്റോക്ക്/സ്റ്റോർ പരിശോധന -അപാകങ്ങൾ |
| 3-11 | ഹോസ്റ്റലുകളിലേയ്ക്ക് സാധനങ്ങൾ വാങ്ങിയത് -മുൻകൂർ നൽകിയ തുക അനധികൃതമായി കൈവശം വച്ചു |
| 3-12 | ശങ്കരജയന്തി ആഘോഷങ്ങൾക്ക് മുൻകൂർ നൽകിയത് - അപാകതകൾ |
| 3-13 | മുൻകൂർ ക്രമീകരിക്കുന്നതിൽ കാലതാമസം - സർവ്വകലാശാലയ്ക്ക് നഷ്ടമുണ്ടാക്കുന്നു |
| 3-14 | വിവിധ വകുപ്പുകളിലും പ്രാദേശിക കേന്ദ്രങ്ങളിലും നൽകിയ മുൻകൂർ തുക ക്രമീകരിക്കാത്തത് |
| 3-15 | സർവ്വകലാശാലയിൽ നിന്ന് നൽകിയ മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല - 9,04,720/- രൂപ തടസ്സപ്പെടുത്തുന്നു |
| **ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് വിശദാംശം |
| 4-2 | സാമ്പത്തിക നില |
| 4-3 | 31.03.2021- ലെ അക്കൗണ്ട്സ് പ്രകാരവും ബാങ്ക്/ട്രഷറി പാസ്സ് ബുക്ക് പ്രകാരവുമുള്ള നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ |
| 4-4 | 31.03.2021 ലെ ബാങ്ക്/ട്രഷറി നീക്കിയിരുപ്പ് തുകയുടെ പൊരുത്തപ്പെടുത്തൽ പത്രിക |
| 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 4-6 | എൻഡോവ്മെന്റുകൾ/ ചെയറുകൾ എന്നിവയുടെ വിവരം |
| 4-7 | ഓഡിറ്റ് ചാർജ് |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | 2020-21 വർഷത്തെ ക്രമീകരിക്കാത്ത മുൻകൂറുകളുടെ വിവരം സംബന്ധിച്ച പത്രിക (ഖണ്ഡിക നം.3-15) |
| അനുബന്ധം 2 | 2020-21 വർഷത്തെ സ്ഥിരനിക്ഷേപം സംബന്ധിച്ച പത്രിക (ഖണ്ഡിക നം.4-5) |
| അനുബന്ധം 3 | 2020-21 വർഷത്തെ എൻഡോവ്മെന്റ് സ്ഥിര നിക്ഷേപം സംബന്ധിച്ച പത്രിക (ഖണ്ഡിക നം.4-6) |
| അനുബന്ധം 4 | 2020-21 വർഷത്തെ ഓഡിറ്റ് ചാർജ്ജിനായി തനത് വരുമാനം കണക്കാക്കിയ പത്രിക (ഖണ്ഡിക നം. 4-7) |

**ഭാഗം –1**

# പൊതു അവലോകനം

1-1 പൊതുവായ വിവരങ്ങൾ

**ആമുഖം**

കേരള സർക്കാർ 1985 ൽ തത്വചിന്തകനും അദ്വൈതാചാര്യനുമായ ശ്രീ ശങ്കരാചാര്യരുടെ നാമത്തിൽ അദ്ദേഹത്തിന്റെ ജന്മസ്ഥലമായ കാലടിയിൽ ഒരു സംസ്കൃത സർവ്വകലാശാല സ്ഥാപിക്കാൻ തീരുമാനിച്ചു. ഡോ. പി.കെ നാരായണപിള്ളയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1992 ഫെബ്രുവരി മാസത്തിൽ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സ്ഥാപിക്കപ്പെട്ടു. 1993-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഓർഡിനൻസ് 25.11.1993 പ്രാബല്യത്തിൽ 1994 ൽ നിയമമായി. 1993 ൽ സർവ്വകലാശാലയിൽ കോഴ്സുകൾ ആരംഭിച്ചു. എം.എ സംസ്കൃത (വേദാന്തം, സാഹിത്യം), എം.എ (മലയാളം), എം.എ (ഹിന്ദി) എന്നീ ബിരുദാനന്തര കോഴ്സുകളാണ് സർവ്വകലാശാലയിൽ ആദ്യമായി ആരംഭിച്ചത്.

സംസ്കൃത ഭാഷയും അതിന്റെ ശാഖകളും, ഇൻഡോളജി, ഇൻഡ്യൻ സംസ്കാരം, ഇൻഡ്യൻ ഭാഷകൾ, ഇൻഡ്യൻ തത്വചിന്ത, വിദേശ ഭാഷകൾ, സാമൂഹ്യശാസ്ത്രങ്ങൾ, ഭാരതീയ കലകൾ എന്നിവയിലെ ഉന്നത വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക എന്നതാണ് 1994 ആക്ടിലെ സെക്ഷൻ 5 പ്രകാരം സർവ്വകലാശാലയുടെ സ്ഥാപിത ലക്ഷ്യങ്ങളിൽ പ്രധാനം. പ്രാചീന താളിയോലകളുടെ ശേഖരണവും സംസ്കൃതത്തിലെയും മറ്റു ഭാഷകളിലെയും പുസ്തകങ്ങളുടെ പ്രസാധനവും ഇതിന്റെ സ്ഥാപിത ലക്ഷ്യങ്ങളാണ്. സംസ്ഥാനത്തൊട്ടാകെ അധികാരപരിധിയുള്ള ഈ സർവ്വകലാശാലയ്ക്ക് അഫിലിയേറ്റഡ് കോളേജുകൾ ഇല്ലെങ്കിലും കാലടിയിൽ ഒരു മുഖ്യകേന്ദ്രവും തിരുവനന്തപുരം, പന്മന, തുറവൂർ, ഏറ്റുമാനൂർ, തിരൂർ, കൊയിലാണ്ടി, പയ്യന്നൂർ എന്നിവിടങ്ങളിലായി ഏഴ് പ്രാദേശിക കേന്ദ്രങ്ങളുമുണ്ട്. തൃശ്ശൂരിൽ പ്രവർത്തിച്ചിരുന്ന പ്രാദേശിക കേന്ദ്രം 2021-22 സാമ്പത്തിക വർഷത്തോടെ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ട്. കാലടി മുഖ്യകേന്ദ്രത്തിൽ 23 പഠന വകുപ്പുകളും വിവിധ പഠന വകുപ്പുകളുടെ കീഴിൽ 4 പഠന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ബിരുദ, ബിരുദാനന്തര കോഴ്സുകൾക്കു പുറമെ ഗവേഷണ രംഗത്ത് എം.ഫിൽ, പി.എച്ച്.ഡി കോഴ്സുകൾക്കും സർവ്വകലാശാല സൗകര്യമൊരുക്കിയിട്ടുണ്ട്.

സർവ്വകലാശാലാ ഗ്രാന്റ്സ് കമ്മീഷന്റെ 2(f), 12 (B) അംഗീകാരങ്ങൾക്കു പുറമെ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് വിലയിരുത്തുന്ന ഏജൻസിയായ നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (NAAC) 'എ+' ഗ്രേഡ് അംഗീകാരവും സർവ്വകലാശാലയ്ക്കുണ്ട്. സംസ്ഥാനത്തെ സംസ്കൃത ഭാഷാ വികസന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായി സർവ്വകലാശാല പ്രവർത്തിച്ചുവരുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ സർവ്വകലാശാലയുടെ എല്ലാ വകുപ്പുകളുടെയും പ്രാദേശിക കേന്ദ്രങ്ങളുടെയും ഓഡിറ്റ് പൂർത്തിയാക്കി പുറപ്പെടുവിച്ച ഓഡിറ്റ് നോട്ട്സിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പിന്റെ പേര് | ഓഡിറ്റ് നോട്ട് നമ്പർ | അംഗീകരിച്ച തിയതി |
|---|---|---|---|
| 1 | സംസ്കൃത ജനറൽ വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-871/21 | 19.01.2022 |
| 2 | സംസ്കൃത സാഹിത്യം വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-12/22 | 26.02.2022 |
| 3 | സംസ്കൃത വ്യാകരണം വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-343/22 | 12.10.2022 |
| 4 | സംസ്കൃത വേദാന്തം വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-269/22 | 01.08.2022 |

| | | | |
|---|---|---|---|
| 5 | സംസ്കൃത ന്യായം വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-855(a)/21 | 10.12.2021 |
| 6 | സംഗീത വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-271/22 | 03.10.2022 |
| 7 | തിയറ്റർ വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-899/21 | 22.01.2022 |
| 8 | മോഹിനിയാട്ടം വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-44/22 | 10.02.2022 |
| 9 | ഭരതനാട്യം വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-270/22 | 10.08.2022 |
| 10 | ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-190/22 | 14.03.2022 |
| 11 | വാസ്തു വിദ്യ വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-421/22 | 25.07.2022 |
| 12 | സോഷ്യൽ വർക്ക് വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-427/22 | 29.08.2022 |
| 13 | ഇംഗ്ലീഷ് വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-414/22 | 22.07.2022 |
| 14 | ഹിന്ദി വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-817/21 | 10.12.2021 |
| 15 | മലയാളം വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-289/22 | 17.05.2022 |
| 16 | ജ്യോഗ്രഫി വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-228/22 | 02.04.2022 |
| 17 | ആയുർവേദ വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-415/22 | 29.07.2022 |
| 18 | പെയിന്റിംഗ് വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-200/22 | 18.03.2022 |
| 19 | ഹിസ്റ്ററി വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-898/21 | 19.01.2022 |
| 20 | ഫിലോസഫി വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-897/21 | 20.01.2022 |
| 21 | സോഷ്യോളജി വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-428/22 | 29.07.2022 |
| 22 | സൈക്കോളജി വകുപ്പ് | കെ.എസ്.എ/എസ്.എസ്.യു/എ3-233/22 | 06.04.2022 |
| 23 | സ്റ്റുഡന്റ്സ് സർവീസ് സെൽ | കെ.എസ്.എ/എസ്.എസ്.യു/എ3-429/22 | 03.10.2022 |
| 24 | തിരുവനന്തപുരം പ്രാദേശിക കേന്ദ്രം | കെ.എസ്.എ/എസ്.എസ്.യു/എ3-578/22 | 19.10.2022 |
| 25 | പന്മന പ്രാദേശിക കേന്ദ്രം | കെ.എസ്.എ/എസ്.എസ്.യു/എ3-639/22 | 13.12.2022 |
| 26 | ഏറ്റമാനൂർ പ്രാദേശിക കേന്ദ്രം | കെ.എസ്.എ/എസ്.എസ്.യു/എ3-514/22 | 20.10.2022 |

| | | | |
|---|---|---|---|
| 27 | തുറവൂർ പ്രാദേശിക കേന്ദ്രം | കെ.എസ്.എ/എസ്.എസ്.യു/എ3-598/22 | 05.12.2022 |
| 28 | തൃശ്ശൂർ പ്രാദേശിക കേന്ദ്രം | കെ.എസ്.എ/എസ്.എസ്.യു/എ3-687/22 | 03.01.2023 |
| 29 | കൊയിലാണ്ടി പ്രാദേശിക കേന്ദ്രം | കെ.എസ്.എ/എസ്.എസ്.യു/എ3-506/22 | 19.09.2022 |
| 30 | പയ്യന്നൂർ പ്രാദേശിക കേന്ദ്രം | കെ.എസ്.എ/എസ്.എസ്.യു/എ3-577/22 | 08.11.2022 |
| 31 | തിരൂർ പ്രാദേശിക കേന്ദ്രം | കെ.എസ്.എ/എസ്.എസ്.യു/എ3-507/22 | 24.09.2022 |
| 32 | ഉറുദു വകുപ്പ്<br>(കൊയിലാണ്ടി പ്രാദേശിക കേന്ദ്രം) | കെ.എസ്.എ/എസ്.എസ്.യു/എ3-508/22 | 27.08.2022 |

.

1-2 ബജറ്റ്

സർവ്വകലാശാലയുടെ 2020-21 വർഷത്തെ ബജറ്റ് 25.03.2020 ലും പുതുക്കിയ ബജറ്റ് 19.02.2021 ലും ചേർന്ന സിൻഡിക്കേറ്റ് യോഗങ്ങൾ യഥാക്രമം ഇനം 2, ഇനം 4 ആയി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് എസ്റ്റിമേറ്റ്, പരിഷ്കരിച്ച ബജറ്റ് എസ്റ്റിമേറ്റ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വരവ് | | ചെലവ് | |
|---|---|---|---|---|
| | ബജറ്റ് എസ്റ്റിമേറ്റ് | പരിഷ്കരിച്ച എസ്റ്റിമേറ്റ് | ബജറ്റ് എസ്റ്റിമേറ്റ് | പരിഷ്കരിച്ച എസ്റ്റിമേറ്റ് |
| 2020-21 | 1,30,53,55,000/- | 97,07,10,650/- | 1,43,75,73,000/- | 95,11,46,622/- |

പരിഷ്കരിച്ച ബജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ച വരവ് ചെലവുകളേക്കാൾ കുറവ് മാത്രമാണ് യഥാർത്ഥത്തിൽ ഉണ്ടായത്. വരവിൽ 3.18 കോടിയുടെയും ചെലവിൽ 1.74 കോടിയുടെയും കുറവുണ്ടായി. അതായത് യഥാർത്ഥ വരവ് ചെലവുകൾ പ്രതീക്ഷിത വരവ് ചെലവുകളുടെ യഥാക്രമം 96.72, 98.16 ശതമാനം മാത്രമാണ്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിലുള്ള വ്യതിയാനം ശീർഷകം തിരിച്ച് ചുവടെ ചേർക്കുന്നു.

| ശീർഷകം | വരവ് | | വ്യത്യാസം | ചെലവ് | | വ്യത്യാസം | മുൻവർഷത്തെ യഥാർത്ഥ വരവ് ചെലവ് കണക്കുകളെയും സ്ഥിതി വിവര കണക്കുകളെയും ആധാരമാക്കി യാഥാർത്ഥ്യ ബോധത്തോടെ |
|---|---|---|---|---|---|---|---|
| | പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥം | | പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥം | | |
| പദ്ധതിയേതര വിഹിതം | 65,29,50,650 | 65,92,08,809 | 62,58,159 | 66,49,08,622 | 61,90,98,842 | (-)4,58,09,780 | |
| പദ്ധതി വിഹിതം | 12,23,70,000 | 7,03,40,825 | (-)5,20,29,175 | 12,32,48,000 | 9,27,79,086 | (-)3,04,68,914 | |
| ഇയർ മാർക്ക്ഡ് ഫണ്ട് | 3,00,000 | 6,04,205 | 3,04,205 | 16,20,000 | 3,96,176 | (-)12,23,824 | |
| ഡെബ്റ്റ്സ്& | 19,50,90,000 | 20,86,90,281 | 1,36,00,281 | 16,13,70,000 | 22,13,87,392 | 6,00,17,392 | |

| | | | | | | | |
|---|---|---|---|---|---|---|---|
| ഡെപ്പോസിറ്റ്സ് | | | | | | | ബജറ്റ് |
| ആകെ | 97,07,10,650 | 93,88,44,120 | (-)3,18,66,530 | 95,11,46,622 | 93,36,61,496 | (-)1,74,85,126 | തയ്യാറാക്കുവാൻ |

ശ്രദ്ധിക്കേണ്ടതാണ്.

1-3 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക സർവകലാശാല അംഗീകരിച്ച തീയതി | വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 08.10.2021 | 31-07-2021 | 31.12.2021 | --- | --- |

1994 ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല നിയമം വകുപ്പ് 38(2) പ്രകാരം വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടത് സർവ്വകലാശാല രജിസ്ട്രാറുടെ ചുമതലയാണ്. കണക്കുകൾ സമർപ്പിക്കേണ്ട സമയ പരിധിയെപ്പറ്റി സർവ്വകലാശാലാ നിയമത്തിൽ പരാമർശമില്ലെങ്കിലും 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരവും, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15(3) പ്രകാരവും വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള സമയപരിധി അതാത് സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനുള്ളിൽ എന്നാണ്. പ്രസ്തുത നിയമ പ്രകാരം 2020-21 ലെ വാർഷിക കണക്കുകൾ സർവ്വകലാശാല തയ്യാറാക്കി സമർപ്പിക്കേണ്ടത് 31-07-2021 ന് മുൻപായിരുന്നു. എന്നാൽ കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയത് 31.12.2021 ൽ മാത്രമാണ്. വാർഷിക കണക്കുകൾ സമയപരിധിയ്ക്കുള്ളിൽ തയ്യാറാക്കുന്നതിനും സിൻഡിക്കേറ്റിൽ വച്ച് അംഗീകാരം നേടുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

.

1-4 സർവ്വകലാശാലയ്ക്ക് ലഭിച്ച വിവിധ ധനസഹായങ്ങൾ

2020-21 സാമ്പത്തിക വർഷത്തിൽ സർവ്വകലാശാലയ്ക്ക് ലഭിച്ച ധനസഹായങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതിയേതര ധനസഹായം

2. സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം

3. പ്രത്യേക ആവശ്യങ്ങൾക്കുള്ള ധനസഹായം

4. മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം

## 1.4.1 സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതിയേതര ധനസഹായം

2020-21 വർഷം പദ്ധതിയേതര ധനസഹായമിനത്തിൽ 62,78,58,000/- രൂപ സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സർക്കാർ ഉത്തരവ് നമ്പരും തീയതിയും | തുക (രൂപ) | ട്രഷറിയുടെ പേര് |
|---|---|---|---|
| 1 | ജി.ഒ.(ആർടി)നം.538/2020/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി 23.04.2020 | ₹5,23,00,000/- | സബ്ട്രഷറി, അങ്കമാലി |
| 2 | ജി.ഒ.(ആർടി)നം.641/2020/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി 21.05.2020 | ₹5,23,00,000/- | സബ്ട്രഷറി, അങ്കമാലി |
| 3 | ജി.ഒ.(ആർടി)നം.851/2020/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി 24.06.2020 | ₹5,23,00,000/- | സബ്ട്രഷറി, അങ്കമാലി |
| 4 | ജി.ഒ.(ആർടി)നം.962/2020/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി 23.07.2020 | ₹5,23,00,000/- | സബ്ട്രഷറി, അങ്കമാലി |
| 5 | ജി.ഒ.(ആർടി)നം.1033/2020/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി 17.08.2019 | ₹5,23,00,000/- | സബ്ട്രഷറി, അങ്കമാലി |
| 6 | ജി.ഒ.(ആർടി)നം.1182/2020/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി 23.09.2020 | ₹5,23,00,000/- | സബ്ട്രഷറി, അങ്കമാലി |
| 7 | ജി.ഒ.(ആർടി)നം.1313/2020/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി 10.11.2020 | ₹5,23,00,000/- | സബ്ട്രഷറി, അങ്കമാലി |
| 8 | ജി.ഒ.(ആർടി)നം.1448/2020/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി 19.11.2020 | ₹5,23,00,000/- | സബ്ട്രഷറി, അങ്കമാലി |
| 9 | ജി.ഒ.(ആർടി)നം.1559/2020/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി 17.12.2020 | ₹5,23,00,000/- | സബ്ട്രഷറി, അങ്കമാലി |
| 10 | ജി.ഒ.(ആർടി)നം.122/2021/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി 22.01.2021 | ₹5,23,00,000/- | സബ്ട്രഷറി, അങ്കമാലി |
| 11 | ജി.ഒ.(ആർടി)നം.342/2021/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി 22.02.2021 | ₹5,23,00,000/- | സബ്ട്രഷറി, അങ്കമാലി |
| 12. | ജി.ഒ.(ആർടി)നം.480/2021/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി 17.03.2021 | ₹5,25,58,000/- | സബ്ട്രഷറി, അങ്കമാലി |
| | 2020-21 സാമ്പത്തിക വർഷം ആകെ ലഭിച്ച പദ്ധതിയേതര ധനസഹായം | ₹62,78,58,000/- | |

### 1.4.2 സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം

2020-21 വർഷം പദ്ധതി ധനസഹായമിനത്തിൽ 7,03,40,825/- രൂപ സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർക്കാർ ഉത്തരവ് നമ്പരും തീയതിയും | തുക | ട്രഷറിയുടെ പേര് |
|---|---|---|---|
| 1 | ജി.ഒ. (ആർ.ടി) നം.1202/2020/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി 29.09.2020 | 4,12,50,000/- | സബ് ട്രഷറി, അങ്കമാലി |
| 2 | ജി.ഒ. (ആർ.ടി) നം.512/2021/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി 23.03.2021 | 2,90,90,825/- | “ |
| | 2020-21 സാമ്പത്തിക വർഷം ലഭിച്ച ആകെ പദ്ധതി വിഹിത ധനസഹായം | 7,03,40,825/- | |

### 1.4.3 പ്രത്യേക ആവശ്യങ്ങൾക്കുള്ള ധനസഹായം

| ക്രമ നം. | ഫണ്ടിംഗ് ഏജൻസി | തുക | വരവ് വന്ന ട്രഷറി / ബാങ്ക് |
|---|---|---|---|
| 1. | ICHR (Indian Council for Historical Research) | 1,89,000/- | യൂണ്യൻ ബാങ്ക് ഓഫ് ഇൻഡ്യ A/c No. 14001 |
| 2. | KCHR (Kerala Council for Historical Research) | 89,805/- | യൂണ്യൻ ബാങ്ക് ഓഫ് ഇൻഡ്യ A/c No. 14001 |
| 3. | NSS Activities & Camping Program | 1,23,000/- | യൂണ്യൻ ബാങ്ക് ഓഫ് ഇൻഡ്യ A/c No. 14001 |
| 4. | KSCSTE | 2,02,400/- | യൂണ്യൻ ബാങ്ക് ഓഫ് ഇൻഡ്യ A/c No. 14001 |
| | ആകെ തുക | **6,04,205/-** | |

1-5 അക്കൗണ്ടിംഗ് സംവിധാനത്തിലെ പോരായ്മകൾ

ബജറ്റ്, ധനാഗമം, ധനവിനിയോഗം എന്നിവ നിയന്ത്രിക്കാനാവശ്യമായ ചട്ടങ്ങളും മാന്വലുകളും സർവ്വകലാശാല ഇതുവരെയും രൂപീകരിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കൽ, ധനവിനിയോഗം എന്നിവ സംബന്ധിച്ച് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടിലും ആക്ടിലും പ്രത്യേക പരാമർശങ്ങളില്ല. കേരള ഫിനാൻഷ്യൽ

കോഡ്, ബജറ്റ് മാന്വൽ, ട്രഷറി കോഡ്, അക്കൗണ്ട് കോഡ് എന്നിവയിലെ നിർദ്ദേശങ്ങൾക്ക് ആവശ്യമായ ഭേദഗതി വരുത്തി സർവ്വകലാശാലയുടെ സാമ്പത്തിക ഇടപാടുകൾ ക്രമപ്പെടുത്താവുന്നതാണെന്ന സിൻഡിക്കേറ്റ് തീരുമാനപ്രകാരമാണ് ധന സംബന്ധമായ ഇടപാടുകൾ ക്രമപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കൃത്യമായ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അഭാവത്തിൽ സർവ്വകലാശാലയിലെ അക്കൗണ്ടിംഗ് യഥാർത്ഥ ധനവിനിയോഗത്തെ പ്രതിഫലിപ്പിക്കുന്നില്ല. നിലവിലെ ധനമാനേജ്മെന്റ് സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. ഫണ്ടുകളുടെ ധനവിനിയോഗം നിരീക്ഷിക്കുന്നതിനായി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ ഓരോ ഇനങ്ങളിലുമുള്ള ചെലവും നീക്കിയിരിപ്പും പ്രത്യേകം നിരീക്ഷിക്കുവാനും ഫണ്ടുകളുടെ വകമാറ്റൽ തിരിച്ചറിയുവാനും സാധിക്കുന്നില്ല.

2. സർവ്വകലാശാല ഓഡിറ്റിനായി സമർപ്പിച്ചിട്ടുള്ള വാർഷിക കണക്കുകൾ വരവ്, ചെലവ്, നീക്കിയിരുപ്പ് എന്ന രീതിയിൽ സിംഗിൾ എൻട്രി സമ്പ്രദായത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. ഡബിൾ എൻട്രി അക്കൗണ്ടിങ് സമ്പ്രദായത്തിലുള്ള ട്രയൽ ബാലൻസ്, ലെഡ്ജർ, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലെഡ്ജർ തയ്യാറാക്കാത്തതിനാൽ എല്ലാ വരവ് – ചെലവുകളും അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് ഓഡിറ്റിൽ ഉറപ്പാക്കാനും സാധിച്ചിട്ടില്ല.

3. ആസ്തി – ബാധ്യതാ പത്രിക പരിശോധനയ്ക്കായി സമർപ്പിച്ചില്ല . സർവ്വകലാശാലയ്ക്കും, അനുബന്ധ കേന്ദ്രങ്ങൾക്കും സ്വന്തമായുള്ള ഭൂമി, കെട്ടിടങ്ങൾ എന്നിവയുടെ വില നിശ്ചയിക്കുകയോ, ആസ്തി രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

4. വിവിധ വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് പത്രിക തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ആയതിനാൽ ഓരോ ഇനത്തിലും തൻവർഷം പിരിഞ്ഞുകിട്ടാനുള്ള തുക, മുൻവർഷങ്ങളിൽ കുടിശ്ശിക നിൽക്കുന്ന തുക എന്നിവ സംബന്ധിച്ച് സർവ്വകലാശാലയിൽ കൃത്യമായ രേഖകളില്ല.

1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സർവകലാശാലയ്ക്ക് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം 21 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. തനതു വരുമാനം കണക്കാക്കിയ പത്രിക **അനുബന്ധം-4** ൽ ചേർത്തിട്ടുണ്ട്.

| തനത് വരുമാനം | | മുൻപത്തെ അപേക്ഷിച്ച് തൻവർഷ വരവ് വ്യത്യാസം (+/-%) |
|---|---|---|
| മുൻവർഷം (2019-20) | തൻവർഷം (2020-21) | |
| 3,68,51,928/- | 2,91,05,351/- | (-) 77,46,577/- |

.

1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് നടത്തിയ ഏജൻസി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| 1. | അക്കൗണ്ടന്റ് ജനറൽ | 2020-21 | Au.I/AMG II(HQ)III/II/HE/Uty/19-13/ 21-22/287 തിയതി 21.03.2022 |

| | | | |
|---|---|---|---|
| | | | |

.

1-8 ഇന്റേണൽ ഓഡിറ്റ് സംവിധാനം സർവ്വകലാശാലയിൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല

വിവിധ വകുപ്പുകൾ/സ്ഥാപനങ്ങളിൽ ഇന്റേണൽ ഓഡിറ്റ് നടത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കികൊണ്ട് സംസ്ഥാന സർക്കാർ 33/2011/ഫിൻ തീയതി 04/06/2011 നമ്പർ ആയി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ (ഐ.എ) നിർദ്ദേശം അനുസരിച്ച് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ആഭ്യന്തര ഓഡിറ്റ് വിഭാഗം രൂപീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും കേരള സർക്കാർ ധനകാര്യ (ഐ.എ.സി.) വിഭാഗം 2008-ൽ പുറത്തിറക്കിയ 'Hand book of guidelines of internal audit' ലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഇന്റേണൽ ഓഡിറ്റ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. സർവ്വകലാശാലയിൽ ഇന്റേണൽ ഓഡിറ്റ് വിഭാഗം ഫലപ്രദമായി പ്രവർത്തിക്കാത്തതിനാൽ ആഭ്യന്തര നിയന്ത്രണത്തിൽ ഉണ്ടാകുന്ന ന്യൂനതകൾ ചൂണ്ടി കാണിക്കാനോ പരിഹാരം നിർദ്ദേശിക്കാനോ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു.

23 പഠനവകുപ്പുകൾ 7 പ്രാദേശിക കേന്ദ്രങ്ങൾ മറ്റ് ഓഫീസുകൾ എന്നിവ ഉൾപ്പെടുന്ന സർവ്വകലാശാലയിൽ കണക്ക സൂക്ഷിപ്പുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ എന്നിവ പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ നിർദ്ദേശിക്കുകയും പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി മോണിറ്ററിംഗ് കമ്മിറ്റിയ്ക്ക് മുമ്പാകെ സമർപ്പിക്കുകയും ചെയ്യുക എന്നതാണ് ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിന്റെ പ്രധാന ചുമതല.

വൈസ് ചാൻസലർ, പ്രോവൈസ് ചാൻസലർ, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ രണ്ട് സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതാണ് മോണിറ്ററിംഗ് കമ്മിറ്റി. ഫിനാൻസ് ഓഫീസർ കൺവീനർ ആയ കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ പ്രവർത്തനം വിലയിരുത്തേണ്ടതും കമ്മിറ്റിയിലെ തീരുമാനങ്ങൾ അടങ്ങുന്ന മിനിറ്റ്സിന്റെ പകർപ്പ് ബന്ധപ്പെട്ട ഓഫീസുകളിൽ അയച്ചുകൊടുക്കേണ്ടതുമാണ്. കൂടാതെ സർവ്വകലാശാല അധികാരികൾ പ്രത്യേകമായി ചുമതലപ്പെടുത്തുന്ന പരിശോധനകളുടെ റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുക, സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ സർവ്വീസ് ബുക്ക് പരിശോധിക്കുകയും അപാകതകൾ ചൂണ്ടികാണിക്കുകയും പരിഹരിക്കുന്നതിനുവേണ്ട തുടർപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക എന്നിവയും ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിന്റെ ചുമതലയാണ്.

സർവ്വകലാശാലയുടെ 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സർവ്വകലാശാലയുടെ വിവിധ വകുപ്പുകളിലും പ്രാദേശിക കേന്ദ്രങ്ങളിലും സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധന നടത്തിയതിൽ വകുപ്പുകളിലോ പ്രാദേശിക കേന്ദ്രങ്ങളിലോ സർവ്വകലാശാലയുടെ ഇന്റേണൽ ഓഡിറ്റ് സംവിധാനം പരിശോധന നടത്തിയതായി കാണുന്നില്ല. സർവ്വകലാശാലയുടെ പൊതുവായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരാജയമാണിത് സൂചിപ്പിക്കുന്നത്.

ഇന്റേണൽ ഓഡിറ്റ് സംവിധാനം കാര്യക്ഷമമായി കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി സർവ്വകലാശാലയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-9 ഇ-ഗ്രാന്റ്സ് അക്കൗണ്ടിന്റെ പരിപാലനം സംബന്ധിച്ച്

സർവ്വകലാശാലയുടെ വിവിധ വകുപ്പുകളിലെയും പ്രാദേശിക കേന്ദ്രങ്ങളിലെയും ഇ-ഗ്രാന്റ്സ് അക്കൗണ്ട് പരിശോധിച്ച് പൊതുവായ വിവരം ചുവടെ ചേർക്കുന്നു

**1.** ഇ-ഗ്രാന്റ്സ് അക്കൗണ്ടിലെ വരവും വിനിയോഗവും നിരീക്ഷിക്കുന്നതിന് ക്യാഷ് ബുക്ക്/രജിസ്റ്റർ എഴുതി

സൂക്ഷിക്കേണ്ടതാണ്. ഇ-ഗ്രാന്റ്സ് വരവു തുകകളുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുമ്പോൾ ഏതൊക്കെ വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് / എ.ബി.എൽ.സി / ഹോസ്റ്റൽ വാടക തുടങ്ങിയ വിവരങ്ങളും ചെക്ക് നമ്പരും ആരുടെ പേർക്കാണ് ചെക്ക് നൽകുന്നതെന്നുള്ള വിവരവും ഉൾപ്പെടുത്തേണ്ടതാണ്.

**2.** ഓരോ വകുപ്പും എസ്.ബി.ഐ ശാഖയിലുള്ള അതിന്റെ ഒരു പ്രത്യേക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന ഇ-ഗ്രാന്റ്സ് തുക വകുപ്പിന്റെ ജനറൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് അവിടെ നിന്നും ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ വാടക എന്നിവ സർവ്വകലാശാലയുടെ ഫിനാൻസ് ഓഫീസർക്ക് നൽകുന്ന രീതിയാണ് നിലവിലുള്ളത്. എ.ബി.എൽ.സി തുക ഹോസ്റ്റൽ വാർഡന് നൽകുന്നതും, വിദ്യാർത്ഥികളുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നതും ഇപ്രകാരമാണ്. ഇ-ഗ്രാന്റ്സിനായി പ്രത്യേകം ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ നിന്നും വകുപ്പിന്റെ ജനറൽ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്ത് അവിടെ നിന്നും വിതരണം ചെയ്യുന്നത് തെറ്റായ നടപടിയാണ്. ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ ചെക്ക് ഫെസിലിറ്റി ഉള്ളതിനാൽ സർക്കാരിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റ് തുക ജനറൽ അക്കൗണ്ടിൽ നിക്ഷേപിക്കാതെ തന്നെ ചെക്ക് മുഖാന്തരം നേരിട്ട് ഫിനാൻസ് ഓഫീസർക്കും , ഹോസ്റ്റൽ വാർഡനും, വിദ്യാർത്ഥികൾക്കും നൽകേണ്ടതാണ്.

**3.** വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ഇ-ഗ്രാന്റ്സ് ആയി സർവ്വകലാശാലയിൽ ലഭിക്കുന്ന തുക വിദ്യാർത്ഥികൾക്ക് നൽകുമ്പോൾ ഫീസ്/ഹോസ്റ്റൽ വാടക എന്നിവയ്ക്ക് രസീതുകൾ എഴുതി രസീത് ബുക്കിൽ തന്നെ സൂക്ഷിക്കുകയും ടി തുക monthly collection നോടൊപ്പം ഫിനാൻസ് ഓഫീസർക്ക് നൽകുകയുമാണ് ചെയ്യുന്നത്. ഇ-ഗ്രാന്റ്സ് മുഖാന്തരം ലഭിക്കുന്ന തുകകൾക്ക് വകുപ്പുകളിൽ പ്രത്യേക രസീത് എഴുതേണ്ടതില്ല. ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ നിന്ന് ചെക്ക് മുഖാന്തരം ഫിനാൻസ് ഓഫീസർക്ക് നൽകുന്ന തുകയോടൊപ്പം വിദ്യാർത്ഥികളുടെ പേര് കോഴ്സ് ഫീസ് സംബന്ധിച്ച വിവരങ്ങളും അടങ്ങുന്ന പത്രിക തയ്യാറാക്കി നൽകേണ്ടതാണ്.

4. ഇ-ഗ്രാന്റ്സിനായുള്ള അക്കൗണ്ടിൽ ബാങ്ക് ചാർജ്ജ് ഇനത്തിൽ തുക ഈടാക്കുന്നുണ്ട്. സർക്കാർ ഗ്രാന്റ് ക്രെഡിറ്റ് ചെയ്യുന്ന അക്കൗണ്ട് ആയതിനാലും കുട്ടികളുടെ ഫീസ്, ഹോസ്റ്റൽ വാടക, മെസ്സ് ഫീസ് എന്നിവ നൽകുന്ന അക്കൗണ്ട് ആയതിനാലും ബാങ്ക് ചാർജ്ജ് ഈടാക്കുമ്പോൾ ആയത് കുട്ടികളുടെ ആനുകൂല്യത്തിൽ നിന്നാണ് കുറവ് ചെയ്യപ്പെടുന്നത്. ജി.ഒ എം.എസ് നം 101/2008/എസ്.സി/എസ്.ടി തീയതി 20.10.2008 പ്രകാരം ഇ-ഗ്രാന്റ്സ് അക്കൗണ്ട് കറന്റ് അക്കൗണ്ട് ആയി ആരംഭിച്ചിട്ടുള്ളതിനാൽ പലിശയും ലഭിക്കുന്നില്ല. ഗവൺമെന്റ് ഗ്രാന്റുകൾ സൂക്ഷിക്കുന്ന അക്കൗണ്ടുകളിൽ നിന്നും ബാങ്ക് ചാർജ്ജ് ഈടാക്കരുതെന്ന് സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ട്. ആയതിനാൽ ഈടാക്കപ്പെട്ട ബാങ്ക് ചാർജ്ജ് ഇ-ഗ്രാന്റ്സ് അക്കൗണ്ടിലേയ്ക്ക് തിരികെ ലഭ്യമാക്കാൻ ബന്ധപ്പെട്ട അധികാരികൾ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
ചില വകുപ്പുകളിലെയും പ്രാദേശിക കേന്ദ്രങ്ങളിലെയും ഇ-ഗ്രാന്റ്സിനായുള്ള ബാങ്ക് അക്കൗണ്ടിൽ നിന്ന് 2020-21 വർഷം ഈടാക്കിയ ബാങ്ക് ചാർജ്ജിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പിന്റെ പേര് | അക്കൗണ്ട് കീപ്പിംഗ് ചാർജ്ജ് | മിനിമം ബാലൻസ് ഇല്ലാത്തതിനാൽ ഉള്ള ചാർജ്ജ് | കേരള ഫ്ലഡ് സെസ്സ് | ആകെ തുക |
|---|---|---|---|---|---|
| 1 | പന്മന പ്രാദേശിക കേന്ദ്രം | 654.50 | 1190.00 | -- | 1844.50 |
| 2 | തിരുവനന്തപുരം പ്രാദേശിക | 654.50 | -- | 5.50 | 660.00 |

| | | | | | |
|---|---|---|---|---|---|
| | കേന്ദ്രം | | | | |
| 3 | ഹിസ്റ്ററി വകുപ്പ് | 654.50 | -- | 5.50 | 660.00 |
| 4 | ഹിന്ദി വകുപ്പ് | 660.00 | -- | -- | 660.00 |
| 5 | സൈക്കോളജി വകുപ്പ് | 660.00 | -- | -- | 660.00 |
| 6 | മോഹിനിയാട്ടം വകുപ്പ് | 660.00 | -- | -- | 660.00 |
| 7 | ഫിലോസഫി വകുപ്പ് | 654.50 | -- | 5.50 | 660.00 |
| 8 | ഏറ്റമാനൂർ പ്രാദേശിക കേന്ദ്രം | 654.50 | -- | 5.50 | 660.00 |
| 9 | കൊയിലാണ്ടി പ്രാദേശിക കേന്ദ്രം | 654.50 | -- | 5.50 | 660.00 |
| 10 | ജ്യോഗ്രഫി വകുപ്പ് | 660.00 | -- | -- | 660.00 |
| 11 | ഫിസിക്കൽ എഡ്യുക്കേഷൻ വകുപ്പ് | 664.60 | -- | -- | 664.60 |
| 12 | സംസ്കൃത ജനറൽ വകുപ്പ് | 654.50 | -- | 5.50 | 660.00 |
| 13 | പെയിന്റിംഗ് വകുപ്പ് | 660.00 | -- | -- | 660.00 |
| 14 | തിയറ്റർ വകുപ്പ് | 649.00 | 590.00 | 15.50 | 1254.50 |
| | | | | ആകെ | 11,023.60 |

5. ഇ-ഗ്രാന്റ്സ് തുക വിതരണം ചെയ്തിട്ടില്ല

സർക്കാർ ഗ്രാന്റ് ലഭ്യമായാൽ ആയത് ശരിയായ രീതിയിലും, പൂർണ്ണമായും വിനിയോഗിക്കേണ്ടത് വകുപ്പ് തലവന്റെ ഉത്തരവാദിത്വമാണെന്ന് KFC പാർട്ട് 1, ആർട്ടിക്കിൾ 210 -ൽ വ്യക്തമാക്കുന്നുണ്ട്. അതുപോലെ സർക്കാരിൽ നിന്നും ഗ്രാന്റുകൾ കിട്ടിയാൽ അതിന്റെ വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് മൂന്നു മാസങ്ങൾക്കുള്ളിൽ വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ലഭ്യമായ ഗ്രാന്റ് ഒരു വർഷത്തിനുള്ളിൽ ചെലവഴിക്കണമെന്നും ആർട്ടിക്കിൾ അനുശാസിക്കുന്നുണ്ട്. പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിതരണം ചെയ്യാനായി സർക്കാർ നൽകുന്ന ഫണ്ടുകൾ കൃത്യമായി വിതരണം ചെയ്യാതിരിക്കുന്നത് നീതിയുക്തമല്ല. വിവിധ വകുപ്പുകളിലെയും പ്രാദേശിക കേന്ദ്രങ്ങളിലെയും ഇ-ഗ്രാന്റ്സ് ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ 31.03.2021 ൽ 36,63,167/- രൂപ നീക്കിയിരുപ്പുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പിന്റെ പേര് | ബാങ്ക് അക്കൗണ്ട് നം.(എസ്.ബി.ഐ) | ബാങ്ക് സ്ക്രോൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക (31.03.2021) | അക്കൗണ്ട്സ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക (31.03.2021) | വ്യത്യാസം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സംസ്കൃത ജനറൽ വകുപ്പ് | 34251369592 | 2,29,183.00 | 2,29,183.00 | 0.00 |
| 2 | സംസ്കൃത സാഹിത്യം വകുപ്പ് | 32721011608 | 1,51,039.00 | 1,99,279.00 | 48,240.00 |
| 3 | സംസ്കൃത വ്യാകരണം വകുപ്പ് | 32721012272 | 29,826.00 | 29,166.00 | 660.00 |
| 4 | സംസ്കൃത വേദാന്തം വകുപ്പ് | 32721012931 | 1,30,805.50 | 1,30,805.50 | 0.00 |
| 5 | സംസ്കൃത ന്യായം വകുപ്പ് | 32721010999 | 77,253.00 | 77,253.00 | 0.00 |
| 6 | സംഗീത വകുപ്പ് | 32721010058 | 1,42,487.00 | 1,42,487.00 | 0.00 |
| 7 | തിയറ്റർ വകുപ്പ് | 33175279012 | 17,786.00 | 17,786.00 | 0.00 |
| 8 | മോഹിനിയാട്ടം വകുപ്പ് | 32720970381 | 4,62,859.00 | 4,62,859.00 | 0.00 |
| 9 | ഭരതനാട്യം വകുപ്പ് | 38720352124 | 3,00,657.60 | 3,00,657.60 | 0.00 |
| 10 | ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് | 33175275449 | 94,107.50 | 94,107.50 | 0.00 |
| 11 | സോഷ്യൽ വർക്ക് വകുപ്പ് | 32721008822 | 1,62,991.00 | 1,62,991.00 | 0.00 |
| 12 | ഇംഗ്ലീഷ് വകുപ്പ് | 32721006697 | 38,726.00 | 38,726.00 | 0.00 |
| 13 | ഹിന്ദി വകുപ്പ് | 32721013479 | 55,666.00 | 55,666.00 | 0.00 |
| 14 | മലയാളം വകുപ്പ് | 32721002183 | 70,862.00 | 70,862.00 | 0.00 |
| 15 | ജ്യോഗ്രഫി വകുപ്പ് | 32721007942 | 1,70,374.00 | 1,14,550.00 | 55,824.00 |

| | | | | | |
|---|---|---|---|---|---|
| 16 | പെയിന്റിംഗ് വകുപ്പ് | 32721002183 | 7,85,470.50 | 7,85,470.50 | 0.00 |
| 17 | ഹിസ്റ്ററി വകുപ്പ് | 32721010592 | 1,07,255.00 | 1,07,255.00 | 0.00 |
| 18 | ഫിലോസഫി വകുപ്പ് | 33175279498 | 15,762.00 | 15,762.00 | 0.00 |
| 19 | സോഷ്യോളജി വകുപ്പ് | 32721008447 | 50,655.00 | 50,655.00 | 0.00 |
| 20 | സൈക്കോളജി വകുപ്പ് | 32721009451 | 1,14,550.00 | 1,48,538.00 | 33,988.00 |
| 21 | തിരുവനന്തപുരം പ്രാദേശിക കേന്ദ്രം | 30838593073 | 1,37,030.50 | 1,37,030.50 | 0.00 |
| 22 | പന്മന പ്രാദേശിക കേന്ദ്രം | 30859595917 | 76,456.50 | 76,456.50 | 0.00 |
| 23 | ഏറ്റമാനൂർ പ്രാദേശിക കേന്ദ്രം | 30961434329 | 87.00 | 24,587.00 | 24,500.00 |
| 24 | തുറവൂർ പ്രാദേശിക കേന്ദ്രം | 30554673585 | 79,455.92 | 79,455.92 | 0.00 |
| 25 | കൊയിലാണ്ടി പ്രാദേശിക കേന്ദ്രം | 30855717067 | 1,61,822.00 | 1,61,822.00 | 0.00 |
| | | ആകെ തുക | 36,63,167.02 | | |

മുകളിൽ സൂചിപ്പിച്ച പട്ടികയിലെ ക്രമ നം. 2,3,15,20,23 എന്നിവയിലെ തുകയിൽ വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

സർക്കാരിൽ നിന്നും ഇ-ഗ്രാന്റ്സ് വിതരണത്തിനായി ലഭിക്കുന്ന ധനസഹായം മറ്റൊരു അക്കൗണ്ടിലേക്ക് മാറ്റുന്നത് ക്രമവിരുദ്ധമാണ്. ആയതിനാൽ കുട്ടികൾക്ക് ഫീസ് ആനുകൂല്യമായി സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം വകുപ്പിന്റെ ജനറൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാതെ ഇ-ഗ്രാന്റ്സിനായി പ്രത്യേകം ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ നിന്ന് സമയബന്ധിതമായി ചെക്ക് മുഖാന്തിരം നേരിട്ട് ഫിനാൻസ് ഓഫീസർ, ഹോസ്റ്റൽ വാർഡൻ, വിദ്യാർത്ഥികൾ തുടങ്ങിയവർക്ക് നൽകാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-10 കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ ഫിറ്റ്നസ്സ് ഉപകരണങ്ങൾ ഉപയോഗയോഗ്യമാക്കേണ്ടതാണ്

സർവ്വകലാശാലയിൽ നിന്നും കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിന് 2012-ൽ അനുവദിച്ച ഫിറ്റ്നസ്സ് ഉപകരണങ്ങൾ 24.10.2012-ൽ ശ്രീ.ദിനേഷ് കുമാർ എന്ന കായിക അദ്ധ്യാപകന് കൈമാറിയിട്ടുണ്ട്. എന്നാൽ ടി അദ്ധ്യാപകൻ അവിടെ നിന്നും സ്ഥലം മാറിയ ശേഷം മറ്റ് അധ്യാപകരെ നിയമിക്കുകയോ വിദ്യാർത്ഥികൾക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുകയോ ചെയ്തിട്ടില്ല. 27.02.2020-ൽ പ്രസ്തുത ഉപകരണങ്ങൾ സർവ്വകലാശാലയ്ക്ക് തിരികെ കൈമാറുന്നതു സംബന്ധിച്ച് പ്രാദേശിക കേന്ദ്രം ഡയറക്ടറെ അറിയിച്ചതായി ഫയലിൽ കാണുന്നു. എന്നാൽ ആയതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ലക്ഷകണക്കിനു രൂപ വില വരുന്ന ഉപകരണങ്ങൾ തുരുമ്പു കയറി നശിക്കുകയാണ്.

ഓഡിറ്റ് അന്വേഷണം നം 10/26.07.22 പ്രകാരം ഈ വിവരം വകുപ്പ് മേധാവിയെ അറിയിച്ചിട്ടുള്ളതിന് മറുപടിയായി ഫിറ്റ്നെസ്സ് ഉപകരണങ്ങൾ സറണ്ടർ ചെയ്യണമെന്നുള്ളതിന് വ്യക്തമായ നിർദ്ദേശം ലഭിച്ചിരുന്നില്ല എന്നും ഒരു വിദഗ്ദാധ്യാപകന്റെ ലഭ്യതക്കായി സർവ്വകലാശാലയുമായി ബന്ധപ്പെട്ടെങ്കിലും നടപടികൾ ഉണ്ടായില്ല എന്നും അറിയിച്ചു.

ഫിറ്റ്നെസ്സ് ഉപകരണങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഇവ ഉപയോഗയോഗ്യമാക്കുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ അധികാരികളുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 ഉറുദു വകുപ്പിൽ വിദ്യാർത്ഥികളുടെ കുറവ് - നടപടികൾ സ്വീകരിക്കേണ്ടതാണ്

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ ഉറുദു ഡിപ്പാർട്ട്മെന്റിൽ ഉറുദുവിന് പോസ്റ്റ് ഗ്രാജ്വേറ്റ് വിഭാഗത്തിൽ 20 സീറ്റുകളാണ് ഉള്ളത്. ആയതിൽ 2020-21 ൽ ആരംഭിക്കുന്ന അദ്ധ്യയന വർഷത്തിൽ ഒന്നാം വർഷത്തിലേക്ക് പ്രവേശനം നേടിയത് ആകെ 9 വിദ്യാർത്ഥികൾ മാത്രമാണ്. എല്ലാ സർവ്വകലാശാലകളിലെയും ഗ്രാജ്വേറ്റ് റിസൽട്ട് വരുന്നതിനു മുമ്പ് അഡ്മിഷൻ നടത്തിയതു മൂലവും സമീപ പ്രദേശങ്ങളിലെ കോളേജുകളിൽ പ്രസ്തുത കോഴ്സ് ആരംഭിച്ചതു മൂലവും ആണ് ഇത്തരത്തിൽ സംഭവിച്ചത് എന്നു കാണുന്നു. ഒഴിവുകൾ നികത്തുന്നതിനായി ഒരു പുന:പരീക്ഷ നടത്തുന്നതിനുള്ള അനുമതിക്കായി വകുപ്പു മേധാവി 21.07.2022-ൽ ഉർദു/അക്കാദമിക്/119/22 നമ്പർ കത്ത് രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. പ്രാദേശിക കേന്ദ്രങ്ങളുടെ നിലനിൽപ്പിന് അവിടുത്തെ സ്റ്റുഡന്റ്സ് സ്ട്രെങ്ത്ത് ഒരു പ്രധാന ഘടകമാണെന്നിരിക്കെ ഈ വിഷയത്തിൽ അധികാരികൾ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

സ്പോട്ട് അഡ്മിഷൻ പോലുള്ള മാർഗ്ഗങ്ങളിൽ കൂടിയും പരമാവധി കുട്ടികൾക്ക് അവസരം നൽകുന്നതിന് ശ്രമിക്കാവുന്നതാണ്.

1-12 ഉറുദു കോഴ്സിനായി വാങ്ങിയ ലൈബ്രറി ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയില്ല

2020-21 വർഷത്തെ കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിന്റെ ലൈബ്രറിയുടെ അക്സഷെൻ രജിസ്റ്റർ പരിശോധിച്ചതിൽ 7.5.2020-ൽ രേഖപ്പെടുത്തിയിരിക്കുന്ന അക്സഷെൻ നം.021719 മുതൽ 022081 വരെയുള്ള 363 ബുക്കുകൾ Arshia Publications, Delhi എന്ന സ്ഥാപനത്തിൽ നിന്ന് 4.2.2012-ലെ ബിൽ നം.124 പ്രകാരം 50,000/- രൂപക്ക് ഉറുദു കോഴ്സിനായി വാങ്ങിയതാണ്. പ്രസ്തുത ബുക്കുകൾ വാങ്ങിയിരിക്കുന്നത് 2011-12 സാമ്പത്തിക വർഷമായിരുന്നു. എന്നാൽ ടി ബുക്കുകൾ 7.9.2020-വരെ ലൈബ്രറി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. 2011-12 വർഷം മുതൽ 2020 വർഷം വരെ ടി പുസ്തകങ്ങൾ വിദ്യാർത്ഥികൾ പഠനാവശ്യത്തിനായി എങ്ങനെ ഉപയോഗപ്പെടുത്തി എന്നും വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 9/26.07.22 ന് മറുപടി ലഭ്യമായിട്ടില്ല.

1-13 തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലെ ലൈബ്രറി- അക്സഷൻ രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിന്റെ ലൈബ്രറിയിലേക്കുള്ള ബുക്കുകൾ വാങ്ങിയതിന്റെ ഫയൽ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷമാണ് അവസാനമായി ബുക്കുകൾ വാങ്ങിയിരിക്കുന്നത്. എന്നാൽ അക്സഷൻ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം അവസാനത്തെ അക്സഷൻ നമ്പറായ 21575 രേഖപ്പെടുത്തിയിരിക്കുന്നത് 22.03.2022 ൽ ആണ്. ലൈബ്രറി ബുക്കുകളുടെ റീ-അക്സഷൻ നടത്തുകയാണെന്നും ആയത് പൂർത്തിയാക്കിയിട്ടില്ല എന്നും ആയതിനാലാണ് ടി തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്നും അറിയിച്ചു.

ലൈബ്രറി ബുക്കുകളുടെ ഭൗതിക പരിശോധന നടത്തിയതിൽ ഓരോ ബുക്കിലും 3 അക്സഷൻ നമ്പർ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഇത് സംബന്ധിച്ച അന്വേഷണം നടത്തിയപ്പോൾ ലൈബ്രറിയിൽ 3 സെറ്റ് അക്സഷൻ രജിസ്റ്റർ ഉണ്ടെന്ന് അറിയിച്ചു. പ്രാദേശിക കേന്ദ്രത്തിലെ ലൈബ്രറി ബുക്കുകളുടെ സ്റ്റോക്ക് പരിശോധന നടന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല. ലൈബ്രറിയിൽ എത്ര ബുക്കുകൾ നിലവിൽ ഉണ്ടെന്നോ നമ്പറിടാൻ ബാക്കിയുള്ള ബുക്കുകൾ എത്രയെന്നോ വ്യക്തമല്ല. ലൈബ്രറി ബുക്കുകൾ കൃത്യമായി ക്ലാസിഫൈ ചെയ്യുകയോ അവ കൃത്യമായി റാക്ക്/അലമാരയിൽ അടുക്കി വെക്കുകയോ ചെയ്തിട്ടില്ല. ടി പുസ്തകങ്ങൾ വിദ്യാർത്ഥികൾ പഠനാവശ്യത്തിനായി എങ്ങനെ ഉപയോഗപ്പെടുത്തി എന്ന് വ്യക്തമല്ല. ലൈബ്രറി ബുക്കുകളുടെ സ്റ്റോക്ക് പരിശോധന നടത്താത്തതിനാൽ പുസ്തകങ്ങളുടെ സ്റ്റോക്കിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ ലൈബ്രറി ബുക്കുകളുടെ സ്റ്റോക്ക് പരിശോധന അടിയന്തിരമായി നടത്തി സ്റ്റോക്ക് വേരിഫിക്കേഷൻ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം 9/26.07.22 ലൂടെ ഈ വിവരങ്ങൾ അറിയിച്ചിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

പ്രാദേശിക കേന്ദ്രത്തിലെ ലൈബ്രറി ബുക്കുകൾ നിരുത്തരവാദിത്തപരമായി കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് മുഖ്യ കാര്യാലയത്തിൽ നിന്ന് പ്രത്യേക അന്വേഷണം നടത്തേണ്ടതാണ്.

1-14 പന്മന പ്രാദേശിക കേന്ദ്രത്തിലെ ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ

(എ) വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ഇല്ല

പന്മന പ്രാദേശിക കേന്ദ്രത്തിലെ വിവിധ കോഴ്സുകളിൽ പഠിക്കുന്ന 50-ൽ കൂടുതൽ കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഇല്ല. ജില്ലയ്ക്ക് പുറത്തു നിന്നും, ജില്ലയിലെ വിദൂര പ്രദേശങ്ങളിൽ നിന്നും, പഠിക്കാൻ വരുന്ന കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം വളരെ അത്യാവശ്യമാണ്. സ്ഥാപനത്തിന്റെ വളർച്ചയ്ക്കും , കുട്ടികളെ കൂടുതൽ കോഴ്സുകളിലേക്ക് ആകർഷിക്കുന്നതിനും ഹോസ്റ്റൽ സൗകര്യം അത്യന്താപേക്ഷിതമാണ്. സർവ്വകലാശാല അധികൃതരുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

(ബി) പ്രാദേശിക കേന്ദ്രത്തിലെ ക്ലാസ്സ് മുറികൾ ശോചനീയവാസ്ഥയിൽ

പന്മന പ്രാദേശിക കേന്ദ്രത്തിന്റെ ഒന്നാം നിലയിലുള്ള ഒന്നാം വർഷ MA Hindi, MA Malayalam എന്നീ ക്ലാസ് മുറികൾ വളരെ ശോചനീയ അവസ്ഥയിലാണ്. സീലിംഗ് അടർന്ന് വീഴുന്നത് കൊണ്ട് നിലവിൽ മേൽ രണ്ട് ക്ലാസ് മുറികളും അടച്ചിട്ടിരിക്കുകയാണ് . ടൈൽസ് ഇളകി പലയിടത്തും കേടു വന്നിട്ടുമുണ്ട്. പരിശോധനയിൽ ടെറസിൽ വെള്ളം കെട്ടി നിന്ന് ഈർപ്പം വന്നത് കാരണം സീലിംഗ് അടർന്ന് വീഴുന്നതായി കാണുകയുണ്ടായി. 2016 ഫെബ്രുവരി 26-ന് ഉദ്ഘാടനം നിർവ്വഹിച്ച കെട്ടിടം 6 വർഷത്തിനുള്ളിൽ തന്നെ ഉപയോഗശൂന്യമായ തരത്തിൽ കേടുപാടുകൾ സംഭവിച്ചത് സംബന്ധിച്ച് സർവ്വകലാശാല ഭരണ വിഭാഗം അന്വേഷിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

(സി) കായിക ഉപകരണങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല

പന്മന പ്രാദേശിക കേന്ദ്രത്തിലെ കായിക ഉപകരണങ്ങൾ സൂക്ഷിക്കുന്ന മുറി പരിശോധിച്ചതിൽ ഉപകരണങ്ങൾ എല്ലാം തന്നെ മുറിയുടെ തറയിൽ ചിതറി കിടന്ന് പൊടി പിടിച്ച് നാശോന്മുഖമായ അവസ്ഥയിലാണ് കാണപ്പെടുന്നത്. ഇവ സൂക്ഷിക്കുന്നതിന് റാക്കുകളോ ഡെസ്കുകളോ മുറിയിൽ സജ്ജമാക്കിയിട്ടില്ല. വിദ്യാർത്ഥികൾ ഉപയോഗിച്ച ശേഷം അവ യഥാസ്ഥാനത്ത് വെക്കുന്നതിന്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുന്നതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/18.10.22) കായിക ഉപകരണങ്ങൾ സൂക്ഷിക്കുന്ന മുറിയിലെ സീലിംഗ് ഇളകി വീഴുന്നതുകൊണ്ടാണ് ഉപകരണങ്ങൾ പൊടി പിടിച്ചിരിക്കുന്ന അവസ്ഥയിലായതെന്നും ഇനി മുതൽ ഇതിനായി റാക്കുകൾ ഉപയോഗിക്കാമെന്നുമുള്ള മറുപടിയാണ് ലഭ്യമായിട്ടുള്ളത്. കായിക ഉപകരണങ്ങൾ സുരക്ഷിതമായ മുറിയിലേക്ക് മാറ്റി റാക്കുകളിൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 തൃശ്ശൂർ പ്രാദേശിക കേന്ദ്രം അധികൃതരുടെ അനാസ്ഥ കാരണം പ്രവർത്തനം അവസാനിപ്പിച്ചു

രണ്ട് വർഷമായി പ്രവേശനം നടക്കാത്ത തൃശ്ശൂർ പ്രാദേശിക കേന്ദ്രം അടച്ചു പൂട്ടി അധ്യാപകരെയും ജീവനക്കാരെയും ഫർണ്ണിച്ചർ , ലൈബ്രറി പുസ്തകങ്ങൾ അടക്കമുള്ള എല്ലാ വസ്തുവകകളും കാലടി മുഖ്യകേന്ദ്രത്തിലേയ്ക്കു മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കാൻ 15.01.2022 ൽ കൂടിയ 196-ാംമത്തെ സിൻഡിക്കേറ്റ് തീരുമാനിച്ചു.

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ തൃശ്ശൂർ പ്രാദേശിക കേന്ദ്രം 1996 മുതൽ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ പ്രവത്തിച്ചുവരുന്ന സ്ഥാപനമാണ്. ആദ്യം കോട്ടപ്പുറത്തുള്ള നമ്പൂതിരി വിദ്യാലയത്തിലും തുടർന്ന 2018 മുതൽ പടിഞ്ഞാറേ കോട്ടയിലുള്ള മുനിസിപ്പൽ ബിൽഡിംഗ് രണ്ടാം നിലയിലും പ്രവർത്തിച്ചു വരുന്നു. 50,000 രൂപയോളം പ്രതിമാസ വാടക നൽകിയാണ് കേന്ദ്രത്തിന്റെ പ്രവർത്തനം തുടർന്നു വന്നിരുന്നത്. ഇത്രയും വലിയ തുക വാടകയിനത്തിൽ നൽകി പ്രാദേശിക കേന്ദ്രം മുന്നോട്ടു കൊണ്ട് പോകേണ്ടതില്ലായെന്ന് യൂണിവേഴ്സിറ്റി തീരുമാനിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സ്വന്തമായി സ്ഥലവും കെട്ടിട സൗകര്യങ്ങളും കിട്ടുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ 2005 മുതൽ നടത്തി വരുന്നുണ്ടെങ്കിലും ആയത് നാളിതുവരെ സാധ്യമായിട്ടില്ലാത്തതിനാൽ സ്ഥാപനം പ്രവർത്തനം അവസാനിപ്പിക്കേണ്ടി വന്നു. 2005 മുതൽ പ്രാദേശിക കേന്ദ്രത്തിന്റെ ചുമതലയുള്ള വിവിധ ക്യാമ്പസ് ഡയറക്ടർമാർ ജില്ലാ കളക്ടർ, സമീപത്തുള്ള വിവിധ പഞ്ചായത്തുകൾ, വടക്കാഞ്ചേരി മുനിസിപ്പാലിറ്റി, തൃശ്ശൂർ കോർപ്പറേഷൻ, മഠങ്ങൾ, ആശ്രമങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവിടങ്ങളിൽ അഭ്യർത്ഥിക്കുകയും സ്ഥലം എം.എൽ.എ, എം.പി, കൃഷി വകുപ്പു മന്ത്രി, വ്യവസായ വകുപ്പു മന്ത്രി എന്നിവർക്കു നിവേദനങ്ങൾ നൽകുകയും ചെയ്തിട്ടുള്ളതായി ഫയൽ പരിശോധനയിൽ കാണുകയുണ്ടായി. എന്നാൽ ക്യാമ്പസ് ഡയറക്ടർമാർ അക്ഷീണം പ്രയത്നിച്ചിട്ടും സർവ്വകലാശാല അധികൃതർ മേൽ സ്ഥാപനങ്ങളിലേയ്ക്കോ വ്യക്തികൾക്കോ കത്തിടപാടുകൾ നടത്തുകയോ സ്ഥലം കണ്ടുപിടിക്കുന്നതിനോ വാടക കെട്ടിടം അന്വേഷിക്കുന്നതിനോ വേണ്ടിയുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നത് നിരാശാജനകമാണ്. അഭ്യർത്ഥനയും നിവേദനങ്ങളും ക്യാമ്പസ് ഡയറക്ടർമാർ സർവ്വകലാശാല അധികൃതർക്ക് അയച്ചു കൊടുക്കുമ്പോൾ ഉചിതമായ സ്ഥലവും കെട്ടിടവും കണ്ടുപിടിക്കുന്നതിന് ക്യാമ്പസ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവിടുകയാണ് സർവ്വകലാശാല അധികൃതർ ചെയ്തത് . ക്യാമ്പസ് ഡയറക്ടർമാർക്ക് സർക്കാരുമായി നേരിട്ട് ബന്ധപ്പെടാൻ സാധിക്കാത്തതിനാൽ ഇത്തരം കാര്യങ്ങളിൽ സർവ്വകലാശാല അധികൃതർ വളരെ സജീവമായി ഇടപെട്ടിരുന്നുവെങ്കിൽ ഒരു പക്ഷേ തൃശ്ശൂർ പ്രാദേശിക കേന്ദ്രം പ്രവർത്തനം അവസാനിപ്പിക്കേണ്ട സ്ഥിതി വിശേഷം സംജാതമാകുമായിരുന്നില്ല.

ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു-ന്റെ നേതൃത്വത്തിൽ ശ്രീ കൂടൽമാണിക്യം ദേവസ്വം അധികൃതരുമായി 31.05.2021-ന ദേവസ്വം മ്യൂസിയം ഓഫീസിൽ വച്ച് നടത്തിയ ചർച്ചയുടെ റിപ്പോർട്ടും ഫയലിലുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 02.06.2021-ന കൂടൽമാണിക്യം ദേവസ്വം വക സ്ഥലവും കെട്ടിടങ്ങളും സന്ദർശിക്കുകയുണ്ടായി. കൂടൽമാണിക്യം ദേവസ്വത്തിനു സമീപമുള്ള വിവിധ കെട്ടിടങ്ങൾ സന്ദർശിക്കുകയും ഓഫീസ്, ലൈബ്രറി, ഹോസ്റ്റൽ, സെമിനാർ ഹാൾ, വിശ്രമ മന്ദിരം എന്നിവയ്ക്കായി

ഉപയോഗിക്കാവുന്നവ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രതിമാസം 30,000/- രൂപ വാടക ദേവസ്വം അധികൃതർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പിന്നീടത് 15000/- രൂപയായി കുറച്ചിട്ടുണ്ട്. എന്നാൽ പിന്നീട് തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 2020, 2021 വർഷങ്ങളിലെ എം.എ. പ്രവേശനത്തിൽ നിന്നും തൃശ്ശൂർ കേന്ദ്രം ഒഴിവാക്കപ്പെട്ടതിനാൽ മേൽ സാധ്യതയും ഇല്ലാതായി. സർവ്വകലാശാല അധികൃതർ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവച്ചിരുന്നെങ്കിൽ തൃശ്ശൂർ പ്രാദേശിക കേന്ദ്രം നഷ്ടമാകില്ലായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

1-16 തൃശ്ശൂർ പ്രാദേശിക കേന്ദ്രത്തിലെ വസ്തു വകകളുടെ സംരക്ഷണം സംബന്ധിച്ച്

15.1.22 ലെ സിൻഡിക്കേറ്റിന്റെ 196-ാം യോഗ നടപടിക്രമം അനുസരിച്ച് തൃശ്ശൂർ പ്രാദേശിക കേന്ദ്രം പ്രവർത്തനം അവസാനിപ്പിക്കാൻ തീരുമാനിച്ചിരുന്നു. പ്രാദേശിക കേന്ദ്രത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങൾ, ലൈബ്രറിയിലെ പുസ്തകങ്ങൾ, ഫർണ്ണിച്ചറുകൾ, മറ്റു സാധന സാമഗ്രികൾ എന്നിവ എവിടേക്കാണ് മാറ്റിയിരിക്കുന്നത് എന്നും പഴയ സാധനങ്ങൾ വിൽപ്പന നടത്തിയിട്ടുണ്ടെങ്കിൽ അവയുടെ വിവരം, കൂടാതെ ഫയലുകൾ, രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/16.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രാദേശിക കേന്ദ്രത്തിൽ നിന്നും കൊണ്ടു വന്നിട്ടുള്ള വസ്തുക്കൾ കാലടി മുഖ്യ കാര്യാലയത്തിലെ മുറിയിൽ അലക്ഷ്യമായാണ് സൂക്ഷിച്ചിരിക്കുന്നത്. വസ്തുക്കൾ നിലവിലെ രീതിയിൽ തന്നെ സൂക്ഷിക്കുകയാണെങ്കിൽ മോട്ടോർ, ഫർണ്ണിച്ചറുകൾ, അലമാരകൾ തുടങ്ങി അനേകം സാധനങ്ങൾ തുരുമ്പെടുത്തും പൊടി പിടിച്ചും ഉപയോഗശൂന്യമാവുന്നതാണ്. ഉപയോഗ യോഗ്യമായ എല്ലാ സാധനങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി മറ്റു പ്രാദേശിക കേന്ദ്രങ്ങളിലേക്കോ മുഖ്യ കാര്യാലയത്തിലെ വകുപ്പുകൾക്കോ നൽകാവുന്നതാണ്. ഇതിനായി കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 158 പ്രകാരമുള്ള ഒരു സ്റ്റോക്ക് വേരിഫിക്കേഷൻ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. സർവ്വകലാശാലയുടെ അനുമതിയോടെ ഉപയോഗ്യശൂന്യമായവ ലേലം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്. പഴയ സാധനങ്ങൾ വിൽപ്പന നടത്തിയിട്ടുണ്ടെങ്കിൽ അവയുടെ വിശദ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ പ്രാദേശിക കേന്ദ്രത്തിലെ ഫയലുകൾ, രജിസ്റ്ററുകൾ, മറ്റു അനുബന്ധ രേഖകൾ എല്ലാം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ മേൽ നോട്ടത്തിൽ സ്റ്റോക്കിലെടുത്തു സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വകുപ്പിൽ നിന്ന് സർവ്വകലാശാലയിലേക്ക് ആഭ്യന്തര വരുമാനം അടവാക്കിയതിൽ കുറവ്/കൂടുതൽ

1. സംസ്കൃത ജനറൽ വകുപ്പ്

2020-21 വർഷത്തെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ വിവിധ മാസങ്ങളിലെ ആഭ്യന്തര വരുമാനം സർവ്വകലാശാലയിലേക്ക് അടവാക്കിയതിൽ കുറവുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | മാസം | കളക്ഷൻ തുക | അടവാക്കിയ തുക (ചെക്ക് നം/തിയതി) | കുറവ് തുക |
|---|---|---|---|---|
| 1 | 7/2020 | 5651.00 | 5501.00 (020709/5.8.20) | 150 |
| 2 | 10/2020 | 10541.00 | 9791.00 (020714/9.11.20) | 750 |

| | | | | |
|---|---|---|---|---|
| | | | ആകെ തുക | 900 |

30.11.2021 ൽ ഓഡിറ്റ് എൻക്വയറി നം. 7/20-21 നൽകിയതിന് ലഭിച്ച മറുപടിയിൽ ടി തുക നവംബർ മാസം നൽകിയെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ടി തുക അടച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ആയതിനാൽ കുറവായി അടവാക്കിയ 900/- രൂപ സർവ്വകലാശാലയിൽ അടവാക്കി രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആഭ്യന്തര വരുമാനം കൃത്യമായി സർവ്വകലാശാലയിലേക്ക് അടവാക്കുന്നുണ്ടെന്ന് അധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്.

2) ഇംഗ്ലീഷ് വകുപ്പ്

2020-21 സാമ്പത്തിക വർഷം സർവ്വകലാശാലയിൽ അടവാക്കിയ ആഭ്യന്തര വരുമാനം താഴെ സൂചിപ്പിക്കും പ്രകാരമാണ്.

| തീയതി | അടവാക്കിയ തുക | ആഭ്യന്തര വരുമാനത്തിന്റെ കാലയളവ് |
|---|---|---|
| 29.09.2020 | 3,04,396/- | ഏപ്രിൽ 2019 – ഡിസംബർ 2019 |
| 09.03.2021 | 2,45,254/- | ജനവരി 2020 – ജനവരി 2021 |

എന്നാൽ ആഭ്യന്തര വരുമാനം കണക്കാക്കിയതിൽ ചില മാസങ്ങളിൽ തുക കൂടുതൽ/കുറവ് ആണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

(a) 29.09.2020 ൽ അടച്ച തുക – 3,04,396/- (ഏപ്രിൽ 2019 – ഡിസംബർ 2019)

| മാസം | ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് തുക | ആഭ്യന്തര വരുമാനത്തിന്റെ പത്രിക പ്രകാരമുള്ള തുക | കൂടുതൽ /കുറവ് അടച്ച തുക |
|---|---|---|---|
| 04/2019 | 25,244 | 25,244 | 0 |
| 05/2019 | 13,325 | 13,325 | 0 |
| 06/2019 | 36,700 | 36,200 | 500 കുറവ് |
| 07/2019 | 70,852 | 77,077 | 6,225 കൂടുതൽ |
| 08/2019 | 17,675 | 17,675 | 0 |
| 09/2019 | 17,925 | 17,925 | 0 |
| 10/2019 | 22,275 | 22,275 | 0 |
| 11/2019 | 53,575 | 53,575 | 0 |
| 12/2019 | 41,100 | 41,100 | 0 |
| ആകെ തുക | **2,98,671** | **3,04,396** | **5,725 കൂടുതൽ** |

06/2019 ൽ 500/- രൂപ കുറവും 07/2019 ൽ 6,225/- രൂപ കൂടുതലും അടവാക്കിയതിന്റെ കാരണം

വ്യക്തമാക്കേണ്ടതാണ്.

(b) 09.03.2021 ൽ അടച്ച തുക – 2,45,254/- (ജനവരി 2020 – ജനവരി 2021)

0

| മാസം | ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് തുക | ആഭ്യന്തര വരുമാനത്തിന്റെ പത്രിക പ്രകാരമുള്ള തുക | കൂടുതൽ അടച്ച തുക | കുറവ് അടച്ച തുക |
|---|---|---|---|---|
| 01/2020 | 34,421 | 36,946 | 2,525 | 0 |
| 02/2020 | 40,525 | 38,400 | 0 | 2,125 |
| 03/2020 | 15,125 | 15,125 | 0 | |
| 04/2020 | 1,540 | 1,540 | 0 | 0 |
| 05/2020 | 0 | 0 | 0 | 0 |
| 06/2020 | 16,525 | 17,025 | 500 | 0 |
| 07/2020 | 3,304 | 2,804 | 0 | 500 |
| 08/2020 | 20,800 | 20,800 | 0 | 0 |
| 09/2020 | 6,450 | 14,950 | 8,500 | 0 |
| 10/2020 | 40,162 | 31,662 | 0 | 8500 |
| 11/2020 | 12,600 | 29,600 | 17,000 | 0 |
| 12/2020 | 28,950 | 9,150 | 0 | 19800 |
| 01/2021 | 27,252 | 27,252 | 0 | 0 |
| ആകെ തുക | **2,47,654** | **2,45,254** | **28,525** | **30,925** |

ആഭ്യന്തര വരുമാനം കൃത്യമായി കണക്കാക്കി കൃത്യ സമയത്ത് അടവാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കുറവായി അടച്ച (28525-30925) 2,400/- രൂപ അടക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

2-2 ആഭ്യന്തര വരുമാനം സർവ്വകലാശാലയിലേക്ക് വൈകി അടവാക്കിയത്

1) ഇംഗ്ലീഷ് വകുപ്പ്

01.04.2020 മുതൽ 31.03.2021 വരെയുള്ള കാലയളവിൽ ആഭ്യന്തരവരുമാനം ലഭിച്ചത് സർവ്വകലാശാലയിലേക്ക് അടവാക്കിയത് പരിശോധിച്ചതിൻ പ്രകാരം ഇംഗ്ളീഷ് വകുപ്പിൽ ഓരോ മാസത്തെയും ആഭ്യന്തര വരുമാനം കളക്ഷൻ തൊട്ടടുത്ത മാസം അടയ്ക്കുന്നില്ല എന്ന് കാണുന്നു. ആഭ്യന്തര വരുമാനം വരവ് തുക താമസിച്ച് ഒടുക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | അടവാക്കിയ തുക | ആഭ്യന്തര വരുമാനത്തിന്റെ കാലയളവ് |
|---|---|---|
| 29.09.2020 | 3,04,396/- | ഏപ്രിൽ 2019 – ഡിസംബർ 2019 |
| 09.03.2021 | 2,45,254/- | ജനവരി 2020 – ജനവരി 2021 |
| ആകെ | 5,49,650/- | |

ഏപ്രിൽ 2019 മുതലുള്ള ഇന്റേണൽ റവന്യൂ വൈകിയാണ് ഹെഡ്ക്വാർട്ടേഴ്സിൽ അടച്ചിരിക്കുന്നത്. വൈകി അടച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇപ്രകാരം വൈകി അടവാക്കുന്നത് സംബന്ധിച്ച് സർവ്വകലാശാലയിൽ നിന്ന് അന്വേഷണം നടന്നിട്ടില്ല. മെയ് 2022 ലെ ആഭ്യന്തര വരുമാനം തുക 14.06.2022 ൽ ഹെഡ്ക്വാർട്ടേഴ്സിൽ അടച്ചിട്ടുണ്ട്.

ഡിപ്പാർട്ടുമെന്റൽ സിസ്റ്റം പൂർണ്ണമായ രീതിയിൽ നടപ്പിലാക്കിക്കൊണ്ട് 8.07.2013 ൽ സർവ്വകലാശാല പുറപ്പെടുവിച്ചിട്ടുള്ള എ.ഡി.ബി/5268/എസ്.എസ്.യു.എസ്/2009 ഉത്തരവിലെ ഖണ്ഡിക 15 പ്രകാരം അതാത് വകുപ്പുകളിൽ സ്വീകരിക്കുന്ന ആഭ്യന്തര വരുമാനം പ്രതിമാസ കണക്കുകൾ സഹിതം എല്ലാ മാസവും 10ാം തീയതിക്ക് മുമ്പായി ഹെഡ് ക്വാർട്ടേഴ്സിൽ സമർപ്പിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർവ്വകലാശാലയുടെ ഈ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

2-3 കൊയിലാണ്ടി പ്രാദേശിക കേന്ദ്രം - ബാങ്കിൽ നിന്ന് ലഭിക്കുന്ന പലിശ തുക സർവ്വകലാശാലയിൽ അടവാക്കുന്നില്ല

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ സർവ്വകലാശാലയിൽ നിന്നുള്ള പ്ലാൻ/നോൺ പ്ലാൻ ക്വാർട്ടർലി ഫണ്ട് ട്രാൻസ്ഫർ ചെയ്ത് ലഭിക്കുന്നതിനായി 17.03.2017 ൽ യൂണിയൻ ബാങ്ക്, കൊയിലാണ്ടി ശാഖയിൽ അക്കൗണ്ട്. നം. 611102010007469 ആരംഭിച്ചു. അക്കൗണ്ട് ആരംഭിച്ച ദിവസം മുതൽ 31.03.2020 വരെ ബാങ്ക് പലിശ ഇനത്തിൽ ആകെ ലഭിച്ച 34,291/- രൂപ സർവ്വകലാശാലയിൽ അടവാക്കിയിട്ടില്ല എന്ന് 2019-20 വർഷത്തെ ഓഡിറ്റ് നോട്ടിലെ ഖണ്ഡിക നം. 2-6 ൽ സൂചിപ്പിച്ചെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. 2020-21 വർഷം ലഭിച്ച 5206/- രൂപയും സർവ്വകലാശാലയിൽ അടവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

.

| ക്രമ നം. | 2020-21 | |
|---|---|---|
| | തിയതി | തുക |
| 1 | 06.04.2020 | 2199/- |
| 2 | 03.07.2020 | 1241/- |
| 3 | 04.10.2020 | 924/- |
| 4 | 05.01.2021 | 842/- |
| | ആകെ | 5206/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 4/20-21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 17.03.2017 മുതൽ 31.03.2021 വരെ ബാങ്ക് പലിശ ഇനത്തിൽ ആകെ ലഭിച്ച 39,497/- രൂപ സർവ്വകലാശാലയിൽ അടവാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

2-4 തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലെ ജനറൽ അക്കൗണ്ട്,സ്പെഷ്യൽ അക്കൗണ്ട് എന്നിവയുടെ നീക്കിയിരുപ്പുകൾ പൊരുത്തപ്പെടുന്നില്ല

തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലെ 31-03-2021 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ നീക്കിയിരുപ്പുകൾ പരിശോധിച്ചതിൽ ക്യാഷ് ബുക്ക്, പാസ്സ് ബുക്ക് താഴെപ്പറയും പ്രകാരം വ്യത്യാസം കാണുന്നു.

| ജനറൽ അക്കൗണ്ട് (നം. 336302010012313 Union Bank of India) | |
|---|---|
| ക്യാഷ് ബുക്ക് പ്രകാരം 31.03.2021 ലെ നീക്കിയിരിപ്പ് | 10,68,870.00 |
| പൊരുത്തപ്പെടുത്തലിൽ കാണിച്ചിരിക്കുന്ന 31.03.2021 ലെ ക്യാഷ് ബുക്ക് നീക്കിയിരിപ്പ് | 10,25,064.00 |
| നീക്കിയിരുപ്പിലെ വ്യത്യാസം | 43,806.00 |

| സ്പെഷ്യൽ അക്കൌണ്ട് (നം. 10300100175720 Federal Bank) | |
|---|---|
| ക്യാഷ് ബുക്ക് പ്രകാരം 31.03.2021 ലെ നീക്കിയിരിപ്പ് | 1,30,768.00 |
| പൊരുത്തപ്പെടുത്തലിൽ കാണിച്ചിരിക്കുന്ന 31.03.2021 ലെ ക്യാഷ് ബുക്ക് നീക്കിയിരിപ്പ് | 2,81,483.00 |
| നീക്കിയിരുപ്പിലെ വ്യത്യാസം | 1,50,715.00 |

ഇത് സംബന്ധിച്ച് 2019-20 വർഷത്തെ ഓഡിറ്റ് നോട്ടിലും പ്രതിപാദിച്ചെങ്കിലും ആയത് തിരുത്തിയിട്ടില്ല. മുൻ വർഷങ്ങളിലെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 2017 ജനുവരി മാസം മുതലാണ് പ്രസ്തുത വ്യത്യാസം രേഖപ്പെടുത്തി തുടങ്ങിയിരിക്കുന്നത്. ഇത്രയും വലിയ തുക വ്യത്യാസം വരാനുണ്ടായ കാരണം കണ്ടെത്തി ക്യാഷ് ബുക്കും, പാസ്സ് ബുക്കും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2-5 ക്യാഷ് ബുക്ക്, കളക്ഷൻ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പിലെ അപാകങ്ങൾ

തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലെ ക്യാഷ് ബുക്ക്, കളക്ഷൻ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. ദൈനംദിന കളക്ഷൻ രജിസ്റ്റർ അനുദിനം എഴുതി പൂർത്തിയാക്കുന്നില്ല. കുറേ ദിവസങ്ങൾ കൂടുമ്പോൾ മാത്രമാണ് രജിസ്റ്റർ എഴുതുന്നത്. ഓരോ ദിവസവും വരവ് വന്ന തുക എത്രയെന്നും അത് കൃത്യമായി യഥാസമയം ബാങ്കിൽ ഒടുക്കിയിട്ടുണ്ടോ എന്നും ഉറപ്പ് വരുത്തുന്നതിന് കളക്ഷൻ രജിസ്റ്റർ അനിവാര്യമാണ്. ആകയാൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി കളക്ഷൻ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിക്കേണ്ടതാണ്.

2) ക്യാഷ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല. ക്യാഷ് ബുക്കിൽ അനുദിനം രേഖപ്പെടുത്തലുകൾ വരുത്തുകയും പണമിടപാടുകൾ ഇല്ലാത്ത ദിവസങ്ങളിൽ ആയത് രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ ക്യാഷ് ബുക്കിൽ ചില ദിവസങ്ങളിൽ അനുദിന ക്ലോസിംഗ് തുകയോടൊപ്പം പാസ്സ് ബുക്ക് പ്രകാരമുള്ള ക്ലോസിംഗ് തുകയും രേഖപ്പെടുത്തുന്നുണ്ട്. ആയത് ശരിയായ രീതിയല്ല. ക്യാഷ് ബുക്ക് അനുദിനം പൂർത്തിയാക്കി മാസാന്ത്യ ക്ലോസിംഗ് നടത്തുമ്പോൾ മാത്രം പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ഉൾപ്പെടുത്തി പൊരുത്തപ്പെടുത്തൽ നടത്തേണ്ടതാണ്. മാത്രമല്ല ക്യാഷ് ബുക്കിൽ ക്യാമ്പസ് ഡയറക്ടർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3) രസീതു ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ചാപ്റ്റർ IV ആർട്ടിക്കിൾ 150 (b) ഫോറം 18 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന മാതൃകയിൽ പ്രാദേശിക കേന്ദ്രത്തിൽ രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ നിർബന്ധമായി പരിപാലിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം 3/15.09.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2-6 ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ട് ക്ലോസ് ചെയ്യുന്നത് സംബന്ധിച്ച്

തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലെ ഡയറക്ടറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് (നം. 336302010134604) യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ചിരിക്കുന്നത് 24.01.2006 ൽ ആണ്. ഈ അക്കൗണ്ടിലാണ് സർവ്വകലാശാലയിൽ നിന്നുള്ള പ്ലാൻ/നോൺ പ്ലാൻ ഫണ്ട് , മറ്റ് തുകകൾ ട്രാൻസ്ഫർ ചെയ്യുന്നത്. ഈ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്യുന്ന തുക പ്രാദേശിക കേന്ദ്രത്തിലെ ജനറൽ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.336302010012313 യൂണിയൻ ബാങ്ക്) ട്രാൻസ്ഫർ ചെയ്യുന്നു. ടി ബാങ്ക് അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ 31.03.2021 ൽ 1,61,647.95 രൂപയും 25.08.2022-ൽ (പാസ്സ് ബുക്ക് അവസാനമായി പതിപ്പിച്ച തിയതി) 1,81,109.95 രൂപയും നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ വരവ്- ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിനായി ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. അക്കൗണ്ട് ആരംഭിച്ച ദിവസം മുതൽ ഓഡിറ്റ് കാലയളവ് വരെയുള്ള ബാങ്ക് പലിശയും സർവ്വകലാശാലയിൽ അടവാക്കിയിട്ടില്ല.

പ്രാദേശിക കേന്ദ്രത്തിലെ ജനറൽ അക്കൗണ്ട് (നം.33630201001 2313) യൂണിയൻ ബാങ്കിൽ തന്നെയാണെന്നിരിക്കെ വീണ്ടും പ്ലാൻ/നോൺ പ്ലാൻ ഫണ്ട് , മറ്റ് തുകകൾ ട്രാൻസ്ഫർ ചെയ്യുന്നതിനായി യൂണിയൻ ബാങ്കിലെ പ്രസ്തുത ബാങ്ക് അക്കൗണ്ട് (നം. 33630201013 4604) നിലനിർത്തേണ്ടതില്ല. സർവ്വകലാശാലയിൽ നിന്നുള്ള തുക നേരിട്ട് പ്രാദേശിക കേന്ദ്രത്തിലെ ജനറൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

ആയതിനാൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലെ അക്കൗണ്ട് നം. 33630201013 4604 ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുക സർവ്വകലാശാലയിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2-7 പി.ടി.എ അക്കൗണ്ട് നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം

തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ പി.ടി.എ അക്കൗണ്ടുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

2020-21 സാമ്പത്തിക വർഷത്തെ ക്യാഷ് ബുക്ക് ബാലൻസും, പാസ്സ് ബുക്ക് ബാലൻസും തമ്മിൽ 700.75 രൂപയുടെ വ്യത്യാസം ഉണ്ട്. മുൻ വർഷത്തെ ഓഡിറ്റ് നോട്ടിൽ 700/- രൂപയുടെ പിൻവലിക്കാത്ത ചെക്ക് ഉള്ളതിനാലാണ് ഇപ്രകാരത്തിൽ വ്യത്യാസം ഉണ്ടായതെന്ന് പറയുന്നു. എന്നാൽ ചെക്കിന്റെ വിശദ വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല. കൂടാതെ ക്യാഷ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. ഉദാഹരണത്തിന്- പാസ്സ് ബുക്ക് പ്രകാരം 22.03.2020ൽ ഓൺ-ലൈനായി നിക്ഷേപിച്ച 2501/- രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 05.04.20 ലും 04.07.20 ലും ലഭിച്ച ബാങ്ക് പലിശ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ബാങ്ക് അക്കൗണ്ടുകൾ കൃത്യമായി റികൺസീലിയേഷൻ നടത്താത്തതിനാലാണ് ഇപ്രകാരം സംഭവിക്കുന്നത്. ക്യാഷ് ബുക്കിൽ എല്ലാ രേഖപ്പെടുത്തലുകളും വരുത്തേണ്ടതും എല്ലാ മാസവും റീക്കൺസീലിയേഷൻ നടത്തി അപാകതകൾ പരിഹരിക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2-8 ഹോസ്റ്റൽ വാടക ഈടാക്കിയതിന്റെ വിവരം പൂർണ്ണമല്ല

2020-21 സാമ്പത്തിക വർഷത്തെ ഹോസ്റ്റൽ വാടക വരവ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ കോവിഡ്-19 നെ തുടർന്ന് ഹോസ്റ്റലുകൾ അടഞ്ഞുകിടന്നതിനാൽ വാടക ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ഹോസ്റ്റൽ വാടകയിനത്തിൽ 6,83,175/ രൂപയുടെ വരവുണ്ട്. വരവ് തുകയുടെ വിശദാംശങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/7.12.2022നുള്ള മറുപടിയിൽ നിലവിൽ ഹോസ്റ്റൽ വാടക പഠന വകുപ്പുകളിലാണ് വിദ്യാർത്ഥികൾ ഒടുക്കി വരുന്നത് എന്ന് അറിയിച്ചു. പഠന വകുപ്പുകളിൽ നിന്നും ലഭ്യമായ ഹോസ്റ്റൽ വാടക ഇനത്തിലെ 2020-21 വർഷത്തെ വരവു ചെലവു കണക്കുകളുടെ വിശദാംശങ്ങൾ അനുസരിച്ച് ആകെ 2,25,247/- രൂപയാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ E-grants ABLC തുകയും മുൻകാലങ്ങളിലെ ഹോസ്റ്റൽ വാടക കുടിശ്ശികയും 2021 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഹോസ്റ്റൽ വാർഡന്റെ സമ്മതത്തോടെ പഠന ആവശ്യങ്ങൾക്കായി താമസിച്ച വിദ്യാർത്ഥികളുടെ വാടകയും ഉൾപ്പെടുന്നുണ്ടെന്നും അറിയിച്ചു. ഹോസ്റ്റൽ വാർഷിക കണക്കുകൾ പ്രകാരം 6,82,145/-രൂപ വാടകയിനത്തിൽ ലഭിച്ചതായി ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ശേഷിച്ച തുക (6,83,175-2,25,247=4,57,928) ലഭിച്ചതിന്റെ വിശദാംശങ്ങൾ കൂടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 പ്രളയാനന്തര സർക്കാർ ധനസഹായം - വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

2018-ലെ പ്രളയാനന്തര നവീകരണ പ്രവർത്തനങ്ങൾക്കായി സംസ്കൃത സർവ്വകലാശാലയ്ക്ക് ഉന്നത

വിദ്യാഭ്യാസ വകുപ്പ് 19.12.2018-ലെ 2278/2018 നമ്പർ ഉത്തരവു പ്രകാരം 483 ലക്ഷം രൂപ അനുവദിച്ചിരുന്നു. സർവ്വകലാശാല ആയതിന്റെ നടത്തിപ്പിലേയ്ക്കായി 12 ഇന പദ്ധതി ആസൂത്രണം ചെയ്യുകയും ഡിസംബർ 31 നകം നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് 21.12.2018-ലെ സിൻഡിക്കേറ്റിൽ തീരുമാനിക്കുകയും ചെയ്തു. അതിൻപ്രകാരം സിവിൽ പ്രവർത്തികളിലേക്കായി 159 ലക്ഷം രൂപയും ഇലക്ട്രിക്കൽ പ്രവർത്തികളിലേയ്ക്കായി 16 ലക്ഷം രൂപയും മറ്റു നവീകരണ പ്രവർത്തനങ്ങൾക്കായി 308 ലക്ഷം രൂപയും ചുവടെ ചേർക്കും പ്രകാരം വകയിരുത്തുകയുണ്ടായി.

I )

1)പ്രളയം മൂലം തകർന്ന കാലടി ക്യാമ്പസ് റോഡുകളുടെ അറ്റകുറ്റപണികൾ

2)തകർന്നുവീണ ചുറ്റുമതിൽ പുന:സ്ഥാപിക്കൽ

3)സർവ്വകലാശാല കെട്ടിടങ്ങളുടെ പെയിന്റിംഗ് പണികൾ

4)ലൈബ്രറി കെട്ടിടത്തിലെ വിനയിൽ ഫ്ലോറിംഗ്

5)മുഖ്യജലസ്രോതസ്സായ താമരകുളം ക്ലീനിംഗ്

II)

1)സർവ്വകലാശാലയിലും ഹോസ്റ്റലിലും തകരാറിലായ ഇലക്ട്രിക്കൽ സാധനങ്ങളുടെ അറ്റകുറ്റപണികൾ

2)പുതിയ വാഹനങ്ങൾ വാങ്ങൽ

3)ഫർണീച്ചറുകൾ വാങ്ങൽ

4)കമ്പ്യൂട്ടറുകൾ, ഫോട്ടോകോപ്പി മെഷീൻ, ലാപ്പ്ടോപ്പ് മുതലായവ വാങ്ങൽ

5)ഹെൽത്ത് സെന്റർ, ആയുർവ്വേദ വിഭാഗങ്ങളിലെ നശിച്ചുപോയ ഉപകരണങ്ങൾ വാങ്ങൽ

6)കായിക വിഭാഗത്തിന് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ

7)ഡാൻസ് വിഭാഗത്തിന് ആടയാഭരണങ്ങൾ വാങ്ങൽ

8) തീയറ്റർ വിഭാഗത്തിന് ഉപകരണങ്ങൾ വാങ്ങൽ

9)പെയിന്റിംഗ് വിഭാഗത്തിന് ഉപകരണങ്ങൾ വാങ്ങൽ

10)പുസ്തകങ്ങൾ, സിഡി, ഹാർഡ് ഡിസ്ക് ജനറൽ സ്റ്റോഴ്സ് എന്നിവ വാങ്ങൽ

11)പ്രിന്റിഗ് യൂണിറ്റ് പുതുക്കി വാങ്ങൽ

സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച 483 ലക്ഷം രൂപ ചെലവഴിക്കാതെ പുതിയതായി ഫണ്ട് അനുവദിക്കുകയില്ല എന്ന് സർക്കാർ അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ ബന്ധപ്പെട്ട പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണെന്നും വിസിയും രജിസ്ട്രാറും ഫിനാൻസ് ഓഫീസറും പ്രസ്തുത സിൻഡിക്കേറ്റിൽ അഭിപ്രായപ്പെട്ടിരുന്നു.

പ്രസ്തുത പ്രവൃത്തികളിൽ എത്ര രൂപ ചെലവായി എത്ര രൂപ നീക്കിയിരിപ്പുണ്ട്, ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചു എന്ന വിവരം റിപ്പോർട്ടു ചെയ്യുന്നതിന് 09.02.2023-ലെ ഓഡിറ്റ് എൻക്വയറി 13/21-22നൽകിയെങ്കിലും ആയതിന് സർവ്വകലാശാല മറുപടി ലഭ്യമാക്കുകയോ ഫയലുകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ആയതിനാൽ സർക്കാർ അനുവദിച്ച തുകയിൽ എത്ര രൂപ ചെലവായി എന്നോ, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നോ അറിയുന്നതിന് സാധിച്ചിട്ടില്ല. മേൽ വിവരങ്ങളും പരിശോധനക്കായി

ഫയലുകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3-2 യുജിസി മാർഗ്ഗനിർദ്ദേശം മറികടന്ന് CAS പ്രൊമോഷൻ അനുവദിക്കുന്നു

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സർവ്വകലാശാലകളിലേയും കലാലയങ്ങളിലെയും അദ്ധ്യാപകരുടെയും അക്കാദമിക് സ്റ്റാഫിന്റെയും നിയമനത്തിനുള്ള കുറഞ്ഞ യോഗ്യത സംബന്ധിച്ച വ്യവസ്ഥകൾ (റഗുലേഷൻസ്) 30/6/2010-ൽ അംഗീകരിക്കുകയും 18/9/2010-ൽ ഭാരത രാജ പത്രത്തിൽ (Gazette of India) ആയത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് പ്രൊഫസർ മുതൽ പ്രൊഫസർ വരെയുള്ളവരുടെ നിയമനം, അടിസ്ഥാന യോഗ്യത, കരിയർ അഡ്വാൻസ്മെന്റ് സ്കീം വഴിയുള്ള പ്രൊമോഷന്റെ വ്യവസ്ഥകൾ എന്നിവ അതിൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രസ്തുത വ്യവസ്ഥകൾ പ്രകാരം സംസ്കൃതം, വ്യാകരണം, ഉറുദു, ചരിത്രം, സോഷ്യോളജി, സംസ്കൃതം(ജനറൽ), മലയാളം എന്നീ വകുപ്പുകളിലെ യോഗ്യരായ അദ്ധ്യാപകർക്ക് യഥാക്രമം 28/12/20, 29/12/20, 30/12/20, 31/12/20, 20/1/21, 21/1/21 തീയതികളിലെ സെലക്ഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം (CAS) പ്രകാരമുള്ള പ്രൊമോഷൻ അനുവദിക്കാൻ 28/4/21-ലെ സിൻഡിക്കേറ്റ് യോഗം (189-ാം യോഗം) തീരുമാനിക്കുകയും 10/8/2021-ൽ പ്രസ്തുത വകുപ്പുകളിലെ 12 അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകി ഉത്തരവിറക്കുകയും ചെയ്തു.

നം എ.ഡി എ2/15021/ എസ്.എസ്.യു.എസ്/10 തീയതി 22.12.2010 ഉത്തരവിലൂടെ 2010 ലെ UGC റഗുലേഷൻസ് സർവ്വകലാശാല നടപ്പിലാക്കി. UGC യുടെ റഗുലേഷൻസ് ഖണ്ഡിക 6 ഉപഖണ്ഡിക 6.0.1മുതൽ 6.8.0 വരെയുള്ളവ അസിസ്റ്റന്റ് പ്രൊഫസർ മുതൽ പ്രൊഫസർ വരെയുള്ളവരുടെ നേരിട്ടും CAS വഴിയും ഉള്ള തെരഞ്ഞെടുപ്പ് പ്രക്രിയ എപ്രകാരം ആയിരിക്കണം എന്ന് വിവരിക്കുന്നു. ആയതിലെ ഖണ്ഡിക 6.3.9-ൽ CAS പ്രമോഷനുള്ള അപേക്ഷ സെലക്ഷൻ കമ്മിറ്റി പരിഗണിക്കുന്ന ദിവസം പ്രസ്തുത അപേക്ഷകനായ അദ്ധ്യാപകൻ സക്രിയ സേവനത്തിൽ (role and active Service) ഉണ്ടായിരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ 6.3.8-ൽ CAS പ്രൊമോഷൻ എന്നത് പേഴ്സണൽ പ്രൊമോഷൻ ആണെന്നും ആയത് ലഭിച്ച അദ്ധ്യാപകൻ വിരമിക്കുമ്പോൾ പ്രസ്തുത പോസ്റ്റ് മുൻകേഡറിലേയ്ക്ക് അഥവാ താഴത്തെ തസ്തികയിലേയ്ക്ക് താഴ്ത്തപ്പെടും ( Revert back) എന്നും വ്യക്തമാക്കിയിട്ടുണ്ട്. അതായത് ഒഴിവ് വന്ന ഒരു തസ്തിക നികത്താനായല്ല CAS പ്രൊമോഷൻ നടത്തുന്നത് എന്നർത്ഥം.

എന്നാൽ 6.3.9-ലെ വ്യവസ്ഥ അവഗണിച്ച്കൊണ്ട് സെലക്ഷൻ കമ്മിറ്റി അപേക്ഷ പരിഗണിക്കുവാൻ യോഗം കൂടിയ അവസരത്തിൽ സേവനത്തിൽ ഇല്ലാതിരുന്ന അഥവാ വിരമിച്ച അദ്ധ്യാപകർക്കും CAS പ്രകാരമുള്ള പ്രൊമോഷന് ശുപാർശ ചെയ്യുകയും ആയത് അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ഉദാഹരണമായി ഉറുദു വിഭാഗത്തിലെ അസോസ്സിയേറ്റ് പ്രൊഫസർ ആയ ഡോ.കെ.വി.നകുലൻ 31/05/2020-ൽ സർവ്വീസിൽ നിന്ന് വിരമിച്ചു. ഉറുദു വിഭാഗത്തിന്റെ പ്രൊഫസർ തസ്തികയിലേക്കുള്ള CAS പ്രൊമോഷന്റെ സെലക്ഷൻ കമ്മിറ്റി യോഗം 29/12/2020 അപരാഹ്നം 2 മണിക്കാണ് നടന്നത്. 31/05/2020-ൽ വിരമിച്ച ഒരദ്ധ്യാപകന്റെ അപേക്ഷ 29/12/20-ൽ പരിഗണനാർഹമല്ല. എന്നിട്ടും ആയത് പരിഗണിക്കുകയും പ്രൊഫസർ ആയി 27/08/2013 മുതൽ മുൻകാല പ്രാബല്യത്തിൽ പ്രൊമോഷൻ അനുവദിച്ച് 10/08/2021-ൽ ഉത്തരവിറക്കുകയും ചെയ്തു. 10/11/2021-ൽ പ്രൊമോഷന്റെ പ്രാബല്യ തീയതി 24/03/2020 ആയി പുനർനിർണ്ണയിച്ചു. (ഇരു തീയതികളിലേയും ഉത്തരവ് നം.ADA 8481/SSUS/2021) 29/12/20-ൽ കൂടിയ സെലക്ഷൻ കമ്മിറ്റി പ്രസ്തുത തീയതിയും 7 മാസം മുൻപ് സർവ്വീസിൽ നിന്ന് വിരമിച്ച അദ്ധ്യാപകന്റെ CAS അപേക്ഷ പരിഗണിച്ച് പ്രൊമോഷന് ശുപാർശ ചെയ്തതും ആയത് സിൻഡിക്കേറ്റ് അംഗീകരിച്ചതും ആയതിൻ പ്രകാരം രജിസ്ട്രാർ ഉത്തരവിറക്കിയതും യു.ജി.സി. റഗുലേഷന്റെ ലംഘനമാണ്.

റഗുലേഷൻസ് ഖണ്ഡിക 6.3.8 കൂടി പരിഗണിക്കുമ്പോൾ ഉന്നത തസ്തികയിൽ ഒഴിവ് വന്ന ഒരു സ്ഥാനം നികത്താനായി അല്ല CAS പ്രകാരമുള്ള പ്രൊമോഷൻ അനുവദിക്കുന്നത് എന്ന് വ്യക്തമാണ്.

ആയത് ഒരു പേഴ്സണൽ പ്രൊമോഷൻ ആണ് എന്ന് 6.3.8 വ്യക്തമായി പറയുന്നു. അങ്ങനെയിരിക്കെ സെലക്ഷൻ കമ്മിറ്റി അപേക്ഷ പരിഗണിച്ച് തീർപ്പാക്കി ശുപാർശ ചെയ്യുന്നതിനും മുൻപുള്ള ഒരു തീയതിയിൽ മുൻകാല പ്രാബല്യത്തോടെ പ്രൊമോഷൻ നൽകുന്നത് ശരിയല്ല. ഒരു പ്രൊഫസർ വിരമിക്കുമ്പോൾ തന്നെ ആ തസ്തിക താഴത്തെ തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്യപ്പെടും എന്ന് 6.3.8 വ്യക്തമാക്കുന്നു. അങ്ങനെയിരിക്കെ സെലക്ഷൻ കമ്മിറ്റി കൂടിയ തീയതിക്കും പിന്നിലേയ്ക്ക് നിയമനത്തിന് മുൻകാല പ്രാബല്യം നൽകപ്പെടാവുന്നതല്ല. അസോസ്സിയേറ്റ് പ്രൊഫസർ തസ്തികയിൽ ജോലി നോക്കുന്ന അദ്ധ്യാപകൻ CAS വഴി ആക്ഷൻസ് പോസ്റ്റിൽ അനുവദനീയമായ പ്രൊഫസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്ന തീയതിയിൽ മാത്രമാണ് യഥാർത്ഥത്തിൽ ആ പ്രൊമോഷൻ തസ്തിക തന്നെ ഉണ്ടാകുന്നത്. അതായത് സെലക്ഷൻ കമ്മിറ്റി പ്രസ്തുത അദ്ധ്യാപകൻ പ്രൊഫസർ തസ്തികയ്ക്ക് യോഗ്യനാണ് എന്ന് കണ്ടെത്തി ശുപാർശ ചെയ്യുന്നതുവരെ ആ തസ്തിക തന്നെ റിവർട്ട് ചെയ്യപ്പെട്ട അവസ്ഥയിലാണ്. ആകയാൽ സെലക്ഷൻ കമ്മിറ്റി അംഗീകാരം നൽകുന്നതിനും മുൻപുള്ള തീയതി പ്രാബല്യമാക്കി CAS പ്രൊമോഷൻ അനുവദിക്കാൻ പാടില്ലാത്തതാണ്.

ഈ വിഷയത്തിൽ നം കെ. എസ്. എ/എസ്.എസ്. യു/ബി2/274/2022 തീയതി 02.06.22 പ്രകാരം ഈ കാര്യാലയത്തിൽ നിന്നും രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുള്ളതും ആയതിന് വിരമിച്ചവർക്ക് CAS പ്രമോഷൻ നൽകാമെന്ന് രജിസ്ട്രാറുടെ കത്ത് നം എ.ഡി.ഡി /18380/എസ്.എസ്.യു.എസ്/2019 തീയതി 25.07.2022 മറുപടി ലഭ്യമാക്കിയിട്ടുള്ളതുമാണെങ്കിലും അംഗീകരിക്കാവുന്നതല്ല. ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സർവ്വകലാശാലക്ക് ഈ വിഷയത്തിൽ നൽകിയ സ്പഷ്ടീകരണത്തിലും (27.04.2023 തീയതിയിലെ കത്ത് നമ്പർ ബി4-301/2022/ഉ.വി.വ) ഡോ.കെ.വി.നകുലന് CAS പ്രകാരമുള്ള പ്രൊമോഷന് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽപ്രകാരം വ്യവസ്ഥകൾ ലംഘിച്ച് നടത്തിയ പ്രൊമോഷനുകൾ സർവ്വകലാശാല പുന:പരിശോധിക്കേണ്ടതും പ്രാബല്യതീയതികൾ പുനർനിർണ്ണയിക്കേണ്ടതും സെലക്ഷൻ കമ്മിറ്റി യോഗ തീയതിയ്ക്ക് മുൻപ് വിരമിച്ച അദ്ധ്യാപകർക്ക് നൽകിയ CAS പ്രകാരമുള്ള പ്രൊമോഷനുകൾ റദ്ദ് ചെയ്യേണ്ടതുമാണ്. കൂടാതെ അദ്ധ്യാപകർക്ക് അധിക സാമ്പത്തികാനുകൂല്യം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

3-3 സർവ്വകലാശാലയിലെ പൊതുമരാമത്ത് പ്രവൃത്തികൾ-ചട്ടങ്ങളുടെ ലംഘനം സംബന്ധിച്ച്

**(1) മാലിന്യ നിർമ്മാർജ്ജനത്തിന് തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ (എൻജി/10832 /എസ്.എസ്.യു.എസ്/2019)**

സർവ്വകലാശാല മുഖ്യ കേന്ദ്രത്തിൽ മാലിന്യ നിർമ്മാർജ്ജനത്തിന് തുമ്പൂർമൂഴി മോഡൽ കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 4,24,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. സുഹൈൽ.പി.എം. പുതുവന എന്ന വ്യക്തിക്ക് എസ്റ്റിമേറ്റിലും 12.80 % കുറവിൽ 3,69,009/- രൂപക്ക് പ്രവൃത്തി ഏൽപ്പിച്ചു കൊടുക്കുകയും 22.2.2021 ന് കരാർ ഒപ്പു വെക്കുകയും ചെയ്തു. പ്രവൃത്തിക്ക് അനുയോജ്യമായ സ്ഥലം ലഭിക്കാത്തതിനാൽ കരാറുകാരന് പ്രവൃത്തി കൈമാറുവാൻ സർവ്വകലാശാലക്ക് നാളിതുവരെയായും സാധിച്ചിട്ടില്ല. മുമ്പ് നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിൽ പ്രവൃത്തി നടത്തുവാൻ സാധ്യമല്ല എന്ന് എഞ്ചിനിയറിംഗ് സെക്ഷൻ റിപ്പോർട്ട് ചെയ്തതായി കാണുന്നു. മാലിന്യ നിർമ്മാർജ്ജനം പോലുള്ള പ്രധാന പ്രവൃത്തികൾക്ക് യാതൊരു തടസ്സവുമില്ലാത്ത ഭൂമി ഉറപ്പു വരുത്തേണ്ടതായിരുന്നു. കേരള പൊതുമരാമത്ത് മാന്വൽ 2012 സെക്ഷൻ 2003 പ്രകാരം ഒരു പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനു മുമ്പ് 100% തടസ്സമില്ലാത്ത ഭൂമി ലഭിച്ചു എന്ന് ഉറപ്പു വരുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/20-21/9.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

**(2) കൂത്തമ്പലത്തിലെ ഇലക്ട്രിക്കൽ റീവയറിംഗ്-എൻജി/17672/എസ്.എസ്.യു.എസ്/2019)**

എസ്റ്റിമേറ്റ് - 376710-

പി.എ.സി.-340743/- ( Tender deductions 13%)

കരാറുകാരൻ- ബിജു.ടി.ബേബി

കാലാവധി - 45 ദിവസം

എഗ്രിമെന്റ് നം.05/20-21/തി. 23.11.2020

4.9.20 ന് കരാറുകാരന് വർക്ക് ഓർഡർ നൽകുകയും 14.10.20 ന് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷമാണ് കരാറിലേർപ്പെട്ടിരിക്കുന്നത്. കോവിഡ് അവധി കഴിഞ്ഞ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുനരാരംഭിക്കേണ്ടതിനാൽ അടിയന്തിരമായി പ്രവൃത്തികൾ ആരംഭിക്കേണ്ടി വന്നതിനാലും കോവിഡ് മൂലം സ്റ്റാമ്പ് പേപ്പറിന് ക്ഷാമം നേരിട്ടതിനാലുമാണ് യഥാസമയം കരാറിലേർപ്പെടാതിരുന്നത് എന്നാണ് ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലായത്. കരാറുകാരനുമായി സർവ്വകലാശാല കരാരിലേർപ്പെടുന്നതിനു മുമ്പ് സെക്യൂരിറ്റി ഡെപ്പോസിറ്റും അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടിയും വാങ്ങിക്കേണ്ടതായിരുന്നു. ടെണ്ടർ സ്വീകരിക്കപ്പെട്ട കരാർ തുകയുടെ 5% ബാങ്ക്/ട്രഷറി ഗ്യാരണ്ടി ലഭ്യമാക്കണം. ഈ തുകയുടെ 50% എങ്കിലും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് ആയിരിക്കണമെന്നും G.O.(P)No.429/15/fin/dt.28.9.2015 എന്ന ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് defect liability period കഴിഞ്ഞ് 28 ദിവസം കൂടി കാലാവധി ഉള്ളതാവണം. ഈ തുക കരാറുകാരനിൽ നിന്നും വല്ലതും കിട്ടാനുണ്ടെങ്കിൽ ആയത് തട്ടി കിഴിച്ച് ബാക്കി പ്രസ്തുത 28 ദിവസത്തിന് ശേഷം കരാറുകാരന്റെ രേഖാമൂലമുള്ള അപേക്ഷയിന്മേൽ തിരികെ നൽകണം (പി.ഡബ്ല്യൂ.ഡി. മാന്വൽ ജെ-2009-7). കരാറിനൊപ്പം സമർപ്പിച്ചിട്ടുള്ള സെക്യൂരിറ്റി നിക്ഷേപത്തിന്റെ 50% ട്രഷറി നിക്ഷേപം വേണമെന്നിരിക്കെ സെക്യൂരിറ്റി നിക്ഷേപമായ 16,400/- രൂപയും ബാങ്ക് നിക്ഷേപമായാണ് ഹാജരാക്കിയിട്ടുള്ളത്. പക്ഷേ ഇതിന് ഒരു വർഷത്തെ കാലാവധി മാത്രമെ ഉള്ളൂ. (യൂണിയൻ ബാങ്ക്, കാലടി 14.10.20-14.10.21)

ടെണ്ടർ അംഗീകരിക്കപ്പെട്ട കരാറുകാരൻ ക്വോട്ട് ചെയ്ത ടെണ്ടർ കുറവ് എസ്റ്റിമേറ്റിന്റെ 10 ശതമാനത്തിൽ കൂടുതലാണെങ്കിൽ അത്തരം കരാറുകാർ അധികമായി അടക്കേണ്ട തുകയാണ് അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടി. ഈ പ്രവൃത്തിയിൽ എസ്റ്റിമേറ്റിന്റെ 3% ആയ 11,400/- രൂപയുടെ സ്ഥിര നിക്ഷേപം കരാറുകാരൻ സമർപ്പിച്ചതായി കാണുന്നില്ല. കരാറുകാരനുമായി ഉടമ്പടിയിലേർപ്പെടുന്നതിനു മുമ്പ് ഹാജരാക്കേണ്ട അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടി പ്രവൃത്തി പൂർത്തീകരിച്ച ശേഷം കരാറുകാരന്റെ അപേക്ഷയിന്മേൽ ഒഴിവാക്കി കൊടുത്തത് ശരിയായ നടപടിയല്ല. കരാറുകാരൻ പ്രവൃത്തി അവസാനിപ്പിച്ച് പോവുകയാണെങ്കിൽ നഷ്ടപരിഹാരം ഈടാക്കാൻ പറ്റാത്ത അവസ്ഥ ഉണ്ടാകുമായിരുന്നു.

23.11.2020 ന് സർവ്വകലാശാല കരാറുകാരനുമായി ഏർപ്പെട്ടിരിക്കുന്ന കരാറിൽ കരാർ തുകക്ക് അനുസരിച്ചുള്ള മുദ്രപത്രം വെച്ചിട്ടില്ല. 200/- രൂപയുടെ മുദ്രപത്രത്തിലാണ് കരാറിലേർപ്പെട്ടിരിക്കുന്നത്. 24.7.19 ന് ശേഷം പി.എസി.യുടെ 0 .1% മുദ്രപത്രത്തിന്റെ വിലയായി സ്വീകരിക്കേണ്ടതാണ്. 340/- രൂപയുടെ മുദ്രപത്രമാണ് വേണ്ടിയിരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/20-21/9.2.2023) സർവ്വകലാശാലയിൽ നിന്ന് മറുപടി ലഭ്യമായിട്ടില്ല.

**(3) ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണം- അനുബന്ധ പ്രവൃത്തികൾ**

( എൻജി/7074/എസ്.എസ്.യു.എസ്/2019)

എസ്റ്റിമേറ്റ് - 1662000/-

പി.എ.സി- 1354682/- ( Tender deductions 18.5%)

കരാറുകാരൻ- കെ.എം.അസ്സി, കാലാവധി- 3 മാസം

എഗ്രിമെന്റ് നം.03/20-21/5.8.20

മേൽ പ്രവൃത്തിയുടെ കരാറുമായി ബന്ധപ്പെട്ട് കരാറുകാരൻ സമർപ്പിച്ചിട്ടുള്ള 68,000/- രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ കാലാവധി defect liability period വരെയുള്ളതല്ല. അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടിയായി ഹാജരാക്കിയിരിക്കുന്നത് 3 മാസ കാലയളവിലുള്ള ബാങ്ക് ഡെപ്പോസിറ്റാണ്. എന്നാൽ 3 മാസം കൊണ്ട് പൂർത്തിയാക്കേണ്ട പണി പൂർത്തിയാക്കിയിരിക്കുന്നത് 6 മാസം കഴിഞ്ഞാണ്. കരാർ വെക്കുന്ന വേളയിൽ PWD മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അഡീഷണൽ പെർഫോർമൻസ് ഗ്യാരണ്ടി കരാറുകാരനിൽ നിന്ന് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സപ്ലിമെന്ററി എസ്റ്റിമേറ്റായി 7,00,974/- രൂപയുടെ അധിക പ്രവൃത്തി ചെയ്യേണ്ടി വന്നതിനാൽ സെക്യൂരിറ്റി നിക്ഷേപമായി 35,100/- രൂപ 5.3.21 ന് സർവ്വകലാശാല കരാറുകാരനോട് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. പക്ഷേ ഈ തുക പ്രവൃത്തി പൂർത്തിയായതിനു ശേഷം ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്തത് 12.8.21 നാണ്. 35100/- രൂപ പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുശാസിക്കുന്ന വിധത്തിലുള്ള നിക്ഷേപമായി കരാറുകാരന്റെ പേരിൽ സ്വീകരിച്ചതായുള്ള വിവരങ്ങൾ ഫയലിൽ കാണുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.13/20-21/9.2.2023) സർവ്വകലാശാലയിൽ നിന്ന് മറുപടി ലഭ്യമായിട്ടില്ല.

**(4) തിരൂർ പ്രാദേശിക കേന്ദ്രത്തിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം- ഇലക്ട്രിക് പ്രവൃത്തികൾ ( എൻജി/9274/എസ്.എസ്.യു.എസ്)**

എസ്റ്റിമേറ്റ് - 3620000/-

പി.എ.സി - 3134779/- ( Tender deductions – 13.40%)

കാലാവധി – 15 മാസം

കരാറുകാരൻ- അൻസാരി കുണ്ടിൽ

എഗ്രിമെന്റ് നം. 19/19-20/15.2.20

മേൽ പദ്ധതിയുടെ അധിക പ്രവത്തികൾക്ക് സപ്ളിമെന്ററി എസ്റ്റിമേറ്റ് ആയി 4,40,528/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയുടെ 5% സെക്യൂരിറ്റി നിക്ഷേപമായി കരാറുകാരൻ സമർപ്പിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/20-21/9.2.2023) സർവ്വകലാശാലയിൽ നിന്ന് മറുപടി ലഭ്യമായിട്ടില്ല.

**(5)കാലടി മുഖ്യ പ്രവേശന കവാടത്തിലെ സെക്കണ്ടറി ഗേറ്റിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം വരെ ഫുട്പാത്ത് നിർമ്മാണം- കരാർ റദ്ദായി**

(എൻജി/9994/എസ്എസ് യുഎസ്)

എസ്റ്റിമേറ്റ് - 8 ലക്ഷം

പി.എ.സി - 696010/- ( Tender decucions 12.6%)

കാലാവധി- 3 മാസം

എഗ്രിമെന്റ് നം.18/19-20/10.2.20

കരാറുകാരൻ - വിവേക് സുകുമാരൻ

സർവ്വകലാശാല 10.2.20 ന് കരാറുകാരനുമായി ഉടമ്പടിയിലേർപ്പെട്ടുവെങ്കിലും സൈറ്റ് കൈമാറിയില്ല. സാമ്പത്തിക പ്രശ്നം, റോഡ് നവീകരണം പൂർത്തിയായിട്ടില്ല എന്നീ കാരണങ്ങളാൽ 23.6.20 ന് പ്രവൃത്തി നീട്ടി വെച്ചതായി കരാറുകാരനെ അറിയിക്കുകയും പിന്നീട് നാക് ടീമിന്റെ സന്ദർശനവുമായി ബന്ധപ്പെട്ട് 3.11.20 ന് പണി തുടരുവാൻ കരാറുകാരനോട് ആവശ്യപ്പെട്ടു. ഉടമ്പടിവെച്ച് 9 മാസം കഴിഞ്ഞതിനാൽ പഴയ നിരക്കിൽ ജോലി പൂർത്തിയാക്കുവാൻ ബുദ്ധിമുട്ടാണെന്ന് ചൂണ്ടിക്കാട്ടി 6.11.20 ന് കരാറുകാരൻ നൽകിയ അപേക്ഷയിന്മേൽ 22.12.20 ന് സർവ്വകലാശാല ഈ പ്രവൃത്തിയുടെ കരാർ റദ്ദ് ചെയ്തു .

ആദ്യത്തെ ടെണ്ടറിൽ ഒരു കരാറുകാരൻ മാത്രം പങ്കെടുത്തതിനെ തുടർന്ന് റീ ടെണ്ടർ ക്ഷണിക്കുകയും തുടർന്ന് രണ്ടു കരാറുകാർ മാത്രം ഉള്ള ടെണ്ടർ അപേക്ഷയിൽ നിന്നും ഏറ്റവും കുറവ് രേഖപ്പെടുത്തിയ കരാറുകാരനെ തെരഞ്ഞെടുക്കുകയുമാണ് ഉണ്ടായത്. അത്യാവശ്യ പ്രവൃത്തി എന്ന നിലയിലാണ് പ്രവൃത്തി റീ ടെണ്ടർ ചെയ്തത്. എങ്കിലും ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്താതെ ടെണ്ടർ നടപടികൾ സ്വീകരിച്ചതുമൂലം ധനനഷ്ടവും ഉണ്ടായിട്ടുണ്ട്. ഈ പ്രവത്തിയുടെ നിലവിലെ സ്ഥിതി ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.13/20-21/9.2.2023) സർവ്വകലാശാലയിൽ നിന്ന് മറുപടി ലഭ്യമായിട്ടില്ല.

**(6) സ്റ്റാഫ് ക്വാർട്ടേഴ്സിലേക്ക് ബൗണ്ടറി റോഡിലൂടെ എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (എൻജി/11383 /എസ്എസ് യു എസ്/2019)**

എസ്റ്റിമേറ്റ് - 507485/-

പി.എ.സി.- 546870/- (Tender above 7.8%)

കാലാവധി - 45 ദിവസം

എഗ്രിമെന്റ് നം - 01/20-21/8.5.20

കരാറുകാരൻ- ഡെൽസ്റ്റാർ, ആലുവ

കരാറുകാരൻ സെക്യൂരിറ്റി നിക്ഷേപമായി ഹാജരാക്കിയിരിക്കുന്ന ട്രഷറി നിക്ഷേപത്തിന് 15 മാസ കാലാവധി മാത്രമാണ് ഉള്ളത്. ഈ പ്രവൃത്തിയുടെ defect liability period 36 മാസമാണ്. 8.5.2020 ന് സർവ്വകലാശാല കരാറുകാരനുമായി ഏർപ്പെട്ടിരിക്കുന്ന കരാറിൽ കരാർ തുകക്ക് അനുസരിച്ചുള്ള മുദ്രപത്രം വെച്ചിട്ടില്ല. 200/- രൂപയുടെ മുദ്രപത്രത്തിലാണ് കരാറിലേർപ്പെട്ടിരിക്കുന്നത്. 24.7.19 ന് ശേഷം പി.എസി.യുടെ 0.1% മുദ്രപത്രത്തിന്റെ വിലയായി സ്വീകരിക്കേണ്ടതാണ്. 350/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്. മേൽ കാര്യങ്ങളിൽ വിശദീകരണം ആരാഞ്ഞുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.13/20-21 /9.2.2023) സർവ്വകലാശാലയിൽ നിന്ന് മറുപടി ലഭ്യമായിട്ടില്ല.

3-4 മരാമത്ത് പ്രവൃത്തികളിൽ നിശ്ചിത തിയതിക്കകം എഗ്രിമെന്റ് വെച്ചിട്ടില്ല-പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ കരാറുകാരനിൽ

നിന്നും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തീയതി/ സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. |
|---|---|---|---|---|
| 1 | കാവേരി ബോയ്സ് ഹോസ്റ്റലിൽ വാഹന പാർക്കിംഗ് ഷെഡ് നിർമ്മാണം-<br><br>നം. Engg/5630/SSUS/2020<br><br>പി.എ.സി-289382/-<br><br>Ag.No.06/II/2020-21/dt. 24.9.2020<br><br>കരാറുകാരൻ - ശ്രീ.അൻഷാദ്.വി.എ., വാടക്കോട്. | 24.8.2020 | 7.09.2020 | 24.9.2020 |
| 2 | റിക്രേിഷൻ റൂം, ലേഡീസ് റെസ്റ്റ് റൂം എന്നിവയുടെ പുനക്രമീകരണവും ഡൈനിംഗ് റൂം സജ്ജമാക്കുന്നതും<br><br>നം.Engg/4152/ssus/2019<br><br>3.1219പി.എ.സി- 203100/- | 4.11.19 | 18.11.19 | 3.12.19 |
| 3 | സർവ്വകലാശാല കാലടി മുഖ്യകേന്ദ്രം-അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ പഴയ ലിഫ്റ്റ് മാറ്റി പുതിയ ലിഫ്റ്റ് സ്ഥാപിക്കൽ<br><br>നം.Engg/4309/SSUS/2018<br><br>പി.എ.സി- 1698500/- | 17.10.2019 | 31.10.2019 | 25.11.19 |
| 4 | ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണം-അനുബന്ധ പ്രവൃത്തികൾ (എൻജി/7074 /എസ്.എസ്.യു.എസ്/2019)<br><br>പി.എ.സി- 1354682/-<br><br>കരാറുകാരൻ- കെ.എം.അസ്സി, | 1.7.2020 | 15.7.2020 | 5.8.2020 |
| 5 | തിരൂർ പ്രാദേശിക കേന്ദ്രത്തിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം- ഇലക്ട്രിക് പ്രവൃത്തികൾ (എൻജി/9274/<br><br>എസ്.എസ്.യു.എസ്/2019)<br><br>പി.എ.സി - 3134779/-<br><br>കരാറുകാരൻ- അൻസാരി കണ്ടിൽ | 14.1.2020 | 28.1.2020 | 15.2.2020 |
| 6 | സ്റ്റാഫ് ക്വാർട്ടേഴ്സിലേക്ക് ബൗണ്ടറി റോഡിലൂടെ എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (എൻജി/11383 /എസ്എസ് യു എസ്/2019)<br><br>എസ്റ്റിമേറ്റ് - 507485/-<br><br>പി.എ.സി.-546870/-(Tender | 12.3.2020 | 26.3.2020 | 8.5.2020 |

| | | | | |
|---|---|---|---|---|
| | above 7.8%)<br>കാലാവധി - 45 ദിവസം<br>എഗ്രിമെന്റ് നം - 01/20-21 /8.5.20<br>കരാറുകാരൻ- ഡെൽസ്റ്റാർ, ആലുവ | | | |

പിഴ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.8/20-21/1.11.22) കരാറുകാരൻ സമയബന്ധിതമായി ഉടമ്പടി സമർപ്പിക്കുവാൻ വീഴ്ച വരുത്തിയിട്ടില്ല എന്നും വിവിധ തലങ്ങളിലൂടെയുള്ള ഫയൽ മൂവ്മെന്റ് മൂലമുള്ള കാലതാമസമണ് കരാർ ഒപ്പിടാൻ വൈകിയതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റു ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായ ഭിന്നതകൾ കോടതി സമക്ഷം എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരു കക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണ്. തീയതി പരിഗണിക്കുന്നത് കരാറുകാരൻ മുദ്രപത്രം സമർപ്പിക്കുന്ന തീയതിയല്ല മറിച്ച് സർവ്വകലാശാല കരാറുകാരനുമായി എന്നാണോ ഉടമ്പടിയിലേർപ്പെടുന്നത് ആ തീയതിയാണ് കണക്കാക്കേണ്ടത്. ക്രമ നം. 4 മുതൽ 6 വരെയുള്ള പരാമർശങ്ങൾക്ക് നൽകിയ അന്വേഷണത്തിന് (നം.13/20-21/9.2.2023) സർവ്വകലാശാലയിൽ നിന്ന് മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാസമയം കരാറിൽ ഏർപ്പെടുന്നതിൽ വീഴ്ച്ച വരുത്തുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

3-5 ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിലെ ഇ-ഗ്രാന്റ്സ് അക്കൗണ്ട് - തുക വക മാറ്റി സൂക്ഷിച്ചു

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിൽ ഇ-ഗ്രാന്റ്സ് അക്കൗണ്ടിന് വേണ്ടി പരിപാലിക്കുന്ന രജിസ്റ്റർ/രേഖകൾ പരിശോധിച്ചതിൽ ഇ ഗ്രാന്റ്സ് ആയി കേരള സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റ് തുക അർഹരായ വിദ്യാർത്ഥികൾക്ക് യഥാ സമയം നൽകാതിരിക്കുകയും, ഇ ഗ്രാന്റ്സിന് വേണ്ടി പരിപാലിക്കുന്ന അക്കൗണ്ടിൽ നിന്നും, സ്പെഷ്യൽ ഫീസ് അക്കൗണ്ടിലേക്ക് തുക മാറ്റുകയും ചെയ്തിരിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഏറ്റുമാനൂർ ശാഖയിൽ അക്കൗണ്ട് നം. 30961434329 പ്രകാരം ഇ ഗ്രാന്റ്സിന് വേണ്ടി അക്കൗണ്ട് പരിപാലിച്ച് വരുന്നുണ്ട്. 24-03-2021 ൽ ഇ ഗ്രാന്റ്സ് അക്കൗണ്ടിൽ നിന്നും 24500 രൂപ പിൻവലിക്കുകയും, സ്പെഷ്യൽ അക്കൗണ്ടിൽ (അക്കൗണ്ട് നം. 604902010006893 UBI) നിക്ഷേപിക്കുകയും ചെയ്തു. ഇപ്രകാരം തുക നിക്ഷേപിച്ചതിന് ശേഷം നാളിതുവരെ (ഓഡിറ്റ് നടക്കുന്ന കാലയളവ് - 10-08-2022) വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടില്ല. ഈ തുക ഏത് ഇനത്തിൽ (ഹോസ്റ്റൽ ഫീസ്, ട്യൂഷൻ ഫീസ് തുടങ്ങിയവ) പെടുന്നതാണെന്ന വിവരം രേഖകൾ പ്രകാരം ഇല്ല. വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള പദ്ധതിയുടെ തുക തരം തിരിച്ച് വിദ്യാർത്ഥികൾക്ക് നൽകുകയോ അതല്ലെങ്കിൽ സർക്കാരിലേക്ക് തിരികെ അടയ്ക്കുകയോ ചെയ്യാതെ ഒരു വർഷത്തിൽ കൂടുതൽ കാലം അക്കൗണ്ടിൽ സൂക്ഷിച്ചത് ക്രമപ്രകാരമല്ല. കൂടാതെ ഇ-ഗ്രാന്റ്സ് സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കുന്നില്ല. ഇത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2 ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഉടനെ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇ-ഗ്രാന്റ്സ് സംബന്ധിച്ച രേഖകൾ, ഇ-ഗ്രാന്റ്സ് രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കാനും, തുക സമയബന്ധിതമായി വിതരണം ചെയ്യാനും നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-6 ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിന്റെ പി.ടി.എ. അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക തിരികെ അടച്ചില്ല.

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിന്റെ പെയിന്റിംഗ് ജോലികൾക്കായി 29-03-2021 ൽ 50000/- രൂപ

പി.ടി.എ. അക്കൗണ്ടിൽ നിന്നും മുൻകൂർ നൽകിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ നാളിതുവരെയായി പി.ടി.എ. തുക ക്രമീകരിച്ചിട്ടില്ല. ഇപ്രകാരം തുക മുൻകൂർ ആയി നിർമാണ ജോലികൾക്ക് നൽകിയതിന് പി.ടി.എ. കമ്മിറ്റി അംഗീകാരം നൽകിയതിന് രേഖകൾ ഇല്ല. തുക നൽകിയത് സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/2021-22 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ തുക ക്രമീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് പി.ടി.എ. അക്കൗണ്ടിൽ അടയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 29-03-2021 ൽ നൽകിയ മുൻകൂർ തുകയ്ക്ക് 2021 ഏപ്രിൽ മാസത്തിൽ തന്നെ ജോലികൾ തീർന്നിട്ടുള്ളതായി ഫയലുകളിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ഓഡിറ്റ് നടക്കുന്ന 2022 ജൂലായ് മാസത്തിലും ക്രമീകരിച്ചിട്ടില്ലാത്തത് (ഓഡിറ്റ് എൻകയറി - 1 നുള്ള മറുപടി) അപാകതയാണ്. പി.ടി.എ ഫണ്ടിന്റെ പരിപാലനം കൃത്യമാക്കേണ്ടതാണ്.

3-7 രേഖകൾ പൂർണ്ണമല്ല - 3,71,199/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ചെലവു വൗച്ചറുകളോടൊപ്പം അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല. 3,71,199/- രൂപ തുക തടസപ്പെടുത്തുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ /തീയതി | തുക | ഉദ്ദേശ്യം | അപാകതകൾ |
|---|---|---|---|---|
| 1. | 127/16.11.2020 | 20,000 | കർട്ടൻ വർക്കിന് അനുവദിച്ച തുക | ക്വട്ടേഷൻ ക്ഷണിച്ചതിന്റെയോ ചെലവിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 2. | 203/23.12.2020 | 50,000 | സീലിംഗ് വർക്കിന് അനുവദിച്ച തുക | ” |
| 3. | 230/16.01.2021 | 71,000 | ” | ” |
| 4. | 214/31.12.2020 | 25,000 | ഇലക്ട്രിക് വർക്കിന് അനുവദിച്ച തുക | ” |
| 5. | 285/05.03.2021 | 19,008 | ” | ” |
| 6. | 265/15.02.2021 | 89,350 | സ്റ്റോർ റൂം നിർമ്മാണം | ” |
| 7. | 316/29.03.2021 | 75,000 | ക്യാമ്പസ് ബ്യൂട്ടിഫിക്കേഷൻ പ്രവർത്തനം | ” |
| 8. | 325/31.03.2021 | 17,841 | സ്പോർട്സ് ഗുഡ്സ് വാങ്ങിയ തുക | ” |
| 9. | 323/31.03.2021 | 4,000 | കസേരകളുടെ അറ്റകുറ്റപണികൾക്ക് | ” |

| | | | | |
|---|---|---|---|---|
| | | | ചെലവഴിച്ച തുക | |
| | | **3,71,199.00** | | |

ഓഡിറ്റ് അന്വേഷണം നം 1/15.09.2022 പ്രകാരം ഈ വിവരം പ്രാദേശിക കേന്ദ്രത്തെ അറിയിച്ചെങ്കിലും വിശദീകരണം ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-8 തിരുവനന്തപുരം പ്രാദേശിക കേന്ദ്രം - നാക് (NAAC)അംഗീകാരവുമായി ബന്ധപ്പെട്ട ചെലവുരേഖകൾ ലഭ്യമാക്കിയില്ല -3 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു

നാക് (NAAC) അംഗീകാരവുമായി ബന്ധപ്പെട്ട നവീകരണ പ്രവർത്തനങ്ങൾക്കായി സർവ്വകലാശാലയുടെ എല്ലാ പ്രാദേശിക കേന്ദ്രങ്ങൾക്കും 3 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് 5.12.2018-ലെ 8/18-ാമത് സിൻഡിക്കേറ്റിൽ തീരുമാനിച്ചിട്ടുള്ളതാണ്. തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിന് ഈ ഇനത്തിൽ ലഭിച്ച തുക ചെലവഴിച്ചതായി അറിയിച്ചുവെങ്കിലും ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിവരം സൂചിപ്പിച്ച് കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.4/15.09.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ ആകെ 3 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-9 ആസ്തികളുടെ അരക്ഷിതാവസ്ഥ നടപടികൾ ആവശ്യപ്പെടുന്നു.

സർവ്വകലാശാലയുടെ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ താഴെ പറയുന്ന വസ്തുവകകൾ കൃത്യമായി സംരക്ഷിക്കപ്പെടാതെ നശിക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | ഇനം | സ്റ്റോക്ക് രജിസ്റ്റർ | അപാകത |
|---|---|---|---|
| 1. | ഫിറ്റ്നസ് ഉപകരണങ്ങൾ | I പേജ് 43 | ട്രെയിനർ ഇല്ലാത്തതിനാൽ ഉപകരണങ്ങൾ നശിക്കുകയാണ്. |
| 2. | കാന്റീൻ ഉപകരണങ്ങൾ | II പേജ് 133 | 2,38,950/- രൂപയുടെ കാന്റീൻ ഉപകരണങ്ങൾ നടത്താൻ ആളില്ലാത്തതുമൂലം നശിക്കുകയാണ്. |
| 3. | ലാപ് ടോപ്പുകൾ | I പേജ് 51 | 18 ലാപ്പ്ടോപ്പുകൾ പ്രാദേശിക കേന്ദ്രത്തിന് ലഭിച്ചിട്ടുള്ളതായും ആയവ അദ്ധ്യാപകർക്ക് വിതരണം ചെയ്തതായും കാണുന്നു. എന്നാൽ വിരമിച്ച /സ്ഥലം മാറ്റപ്പെട്ട അദ്ധ്യാപകർ ആയവ തിരികെ ഏൽപ്പിച്ച വിവരം ലഭ്യമല്ല. |
| 4. | കമ്പ്യൂട്ടറുകൾ | സ്റ്റോക്ക് രജിസ്റ്റർ I പേജ് 88 | 14 കമ്പ്യൂട്ടറുകൾ സ്റ്റോക്കിൽ എടുത്തതായി കാണുന്നു. എന്നാൽ അവയുടെ സ്പെസിഫിക്കേഷനോ , വാറന്റിയോ നിലവിലെ സ്ഥിതിയോ വ്യക്തമല്ല. |

ആയതിനാൽ മേൽ വസ്തുവകകളുടെ സംരക്ഷണത്തിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-10 സ്റ്റോക്ക്/സ്റ്റോർ പരിശോധന-അപാകതകൾ

സംഗീത വിഭാഗത്തിലെ 2020-21 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് സ്റ്റോക്ക്/സ്റ്റോർ എന്നിവയുടെ പരിശോധന നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഉപയോഗ ശൂന്യമായതും നിലവിൽ ഉപയോഗിക്കുന്നവയുമായി ധാരാളം സംഗീത ഉപകരണങ്ങൾ ഉണ്ടെങ്കിലും ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

2. നിലവിൽ ഉപയോഗിക്കാത്ത ഉപകരണങ്ങൾ അലമാരയിൽ സൂക്ഷിച്ചുവച്ചിട്ടുണ്ടെങ്കിലും ആയത് പുനരുപയോഗയോഗ്യമാണോയെന്ന് നാളിതുവരെ പരിശോധിച്ചിട്ടില്ല.

3. ഉപകരണങ്ങളുടെ സൂക്ഷിപ്പ്/സംരക്ഷണ ചുമതല വകുപ്പ് തലവനിൽ നിക്ഷിപ്തമാണെങ്കിലും ആയതു സംബന്ധിച്ച യാതൊരു രേഖകളും പരിപാലിച്ചിട്ടില്ല.

4. വകുപ്പ് തലവന്മാരുടെ ചാർജ്ജ് കൈമാറ്റ സമയത്തുപോലും സ്റ്റോക്ക്/സ്റ്റോർ പരിശോധന നടന്നിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് 149 മുതൽ 161 വരെയുള്ള ആർട്ടിക്കിളുകളിൽ സ്റ്റോക്ക്/സ്റ്റോർ എന്നിവയുടെ പരിപാലനം, ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ചുമതലകൾ, വാർഷിക സ്റ്റോക്ക് പരിശോധന, ഫർണീച്ചറിന്റെ സ്റ്റോക്ക്, അസംസ്കൃത വസ്തുക്കളുടെ സ്റ്റോക്ക്, ബുക്ക്, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയുടെ സ്റ്റോക്ക്, സ്റ്റോക്ക് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടവിധം, സ്റ്റോക്കിൽ ഉൾപ്പെട്ട ഏതെങ്കിലും വസ്തുക്കൾ നഷ്ടപ്പെട്ടാൽ /മോഷ്ടിക്കപ്പെട്ടാൽ /കാലപ്പഴക്കത്താൽ നശിച്ചുപോയാൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സ്റ്റോക്ക്/സ്റ്റോറിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സ്ഥലം മാറ്റപ്പെട്ടാൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ Art 160-ൽ പ്രതിപാദിച്ചിട്ടുണ്ട്. സ്റ്റോക്കിലെ പൊരുത്തക്കേടുകൾ ആയതിന്മേലുള്ള തുടർനടപടികൾ എന്നിവ Art 161-ലും പ്രതിപാദിച്ചിട്ടുണ്ട്.

ലക്ഷങ്ങൾ വിലമതിപ്പുള്ള സ്റ്റോക്ക്/സ്റ്റോർ യഥാവിധിയുള്ള രേഖപ്പെടുത്തലുകൾ നടത്താതെയും വാർഷിക പരിശോധന നടത്താതെയും സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല.

Art 149 പ്രകാരം സ്റ്റോക്ക്/സ്റ്റോറിന്റെ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ വകുപ്പ് തലവൻ ആണ്. നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിക്കാത്തതുമൂലമുണ്ടാകുന്ന നഷ്ടങ്ങൾ ടിയാളുടെ വ്യക്തിഗത ബാധ്യതയായി പരിഗണിക്കാവുന്നതാകയാൽ അടിയന്തര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

Art 153 പ്രകാരം ഓരോ സാമ്പത്തിക വർഷത്തിലും വാർഷിക പരിശോധന മെയ് മാസത്തിനുമുൻപേ നടത്തേണ്ടതും മാർച്ച് 31-ലെ സ്ഥിതി വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

Art 154-ൽ പരാമർശിക്കും പ്രകാരമുള്ള സർട്ടിഫിക്കറ്റ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

മേൽ പരാമർശിച്ച വസ്തുതകളുടെ പ്രാധാന്യം ഉൾക്കൊണ്ട് അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

3-11 ഹോസ്റ്റലുകളിലേയ്ക്ക് സാധനങ്ങൾ വാങ്ങിയത് -മുൻകൂർ നൽകിയ തുക അനധികൃതമായി കൈവശം വച്ചു.

വൗച്ചർ നം.2099/30.11.2020

സർവ്വകലാശാല മുഖ്യകേന്ദ്രത്തിലെ ഹോസ്റ്റലുകളിലേയ്ക്ക് ടവ്വൽ റോഡ്, സോപ്പ് ഡിഷ്, കണ്ണാടി മുതലായവ വാങ്ങുന്നതിന് ശ്രീ.ശ്രാവൺ എസ്, അസിസ്റ്റന്റ് എഞ്ചിനീയർക്ക് 34,000/-രൂപ 25.01.2020 തീയതി നൽകിയിട്ടുണ്ട്. ഹോസ്റ്റലുകളിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങാനാണ് മുൻകൂർ നൽകിയത്. എന്നാൽ 14.09.2020 വരെ തുക കൈവശം സൂക്ഷിക്കുകയും, ചെലവഴിക്കാതെ തിരികെ അടയ്ക്കുകയും ആണ് ഉണ്ടായത്. ആവശ്യമുള്ള സാധനങ്ങൾ പൊതുമാർക്കറ്റിൽ നിന്നും വാങ്ങാമെന്നിരിക്കെ, 9 മാസം തുക

കൈവശം സൂക്ഷിച്ചത് അപാകതയാണ്. സാധനങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ, എഞ്ചിനീയറിംഗ് വിഭാഗത്തിലെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ആവശ്യപ്പെട്ടും മുൻകൂർ ക്രമീകരിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടും 24.08.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.2/2020-21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.ഒ.(പി) നം 419/11/ ധന. തീയതി 04.10.2011 ലെ നിർദ്ദേശപ്രകാരം മുൻകൂർ കൈപ്പറ്റുകയും യഥാസമയം അഡ്ജസ്റ്റ്മെന്റ് ബില്ലുകൾ നൽകുകയും ചെയ്യാത്ത കേസുകളിൽ മുൻകൂർ നൽകിയ മുഴുവൻ തുകയും പിഴ കണക്കാക്കുന്നതിന് പരിഗണിക്കേണ്ടതും ആയതനുസരിച്ച് പിഴ ഈടാക്കേണ്ടതുമാണ്.

മുൻകൂർ കൈപ്പറ്റിയ തുക വിനിയോഗിക്കാത്തതിന് വ്യക്തമായ വിശദീകരണം നൽകുകയോ മുൻകൂർ തുക കൈവശം സൂക്ഷിച്ച കാലയളവിലെ പിഴ പലിശ (18%) ഈടാക്കുകയോ ചെയ്യേണ്ടതാണ്.

3-12 ശങ്കരജയന്തി ആഘോഷങ്ങൾക്ക് മുൻകൂർ നൽകിയത് - അപാകതകൾ

സംസ്കൃത സർവ്വകലാശാലയിൽ 2015-ലെ ശങ്കരജയന്തി ആഘോഷങ്ങൾക്കായി 1,86,000/-രൂപ 16.04.2015-ലെ പിഎൽഡി/2782/എസ്.എസ്.യു.എസ്./2015(1) നമ്പർ ഉത്തരവു പ്രകാരം ആഘോഷ കമ്മിറ്റി കൺവീനർ ഡോ.ബിജു വിൻസെന്റിന് മുൻകൂർ അനുവദിച്ചിരുന്നു.

പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനു ശേഷം ബാക്കിത്തുകയായ 1,02,054/- രൂപ 17.06.2015-ലെ 1670/3 നമ്പർ രസീതി പ്രകാരം സർവ്വകലാശാലയിലേയ്ക്ക് അടവാക്കി. എന്നാൽ മുൻകൂർ തുക ക്രമീകരിക്കുന്നതിനാവശ്യമായ വൗച്ചറുകൾ 06.07.2020-ൽ മാത്രമാണ് ഹാജരാക്കിയത്.

യഥാർത്ഥ ചെലവിലും ഇരട്ടിയിലധികം തുക മുൻകൂർ അനുവദിക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്നതിനും മുൻകൂർ ക്രമീകരിക്കുന്നതിനുണ്ടായ കാലതാമസം വിശദീകരിക്കുന്നതിനും 13.10.2022-ൽ നൽകിയ 6/20-21 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് സർവ്വകലാശാല മറുപടി ലഭ്യമാക്കിയില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 99, ജി.ഒ.(പി) നം.419/11/ഫിൻ/410.2011 പ്രകാരം മുൻകൂർ മൂന്നുമാസത്തിനകം ക്രമീകരിക്കാത്ത പക്ഷം ആയതിന് തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലേയ്ക്ക് 18% പലിശ ഈടാക്കേണ്ടതാണ്. ആയതിനാൽ പലിശ ഈടാക്കി സർവ്വകലാശാലാ ഫണ്ടിൽ അടവാക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

3-13 മുൻകൂർ ക്രമീകരിക്കുന്നതിൽ കാലതാമസം - സർവ്വകലാശാലയ്ക്ക് നഷ്ടമുണ്ടാക്കുന്നു.

വൗച്ചർ ഫയലുകൾ, അനുബന്ധ രേഖകൾ പരിശോധിച്ചതിൽ NAAC ടീമിന്റെ സന്ദർശനവുമായി ബന്ധപ്പെട്ട വിവിധ NSS പ്രോഗ്രാം ഓഫീസർമാർക്ക് നൽകിയ മുൻകൂറുകൾ യഥാസമയം ക്രമീകരിച്ചിട്ടില്ല. 2014 വർഷത്തിലെ മുൻകൂറുകൾ പോലും ക്രമീകരിക്കുന്നത് 2020-21 വർഷമാണ്. സമയബന്ധിതമായി ചെലവുകൾ നടത്തി ആയതിന്റെ ബില്ലുകൾ സമർപ്പിച്ച്, ചെലവാകാത്ത തുക തിരികെ അടയ്ക്കുന്നതിന് ഇത്രയും കാലതാമസം വന്നതിന് ബന്ധപ്പെട്ട NSS പ്രോഗ്രാം ഓഫീസർമാരും, ലഭിച്ച ബില്ലുകൾ യഥാസമയം ക്രമീകരിച്ച് നൽകാതെ 4 വർഷത്തോളം താമസിപ്പിച്ചതിന് സർവ്വകലാശാല അധികൃതരും ഉത്തരവാദികളാണ്. മുൻകൂർ ക്രമീകരിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/2020-21 – 27.08.2022ന് ലഭ്യമാക്കിയ മറുപടിയിൽ (നം.Audit reply/ Estate 2/SSUS/2021, 07.11.2022) മുൻകൂറുകൾ നൽകിയതിൽ, ആയത് ക്രമീകരിക്കാൻ അപേക്ഷ നൽകിയതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. മുൻകൂർ ക്രമീകരിക്കുന്നതിന് അപേക്ഷ സമർപ്പിയ്ക്കാൻ വൈകിയതിന് ബന്ധപ്പെട്ട അദ്ധ്യാപകർക്ക് കാരണം ബോധിപ്പിയ്ക്കുവാൻ കത്ത് നൽകിയിട്ടുണ്ട് എന്നും മുൻകൂർ ക്രമീകരിക്കാൻ കാലതാമസം നേരിട്ടതിന് പിഴ പലിശ ഈടാക്കിയിട്ടില്ല എന്നും മറുപടിയിൽ അറിയിച്ചു. മുൻകൂർ നൽകിയതിന്റെയും, ക്രമീകരിച്ചതിന്റയും വിവരം, ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയായി ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | മുൻകൂർ അനുവദിച്ച വ്യക്തികൾ | തീയതി | അനുവദിച്ച തുക | ക്രമീകരിക്കാൻ അപേക്ഷ നൽകിയ തീയതി | ചെലവാക്കിയ തുക | ക്രമീകരിച്ച തീയതി | തിരിച്ചടച്ച തുക |
|---|---|---|---|---|---|---|---|---|
| 1.<br>2.<br>3. | 2087/<br>30.11.2020 | ഡോ.മഞ്ജു ഗോപാൽ<br>ഡോ.വികെ.ഭവൻ<br>ഡോ.K.V.സുരേഷ്<br>NSSപ്രോഗ്രാം ഓഫീസർമാർ | 4.9.2014<br>4.9.2014<br>4.9.2014 | 10000<br>10000<br>10000 | 18.06.2016<br>18.06.2016<br>18.06.2016 | 10000<br>10000<br>10000 | 9/7/20<br>9/7/20<br>9/7/20 | -<br>-<br>- |
| 2. | 2088/<br>30.11.2020 | Dr.A.ഷീലാകുമാരി, ക്യാമ്പസ് ഡയറക്ടർ<br>റീജയണൽ സെന്റർ, പന്മന | 12.02.2014 & 17.07.2014 | 50000 +20000 | 18.06.2016<br>18.06.2016 | 67318 | 9/7/20<br>9/7/20 | 2682 |
| 3. | 2090/<br>30.11.2020 | Dr.ശ്രീകല എം. നായർ,<br>വകുപ്പ് മേധാവി ഫിലോസഫി വകുപ്പ് ആസ്ഥാന കേന്ദ്രം, കാലടി | 25.02.2014 | 5000 | 18.06.2016 | 5130 | 9/7/20 | - |
| 4. | 2091/<br>30.11.2020 | ശ്രീ.ശ്രാവൺ എസ്. | 15.11.2019 | 270000 | 25.08.2020 | 239766 | 30/11/20 | 30234 |

മുൻകൂറുകൾ ആയത് ലഭിച്ച് 3 മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. മേൽ വിഷയത്തിൽ 2014-ൽ നൽകിയ മുൻകൂറുകൾ പോലും സമയബന്ധിതമായി ഉപയോഗിക്കാതെ, 2016-ൽ ചെലവഴിച്ചതിന്റെ ബില്ലുകൾ സമർപ്പിച്ചതിൽ തന്നെ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇപ്രകാരം സംഭവിച്ചതിന് മുൻകൂർ സ്വീകരിച്ച അദ്ധ്യാപകർ/ഉദ്യോഗസ്ഥരിൽ നിന്നും പിഴ പലിശ ഈടാക്കേണ്ടതാണ്. 2016-ൽ ക്രമീകരിക്കാൻ സമർപ്പിച്ച രേഖകൾ 4 വർഷത്തോളം സർവ്വകലാശാല ഓഫീസിലും താമസിപ്പിച്ചു. ഇപ്രകാരം താമസിക്കുക വഴി ഏറ്റെടുക്കേണ്ട പ്രവർത്തികൾ സമയബന്ധിതമായി തീർക്കാൻ സാധിക്കാതെ വരികയും, ധനവിനിയോഗത്തിൽ സുതാര്യത ഇല്ലാതെ വരികയും ചെയ്യുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

ജി.ഒ.(പി) നം 419/11/ ധന. തീയതി 04.10.2011 ലെ നിർദ്ദേശപ്രകാരം മുൻകൂർ കൈപ്പറ്റുകയും യഥാസമയം അഡ്ജസ്റ്റ്മെന്റ് ബില്ലുകൾ നൽകുകയും ചെയ്യാത്ത കേസുകളിൽ മുൻകൂർ നൽകിയ മുഴുവൻ തുകയും പിഴ കണക്കാക്കുന്നതിന് പരിഗണിക്കേണ്ടതും ആയതനുസരിച്ച് 18%പിഴ ഈടാക്കേണ്ടതുമാണ്. മുൻകൂർ തുക സ്വീകരിച്ച തീയതി മുതൽ അപേക്ഷ സമർപ്പിച്ച തീയതി വരെയുള്ള പിഴ പലിശ ഈടാക്കേണ്ടതും, സർവ്വകലാശാലയിൽ ലഭിക്കുന്ന അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3-14 വിവിധ വകുപ്പുകളിലും പ്രാദേശിക കേന്ദ്രങ്ങളിലും നൽകിയ മുൻകൂർ തുക ക്രമീകരിക്കാത്തത്

മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കണമെന്നും , അല്ലാത്ത പക്ഷം കൈപ്പറ്റിയ തീയ്യതി മുതൽ 18% പലിശ സഹിതം മുൻകൂർ കൈപ്പറ്റിയ ആകെത്തുക ഈടാക്കണമെന്നും ഗവൺമെന്റ് ഉത്തരവ് നിഷ്കർഷിക്കുന്നുണ്ട്. (G.O(P)No.419/2011/Fin dated 04/10/2011). 09/01/2020-ലെ G.O(P)No.05/2020/Fin പ്രകാരം ഗവൺമെന്റ് നടപടി ക്രമങ്ങൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്.
സർവ്വകലാശാലയുടെ വിവിധ വകുപ്പുകളുടെയും പ്രാദേശിക കേന്ദ്രങ്ങളുടെയും ചെലവ് വൗച്ചർ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കും പ്രകാരം നൽകിയ മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല.

1) മോഹിനിയാട്ടം വകുപ്പ്

വകുപ്പ് മേധാവിക്ക് സർവ്വകലാശാലയിൽ നിന്നും എസിഡിസി1/2431/എസ്.എസ്.യു.എസ്/2020 തീയ്യതി 11/02/2020 ഉത്തരവ് പ്രകാരം അനുവദിച്ച 93,750/-രൂപയുടെ മുൻകൂർ ക്രമീകരിക്കാൻ ടിയാൻ അപേക്ഷ നൽകിയിട്ടുള്ളത് 04/01/2021 തീയ്യതിയിലാണ്.(328 ദിവസം വൈകി)

2) ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം

പ്രാദേശിക കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുള്ള താഴെപ്പറയുന്ന മുൻകൂറുകൾ ക്രമപ്പെടുത്തിയിട്ടില്ല

| ക്രമ നം | മുൻകൂർ അനുവദിച്ച ചെക്ക് നം/ തീയ്യതി | മുൻകൂർ കൈപ്പറ്റിയ വ്യക്തി | ആവശ്യം | തുക Rs. |
|---|---|---|---|---|
| 1 | 02063644/ 13.12.19 | ഡോ. ഷാജി ജേക്കബ്ബ് പ്രൊഫസർ | ക്യാമ്പസ് യൂണിയൻ പ്രവർത്തനം | 52,500 |
| 2 | 580925/ 22.03.2018 | ഡോ.ജി.ചന്ദ്രവദന ക്യാമ്പസ് ഡയറക്ടർ | സ്പോർട്ട്സ് വസ്തുക്കൾ വാങ്ങുന്നതിന് | 15,000 |
| 3 | 580957/ 22.03.2018 | ഡോ.ജേക്കബ്ബ് തോമസ് പ്രൊഫസർ | സ്റ്റഡി ടൂർ | 8,400 |
| 4 | 580925/ 22.03.2018 | ഡോ. ദീപ ജോർജ്ജ് അസി.പ്രൊഫസർ | ക്യാമ്പസ് യൂണിയൻ പ്രവർത്തനം | 25,000 |
| 5 | 580925/ 22.03.2018 | ഡോ. ദീപ ജോർജ്ജ് അസി.പ്രൊഫസർ | യൂത്ത് ഫെസ്റ്റിവൽ | 30,000 |
| 6 | 580913/ 02.02.2018 | ഡോ. ആശാലത വി പ്രൊഫസർ | സ്റ്റുഡന്റ് ടൂർ അഡ്വാൻസ് | 15,600 |
| | ആകെ തുക | | | 1,46,500 |

മേൽ തുകകൾ ക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതും ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3) തിരൂർ പ്രാദേശിക കേന്ദ്രം

തിരൂർ പ്രാദേശിക കേന്ദ്രത്തിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചില അഡ്വാൻസുകൾ ദീർഘകാലമായി ക്രമീകരിക്കാത്തതായി കാണുന്നു. മുൻ ഓഡിറ്റ് നോട്ടുകളിൽ പരാമർശിച്ചിട്ടും നാളിതുവരെയായും അഡ്വാൻസുകൾ ദീർഘകാലമായി ക്രമീകരിക്കാതെയിരിക്കുന്നതിനുള്ള കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/11.8.22) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗ.നം./തിയതി | തുക | തുക നൽകിയ വിവരം |
|---|---|---|---|
| 1 | 167/07-08/25.7.07 | 3250/- | മാഗസിൻ അഡ്വർട്ടൈസ്മെന്റ്<br>ഡോ.സംഗമേശ്വരൻ |
| 2 | 181/07-08/6.8.07 | 2450/- | സബജക്റ്റ് അസോസിയേഷൻ പ്രവർത്തനം<br>ഡോ.സംഗമേശ്വരൻ |
| 3 | 243/09-10/16.12.09 | 8000/- | ക്യാമ്പസ് യൂണിയൻ പ്രവർത്തനം<br>ഷംസദ് ഹുസൈൻ |
| 4 | 384/09-10/23.3.10 | 15000/- | ഫിസിക്കൽ എഡ്യൂക്കേഷൻ ആക്റ്റിവിറ്റീസ്<br>ഡോ.കെ.എസ്.ദിനേഷ് കുമാർ |
| 5 | 253/10-11/20.10.10 | 2000/- | ക്യാമ്പസ് യൂണിയൻ ഇലക്ഷൻ<br>ഇ.എൻ.ലക്ഷ്മണൻ |
| 6 | 377/10-11/21.2.11 | 15000/- | ഫിസിക്കൽ എഡ്യൂക്കേഷൻ ആക്റ്റിവിറ്റീസ്<br>കെ.എസ്.ദിനേഷ് കുമാർ |
| 7 | 330/11-12/13.3.12 | 15000/- | ഫിസിക്കൽ എഡ്യൂക്കേഷൻ ആക്റ്റിവിറ്റീസ്<br>കെ.എസ്.ദിനേഷ് കുമാർ |
| 8 | 341/11-12/20.3.12 | 11860/- | സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ<br>കെ.എസ്.ദിനേഷ് കുമാർ |
| 9 | 360/12-13/25.3.13 | 5750/- | ഇന്റർ സെന്റർ ഫിസിക്കൽ ആക്റ്റിവിറ്റീസ്<br>കെ.എസ്.ദിനേഷ് കുമാർ |
| | ആകെ തുക | 78,310/- | |

മേൽ തുകകൾ ക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതും ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

4) തുറവൂർ പ്രാദേശിക കേന്ദ്രം

2020-21 സാമ്പത്തിക വർഷം പ്രാദേശിക കേന്ദ്രത്തിലെ അദ്ധ്യാപകനായ ഡോ.കിരൺ എ.യു. ക്യാമ്പസ് യൂണിയൻ പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി 24.02.2020-ലെ ചെക്ക് നമ്പർ 612815 പ്രകാരം 45,000/- രൂപ കൈപ്പറ്റിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ പ്രസ്തുത തുക ക്രമീകരിച്ചിട്ടില്ല. മുൻകൂർ ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5) പന്മന പ്രാദേശിക കേന്ദ്രം

പ്രാദേശിക കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുള്ള താഴെപ്പറയുന്ന മുൻകൂറുകൾ ക്രമപ്പെടുത്തിയിട്ടില്ല

| ക്രമ നം | മുൻകൂർ അനുവദിച്ച ചെക്ക് നം/ തീയ്യതി | മുൻകൂർ കൈപ്പറ്റിയ വ്യക്തി | ആവശ്യം | തുക, ₹ | ക്രമീകരിക്കേണ്ട തീയതി |
|---|---|---|---|---|---|
| 1 | 032655/ 08.12.2017 | ഡോ. എ ഷീലകുമാരി | ലൈബ്രറി ബുക്കുകൾ വാങ്ങുന്നതിന്, വേദാന്തം | 24,000 | 08/03/2018 |
| 2 | 032656/ 12.12.2017 | ഡോ. എ ഷീലകുമാരി | ലൈബ്രറി ബുക്കുകൾ വാങ്ങുന്നതിന് മലയാളം | 23,000 | 12/03/2018 |
| 3 | 046590/ 04.12.2018 | ഡോ. എ ഷീലകുമാരി | ഭരണ ഭാഷാ വാരാചരണം | 5,000 | 04/03/2018 |
| 4 | 056156/ 26.02.2019 | ഡോ. എ ഷീലകുമാരി | ലൈബ്രറി ബുക്കുകൾ വാങ്ങുന്നതിന് | 40,000 | 26/05/2019 |
| 5 | 056157/ 28.02.2019 | ഡോ. എ ഷീലകുമാരി | ലൈബ്രറി ബുക്കുകൾ വാങ്ങുന്നതിന് | 46,279 | 28/05/2019 |
| 6 | 056165 & 056166 20.03.2019 | ഡോ. എ ഷീലകുമാരി | ലൈബ്രറി ബുക്കുകൾ വാങ്ങുന്നതിന് | 39,909 | 20/06/2019 |
| 7 | 040882/ 28.03.2019 | ഡോ. എ ഷീലകുമാരി | ലൈബ്രറി ബുക്കുകൾ വാങ്ങുന്നതിന് | 40,000 | 28/06/2019 |
| 8 | 040887/ 29.03.2019 | ഡോ. എ ഷീലകുമാരി | ലൈബ്രറി ബുക്കുകൾ വാങ്ങുന്നതിന് | 33,400 | 29/06/2019 |
| | ആകെ തുക | | | 2,51,588 | |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99,100 എന്നിവയിലെ നിർദ്ദേശപ്രകാരവും ജി.ഒ.(പി) നം 419/11/ ധന. തീയതി 04.10.2011 ലെ നിർദ്ദേശപ്രകാരവും മുൻകൂർ കൈപ്പറ്റിയ വ്യക്തികളിൽ നിന്നും അവർ മുൻകൂർ ക്രമീകരിച്ചില്ലാത്ത പക്ഷം മുൻകൂർ നൽകിയ തീയ്യതി മുതൽ മുതലിന് 18% പലിശ സഹിതം പിഴ ഈടാക്കി വകുപ്പിൽ/പ്രാദേശിക കേന്ദ്രത്തിൽ അടവാക്കേണ്ടതാണ്.

3-15 സർവ്വകലാശാലയിൽ നിന്ന് നൽകിയ മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല - 9,04,720/- രൂപ തടസ്സപ്പെടുത്തുന്നു

ധനകാര്യ വകുപ്പിന്റെ 04.10.2011 -ലെ ജി.ഒ.(പി.)നം.419/2011 -ാം നമ്പർ ഉത്തരവിൽ മുൻകൂറുകൾ ക്രമീകരിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മുൻകൂർ അനുവദിച്ച് മൂന്നു മാസത്തിനുള്ളിൽ അവസാനബിൽ ഹാജരാക്കി ക്രമീകരിക്കേണ്ടതും സമയപരിധി കഴിഞ്ഞ് കൈവശം വച്ച തുക തിരിച്ചടയ്ക്കുന്നതു വരെ മുൻകൂർ കൈപ്പറ്റിയ തുകയുടെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചില്ലെങ്കിൽ മുൻകൂർ തുക ഒറ്റത്തവണയായി 18% പലിശ സഹിതം ഈടാക്കാനും വ്യവസ്ഥയുണ്ട്. ഈ സമയപരിധി പാലിക്കപ്പെടുന്നില്ല എന്ന് കണ്ട് 23.10.2019 ൽ 87/2019/ധന നമ്പറായിട്ടുള്ള സർക്കുലറും 09.01.2020 ലെ ജി.ഒ.(പി) നം.05/2020/ധന നമ്പർ ഉത്തരവും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർവ്വകലാശാലയുടെ 2020-21 വർഷത്തെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ശീർഷകങ്ങളിലായി നൽകിയ മുൻകൂർ തുകയിൽ 9,04,720/- രൂപ ഇനിയും ക്രമീകരിക്കാനുണ്ട്. 2020-21 വർഷത്തെ തുക 2021-22 വർഷത്തിനുശേഷവും ക്രമീകരിച്ച് കാണുന്നില്ല.

മുൻകൂറുകൾ അനുവദിക്കുന്നതിലും ക്രമീകരിക്കുന്നതിലും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും യഥാസമയം ക്രമീകരിക്കാത്തവരിൽ നിന്നും നിയമാനുസൃതമുള്ള പിഴയോടുകൂടി തുക തിരിച്ചു പിടിക്കേണ്ടതുമാണ്. ക്രമീകരിക്കാൻ ബാക്കിയുള്ള 9,04,720/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. മുൻകൂറുകൾ കൈപറ്റിയവരുടെ പേരു വിവരം **അനുബന്ധം - 1** ആയി ചേർക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് വിശദാംശം

.

| ക്രമ നം. | ഭാഗം | വരവ് | ചെലവ് |
|---|---|---|---|
| 1. | പദ്ധതിയിതരം വിഹിതം | 65,92,08,809.00 | 61,90,98,842.00 |
| 2. | പദ്ധതി വിഹിതം | 7,03,40,825.00 | 9,27,79,086.00 |
| 3. | ഇയർ മാർക്ക്ഡ് ഫണ്ടുകൾ | 6,04,205.00 | 3,96,176.00 |
| 4. | ഋണ ശീർഷകം | 20,86,90,281.00 | 22,13,87,392.00 |
| | ആകെ | 93,88,44,120.00 | 93,36,61,496.00 |

**ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിലെ പോരായ്മകൾ ചുവടെ ചേർക്കുന്നു**

1) യഥാർത്ഥ വരവ് - ചെലവ് കണക്കിൽ വ്യത്യാസം

(a) Receipt at a Glance - അക്കൗണ്ട്സിൽ കാണിച്ചിരിക്കുന്ന തുകയും Receipt & Payment Statement -ൽ

കാണിച്ചിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട്സ് പ്രകാരമുള്ള തുക | Receipt & Payment Statement തുക | വ്യത്യാസം |
|---|---|---|
| 93,88,44,120/- | 94,03,71,489/- | 15,27,369/- |

അക്കൗണ്ട്സിലെ തുകയും Receipt & Payment Statement ലെ തുകയും തമ്മിലുള്ള വ്യത്യാസം മുൻ വർഷങ്ങളിലെ വിവിധ ചെക്കുകൾ ക്യാൻസൽ ചെയ്തതും, ചെലവഴിക്കാത്ത മുൻകൂർ തുക തിരിച്ചടച്ചതുമാണ്.

(b) Expenses at a Glance – അക്കൗണ്ട്സിൽ കാണിച്ചിരിക്കുന്ന തുകയും Receipt & Payment Statement -ൽ കാണിച്ചിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട്സ് പ്രകാരമുള്ള തുക | Receipt & Payment Statement തുക | വ്യത്യാസം |
|---|---|---|
| 93,36,61,496/- | 93,36,65,496/- | 4,000/- |

അക്കൗണ്ട്സിലെ തുകയും Receipt & Payment Statement ലെ തുകയും തമ്മിലുള്ള വ്യത്യാസം മുൻ വർഷത്തെ ഫീസ് തുക റീഫണ്ട് നൽകിയതാണ്.

.

2) 31.03.2021-ലെ അക്കൗണ്ട്സ് പ്രകാരമുള്ള നീക്കിയിരുപ്പും വകുപ്പിലെ ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പും തമ്മിൽ വ്യത്യാസമുണ്ട്. വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | Account Name &Account No. | Balance as per Accounts | Balance as per Cash Book | Difference |
|---|---|---|---|---|
| 1 | സംസ്കൃത വേദാന്തം വകുപ്പ് 338602010151812 | 1,41,721.00 | 1,41,661.00 | 60.00 |
| 2 | ആയുർവേദ വകുപ്പ് 338602010152209 | 1,43,533.50 | 1,42,419.50 | 1,114.00 |
| | 338602010152210 | 7,010.00 | 6,956.00 | 54.00 |
| 3 | ഫിലോസഫി വകുപ്പ് 338602010151833 | 98,003.00 | 98,203.00 | 200.00 |
| 4 | സൈക്കോളജി വകുപ്പ് 338602010151823 | 3,43,780.00 | 3,44,530.00 | 750.00 |
| 5 | പന്മന പ്രാദേശിക കേന്ദ്രം 847210100006996 | 4,68,004.11 | 4,17,428.11 | 50,576.00 |
| | 847210100007073 | 1,04,431.87 | 1,02,159.87 | 2,272.00 |

3) പ്രാദേശിക കേന്ദ്രങ്ങളിലെ താഴെ സൂചിപ്പിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ അക്കൗണ്ട്സിൽ ഇല്ല.

| | Name of Regional Centre | Bank name & Account No. | Balance on 31.3.2021 |
|---|---|---|---|

| | | | |
|---|---|---|---|
| a | തിരുവനന്തപുരം പ്രാദേശിക കേന്ദ്രം | UBI - 336302010134604 | 1,61,647.95 |
| b | കൊയിലാണ്ടി പ്രാദേശിക കേന്ദ്രം | UBI - 611102010007469 | 1,55,108.00 |
| c | തിരൂർ പ്രാദേശിക കേന്ദ്രം | UBI - 550902010010306 | 72,742.56 |

.

4) ഇ-ഗ്രാന്റ്സ് അക്കൗണ്ട് സംബന്ധിച്ച്

അക്കൗണ്ട്സിലെ Receipt & Payment Statement ന്റെ വരവ് ഭാഗത്ത് E-Grants എന്ന ശീർഷകത്തിൽ 22,69,966/- രൂപ വരവായും ചെലവ് ഭാഗത്ത് E-Grants എന്ന ശീർഷകത്തിൽ 25,46,495/- രൂപ ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി തുക വിദ്യാർത്ഥികൾക്ക് നൽകുന്ന ഫീസ് റീഫണ്ട് തുകയാണ്. എന്നാൽ തൻ വർഷം ലഭിച്ച തുകയേക്കാൾ 2,76,529/- രൂപ അധികം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് . ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ ലഭിക്കുന്ന തുക ലഭിക്കുമ്പോൾ തന്നെ അത് വിനിയോഗിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ഇ-ഗ്രാന്റ്സ് അക്കൗണ്ടിന്റെ പരിപാലനം സംബന്ധിച്ച വിശദ വിവരം ഖണ്ഡിക 1-9 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

.

5) 31.03.2021 ലെ മറ്റ് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ സംബന്ധിച്ച്

സർവ്വകലാശാല സമർപ്പിച്ച അക്കൗണ്ട്സിൽ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്ന **"മറ്റ് അക്കൗണ്ടുകളിലെ നീക്കിയിരിപ്"** തുകകൾ സംബന്ധിച്ച പത്രികയിലെ അക്കൗണ്ടുകൾ വാർഷിക കണക്കിന്റെ വരവ്-ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി അക്കൗണ്ടുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്താത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. 31.03.2021 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ചുവടെ ചേർക്കുന്നു.

.

(a) **എൻജിനിയറിംഗ് സെക്ഷൻ (E-Tender account) – SBI – A/c No. 67333497121**

സർവ്വകലാശാല രജിസ്ട്രാറുടെ പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ടാണ്. ടി അക്കൗണ്ടിന്റെ ക്യാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി അക്കൗണ്ട് ആരംഭിച്ചിരിക്കുന്നത് ഇ-ടെണ്ടർ ഫീസും ഇ.എം.ഡി തുകയും നിക്ഷേപിക്കുന്നതിനാണ്. ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിക്കുന്ന തുക സർവ്വകലാശാലയുടെ നോൺ-പ്ലാൻ അക്കൗണ്ടായ 338602010014001 ലേക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. എന്നാൽ ഇ.എം.ഡി തുക ടി അക്കൗണ്ടിൽ തന്നെ നിക്ഷേപിച്ച് കാലാവധി കഴിയുമ്പോൾ ടി അക്കൗണ്ടിൽ നിന്ന് തന്നെ തിരികെ നൽകുന്ന രീതിയാണ് തുടരുന്നത്. ഇ.എം.ഡി തുക സർവ്വകലാശാലയുടെ അക്കൗണ്ടിലേക്ക് നൽകാത്തതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

ഇ.എം.ഡി തുക സർവ്വകലാശാലയുടെ അക്കൗണ്ടിലേക്ക് നൽകാത്തതിനാൽ ടി അക്കൗണ്ടിൽ 31.03.2021 ൽ നീക്കിയിരിപ്പ് തുകയായ 14,29,815/- രൂപ നിഷ്ക്രിയാസ്തിയായി സർവ്വകലാശാലയുടെ എൻജിനിയറിംഗ് സെക്ഷനിൽ നിലകൊള്ളുകയാണ്.

**(b) റെമിറ്റൻസ് ഓഫ് വാറ്റ് (VAT) – SBI – A/c No. 67156864444**

ഫിനാൻസ് ഓഫീസറുടെ പേരിൽ ആരംഭിച്ച അക്കൗണ്ടാണ്. ടി അക്കൗണ്ടിന്റെ ക്യാഷ് ബുക്ക്

പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ പാസ്സ്ബുക്ക് പ്രകാരമുള്ള 31.03.2021 ലെ നീക്കിയിരിപ്പ് തുക 4,03,464/- രൂപയാണ്.

**(c) സ്ട്രെങ്ത്തനിംഗ് ഓഫ് സാൻസ്ക്രിറ്റ് സ്റ്റഡീസ് – UBI – A/c No. 338602010017634**

ഫിനാൻസ് ഓഫീസറുടെയും നോഡൽ ഓഫീസറുടെയും പേരിൽ ആരംഭിച്ച അക്കൗണ്ടാണ്. ടി അക്കൗണ്ടിന്റെ ക്യാഷ് ബുക്കും പാസ്സ്ബുക്കും പരിശോധിച്ച് 31.03.2021 ലെ നീക്കിയിരിപ്പ് തുക 2,92,631/- രൂപയാണ്.

ക്യാഷ് ബുക്കും പാസ്സ്ബുക്കും തമ്മിലുള്ള 12,000/- രൂപയുടെ വ്യത്യാസം 22.03.2005 ൽ നൽകിയ ചെക്ക് നം. 329001 ബാങ്കിൽ നിന്ന് ക്യാഷ് ആകാത്തതിനാലാണ്. പ്രസ്തുത ചെക്ക് കാലഹരണപ്പെട്ട് പോയതിനാൽ, ആയത് 17.06.2022 ക്യാൻസൽ ചെയ്ത് വരവിൽ കൂട്ടി ക്യാഷ് ബുക്ക് ക്രമീകരിച്ചിട്ടുണ്ട്.

4-2 സാമ്പത്തിക നില

സർവ്വകലാശാലയുടെ 2020-21 വർഷത്തെ അക്കൗണ്ട്സ് പ്രകാരമുള്ള സാമ്പത്തിക നില ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 01.04.2020 ലെ മുന്നിരിപ്പ് | | **14,41,40,248.28** |
| **കൂട്ടുക – വരവ് ഇനങ്ങൾ** | | |
| 1. തൻ വർഷത്തെ യഥാർത്ഥ വരവ് | 94,03,71,488.93 | 1,01,70,30,663.93 |
| 2. ട്രഷറി A/c no 799012700001667 ൽ 02.04.2020 ൽ തിരികെ ലഭിച്ച റസ്യൂമ്ഡ് ഫണ്ട് | 7,66,59,175.00 | |
| **ആകെ (മുന്നിരിപ് ഉൾപ്പടെ)** | | **1,16,11,70,912.21** |
| **കുറക്കുക – ചെലവ് ഇനങ്ങൾ** | | |
| 1. തൻ വർഷത്തെ യഥാർത്ഥ ചെലവ് | 93,36,65,496.27 | 96,00,92,632.27 |
| 3. ട്രഷറി A/c no 799012700001667 ൽ നിന്ന് 31.03.2020 ൽ സർക്കാർ റസ്യൂം ചെയ്ത ഫണ്ട് | 2,64,27,136.00 | |
| **31.03.2021 ലെ നീക്കിയിരിപ്** | | **20,10,78,279.94** |

**<u>നീക്കിയിരിപ്പിന്റെ ഘടകങ്ങൾ</u>**

| | |
|---|---|
| **(A) കയ്യിരിപ് പണം** | |
| 1. കാലടി ആസ്ഥാനം & പ്രദേശിക കേന്ദ്രം | 12,850.00 |
| 2. ഇംപ്രസ്റ്റ് തുക | 10000.00 |
| ആകെ കയ്യിരിപ്പ് പണം (A) | 22,850.00 |
| **(B) ക്യാഷ് ബുക്ക് പ്രകാരം ബാങ്കിലെ നീക്കിയിരിപ്** | |
| 1. കാലടി ആസ്ഥാനം | 17,61,96,468.00 |
| 2. കാലടി മുഖ്യകേന്ദ്രം (മറ്റ് വിഭാഗം) | 23,64,328.96 |
| 3. പ്രാദേശിക കേന്ദ്രങ്ങൾ | 46,85,236.80 |
| 4. ഡിപ്പാർട്ട്മെന്റ് സിസ്റ്റം (മറ്റ് പഠന വകുപ്പുകൾ) | 1,33,07,088.18 |
| ക്യാഷ് ബുക്ക് പ്രകാരം ബാങ്കിലെ ആകെ തുക (B) | 19,65,53,121.94 |
| **ക്യാഷ് ബുക്ക് പ്രകാരം ട്രഷറിയിലെ നീക്കിയിരിപ് (C)** | 45,02,308.00 |

**<u>പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട്</u>**

| | |
|---|---|
| **31.03.2021 ലെ നീക്കിയിരിപ്പ് തുക (A+B+C)** | **20,10,78,279.94** |

സർവ്വകലാശാല അക്കൗണ്ട്സിന്റെ ബാങ്ക് നീക്കിയിരുപ്പിൽ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിന്റെ നീക്കിയിരിപ്പ് തുക ഉൾപ്പെടുത്തിയിട്ടില്ല. ആയത് മറ്റ് ബാങ്ക് അക്കൗണ്ടുകളോടൊപ്പമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിന് സർവ്വകലാശാലയിൽ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. ആയതിനാൽ പാസ്സ് ബുക്ക് പ്രകാരമുള്ള സാമ്പത്തിക നിലയാണ് ചുവടെ ചേർക്കുന്നത്.

**1. യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ കാലടി – A/c No.338602010015556**

| | |
|---|---|
| 01.04.2020 ലെ മുന്നിരിപ്പ് | 52,44,111.00 |
| വരവ് | 8,19,89,859.00 |
| ആകെ | 8,72,33,970.00 |
| ചെലവ് | 8,60,08,407.00 |
| 31.03.2021 ലെ നീക്കിയിരിപ്പ് | 12,25,563.00 |

.

2. ട്രഷറി അക്കൗണ്ട് – TPA A/c No.711090200000150

| | |
|---|---|
| 01.04.2020 ലെ മുന്നിരിപ്പ് | 9,51,23,558.00 |
| വരവ് | 22,40,985.00 |
| ആകെ | 9,73,64,543.00 |
| ചെലവ് | 8,18,56,813.00 |
| 31.03.2021 ലെ നീക്കിയിരിപ്പ് | 1,55,07,730.00 |

4-3 31.03.2021- ലെ അക്കൗണ്ട്സ് പ്രകാരവും ബാങ്ക്/ട്രഷറി പാസ്സ് ബുക്ക് പ്രകാരവുമുള്ള നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ

സർവ്വകലാശാലയുടെ 2020-21 സാമ്പത്തിക വർഷത്തെ അക്കൗണ്ട്സും വിവിധ വകുപ്പുകളിലെയും പ്രാദേശിക കേന്ദ്രങ്ങളിലെയും വരവ്-ചെലവ് കണക്കുകൾ പരിശോധിച്ചതിൽ അക്കൗണ്ട്സിൽ ഉൾപ്പെട്ടതും ഉൾപ്പെടുത്താത്തതുമായ അക്കൗണ്ടുകളുടെ 31.03.2021 ലെ നീക്കിയിരുപ്പ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

**(1) സർവ്വകലാശാലയുടെ മുഖ്യ കാര്യാലയത്തിലുള്ള ബാങ്ക് അക്കൗണ്ടുകൾ**

| ക്രമ നം | ട്രഷറി/ ബാങ്ക് പേര് | അക്കൗണ്ട് നം. | അക്കൗണ്ടിന്റെ പേര് | 31.03.2021- ലെ നീക്കിയിരിപ്പ് | |
|---|---|---|---|---|---|
| | | | | ക്യാഷ് ബുക്ക് പ്രകാരം | പാസ്സ് ബുക്ക് പ്രകാരം |
| 1 | PSTSB | 799012700001667 | Plan Grant | 2,72,10,131.00 | 10,00,000.00 |
| 2 | U B I | 338602010151490 | Plan Grant | 15,63,554.00 | 34,43,253.41 |
| 3 | Try A/c | 711090100000262 | Non Plan Grant | 37,19,313.00 | 5,93,17,103.00 |
| 4 | U B I | 338602010014001 | Non Plan Grant | 11,53,34,736.00 | 6,60,39,869.94 |
| 5 | U B I | 338602010017455 | Internal Revenue | 3,56,43,597.00 | 3,56,55,894.09 |
| 6 | U B I | 720802010000514 | RUSA Fund | 1,09,449.00 | 1,09,449.00 |
| 7 | U B I | 720802010002278 | G – EM A/c | 22,81,963.00 | 22,81,963.59 |
| 8 | U B I | 720802010000140 | International School of Sree Sankara Studies | 1,82,011.60 | 1,82,011.60 |
| 9 | U B I | 720802010001187 | Strengthening of Skt Studies | 15,37,757.42 | 15,42,757.42 |
| 10 | U B I | 338602010151479 | IQAC Account | 5,10,016.94 | 5,17,259.94 |
| 11 | U B I | 338602010015015 | Examination (PVC) | 3,88,202.00 | 18,951.00 |
| 12 | U B I | 338602010018131 | Pension Fund | 1,29,91,634.00 | 1,29,91,634.50 |
| 13 | U B I | 338602010151851 | Examination (Online fees A/c) | 78,83,333.00 | 78,83,333.00 |

**(2) സർവ്വകലാശാലയുടെ വിവിധ വകുപ്പുകളിലും പ്രാദേശിക കേന്ദ്രങ്ങളിലും ഉള്ള ബാങ്ക് അക്കൗണ്ടുകൾ**

| ക്രമ നം. | വകുപ്പിന്റെ പേര് / ബാങ്കിന്റെ പേര് | അക്കൗണ്ടിന്റെ പേര് അക്കൗണ്ട് നം. | 31.03.2021 ലെ നീക്കിയിരുപ്പ് തുക | | | |
|---|---|---|---|---|---|---|
| | | | പാസ്സ് ബുക്ക് പ്രകാരം | അക്കൗണ്ട്സ് പ്രകാരം (A) | വകുപ്പിലെ ക്യാഷ് ബുക്ക് പ്രകാരം (B) | വ്യത്യാസം C = A-B |
| 1 | സംസ്കൃത ജനറൽ വകുപ്പ് യൂണിയൻ ബാങ്ക് | 338602010153931 (ജനറൽ അക്കൗണ്ട്) | 1,65,532.50 | 1,60,733.50 | 1,60,733.50 | 0.00 |
| | | 338602010153932 (സ്പെഷ്യൽ അക്കൗണ്ട്) | 1,46,730.00 | 1,46,430.00 | 1,46,430.00 | 0.00 |
| 2 | സംസ്കൃത | 338602010151809 | 1,17,064.00 | 7,10,484.00 | 1,10,484.00 | 6,00,000.00 |

| | | | | | | |
|---|---|---|---|---|---|---|
| | സാഹിത്യം വകുപ്പ് യൂണിയൻ ബാങ്ക് | (ജനറൽ അക്കൗണ്ട്) | | | | |
| | | 338602010151815 (സ്പെഷ്യൽ അക്കൗണ്ട്) | 2,79,960.00 | 2,79,960.00 | 2,79,960.00 | 0.00 |
| 3 | സംസ്കൃത വ്യാകരണം വകുപ്പ് യൂണിയൻ ബാങ്ക് | 338602010151821 (ജനറൽ അക്കൗണ്ട്) | 7,80,244.00 | 7,80,244.00 | 7,80,244.00 | 0.00 |
| | | 338602010151822 (സ്പെഷ്യൽ അക്കൗണ്ട്) | 1,06,706.00 | 1,06,706.00 | 1,06,706.00 | 0.00 |
| 4 | സംസ്കൃത വേദാന്തം വകുപ്പ് യൂണിയൻ ബാങ്ക് | 338602010151816 (ജനറൽ അക്കൗണ്ട്) | 11,31,744.00 | 11,31,744.00 | 11,31,744.00 | 0.00 |
| | | 338602010151812 (സ്പെഷ്യൽ അക്കൗണ്ട്) | 1,41,661.00 | 1,41,721.00 | 1,41,661.00 | 60.00 |
| 5 | സംസ്കൃത ന്യായം വകുപ്പ് യൂണിയൻ ബാങ്ക് | 338602010151805 (ജനറൽ അക്കൗണ്ട്) | 5,99,139.09 | 5,99,139.09 | 5,99,139.09 | 0.00 |
| | | 338602010151806 (സ്പെഷ്യൽ അക്കൗണ്ട്) | 1,12,285.00 | 1,12,285.00 | 1,12,285.00 | 0.00 |
| 6 | സംഗീതം വകുപ്പ് യൂണിയൻ ബാങ്ക് | 338602010151817 (ജനറൽ അക്കൗണ്ട്) | 3,50,760.00 | 3,48,491.00 | 3,48,491.00 | 0.00 |
| | | 338602010151818 (സ്പെഷ്യൽ അക്കൗണ്ട്) | 1,20,912.00 | 1,20,912.00 | 1,20,912.00 | 0.00 |
| 7 | തിയറ്റർ വകുപ്പ് യൂണിയൻ ബാങ്ക് | 338602010151813 (ജനറൽ അക്കൗണ്ട്) | 2,30,153.00 | 2,28,335.00 | 2,28,335.00 | 0.00 |
| | | 338602010151814 (സ്പെഷ്യൽ അക്കൗണ്ട്) | 36,320.00 | 35,820.00 | 35,820.00 | 0.00 |
| 8 | മോഹിനിയാട്ടം വകുപ്പ് യൂണിയൻ ബാങ്ക് | 338602010151829 (ജനറൽ അക്കൗണ്ട്) | 3,76,604.00 | 3,72,170.00 | 3,72,170.00 | 0.00 |
| | | 338602010151832 (സ്പെഷ്യൽ അക്കൗണ്ട്) | 2,10,982.00 | 2,08,682.00 | 2,08,682.00 | 0.00 |
| 9 | ഭരതനാട്യം വകുപ്പ് യൂണിയൻ ബാങ്ക് | 720802010002252 (ജനറൽ അക്കൗണ്ട്) | 78,044.60 | 78,044.60 | 78,044.60 | 0.00 |
| | | 720802010002253 (സ്പെഷ്യൽ അക്കൗണ്ട്) | 19,150.00 | 19,150.00 | 19,150.00 | 0.00 |

| | | | | | | |
|---|---|---|---|---|---|---|
| 10 | ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് യൂണിയൻ ബാങ്ക് | 338602010152211 (ജനറൽ അക്കൗണ്ട്) | 2,03,240.50 | 2,02,765.50 | 2,02,765.50 | 0.00 |
| | | 338602010152212 (സ്പെഷ്യൽ അക്കൗണ്ട്) | 1,53,749.00 | 1,52,699.00 | 1,52,699.00 | 0.00 |
| 11 | വാസ്തു വിദ്യ വകുപ്പ് യൂണിയൻ ബാങ്ക് | 338602010151807 (ജനറൽ അക്കൗണ്ട്) | 34,091.00 | 32,165.00 | 32,165.00 | 0.00 |
| | | 338602010151808 (സ്പെഷ്യൽ അക്കൗണ്ട്) | 1,327.00 | 1,260.00 | 1,260.00 | 0.00 |
| 12 | സോഷ്യൽ വർക്ക് വകുപ്പ് യൂണിയൻ ബാങ്ക് | 338602010151827 (ജനറൽ അക്കൗണ്ട്) | 8,74,286.65 | 8,68,548.65 | 8,68,548.65 | 0.00 |
| | | 338602010151828 (സ്പെഷ്യൽ അക്കൗണ്ട്) | 2,05,448.00 | 2,03,148.00 | 2,03,148.00 | 0.00 |
| 13 | ഇംഗ്ലീഷ് വകുപ്പ് യൂണിയൻ ബാങ്ക് | 338602010151907 (ജനറൽ അക്കൗണ്ട്) | 3,21,969.00 | 3,17,496.00 | 3,17,496.00 | 0.00 |
| | | 338602010151908 (സ്പെഷ്യൽഅക്കൗണ്ട്) | 2,67,587.00 | 2,66,587.00 | 2,66,587.00 | 0.00 |
| 14 | ഹിന്ദി വകുപ്പ് യൂണിയൻ ബാങ്ക് | 338602010151810 (ജനറൽ അക്കൗണ്ട്) | 3,59,963.99 | 13,85,777.99 | 3,45,777.99 | 10,40,000.00 |
| | | 338602010151811 (സ്പെഷ്യൽ അക്കൗണ്ട്) | 2,68,628.00 | 2,68,628.00 | 2,68,628.00 | 0.00 |
| 15 | മലയാളം വകുപ്പ് യൂണിയൻ ബാങ്ക് | 338602010151830 (ജനറൽ അക്കൗണ്ട്) | 4,99,612.00 | 4,94,741.00 | 4,94,741.00 | 0.00 |
| | | 338602010151831 (സ്പെഷ്യൽ അക്കൗണ്ട്) | 2,00,298.00 | 2,00,298.00 | 2,00,298.00 | 0.00 |
| 16 | ജ്യോഗ്രഫി വകുപ്പ് യൂണിയൻ ബാങ്ക് | 338602010151824 (ജനറൽ അക്കൗണ്ട്) | 6,31,044.00 | 6,29,744.00 | 6,29,744.00 | 0.00 |
| | | 338602010151825 (സ്പെഷ്യൽ അക്കൗണ്ട്) | 46,727.00 | 45,727.50 | 45,727.50 | 0.00 |
| 17 | ആയുർവേദ വകുപ്പ് യൂണിയൻ ബാങ്ക് | 338602010152209 (ജനറൽ അക്കൗണ്ട്) | 1,43,533.50 | 1,43,533.50 | 1,42,419.50 | 1,114.00 |
| | | 338602010152210 (സ്പെഷ്യൽ അക്കൗണ്ട്) | 7,010.00 | 7,010.00 | 6,956.00 | 54.00 |

| | | | | | | |
|---|---|---|---|---|---|---|
| 18 | പെയിന്റിംഗ് വകുപ്പ് യൂണിയൻ ബാങ്ക് | 720802010000017 (ജനറൽ അക്കൗണ്ട്) | 2,49,351.40 | 2,17,990.80 | 2,17,990.80 | 0.00 |
| | | 720802010000018 (സ്പെഷ്യൽ അക്കൗണ്ട്) | 1,68,214.80 | 1,67,714.80 | 1,67,714.80 | 0.00 |
| 19 | ഹിസ്റ്ററി വകുപ്പ് യൂണിയൻ ബാങ്ക് | 338602010151802 (ജനറൽ അക്കൗണ്ട്) | 7,97,635.80 | 7,89,182.00 | 7,89,182.00 | 0.00 |
| | | 338602010151804 (സ്പെഷ്യൽ അക്കൗണ്ട്) | 1,54,119.00 | 1,54,119.00 | 1,54,119.00 | 0.00 |
| 20 | ഫിലോസഫി വകുപ്പ് യൂണിയൻ ബാങ്ക് | 338602010151833 (ജനറൽ അക്കൗണ്ട്) | 10,0,282.00 | 98,003.00 | 98,203.00 | 200.00 |
| | | 338602010151834 (സ്പെഷ്യൽ അക്കൗണ്ട്) | 1,15,780.00 | 1,15,280.00 | 1,15,280.00 | 0.00 |
| 21 | സോഷ്യോളജി വകുപ്പ് യൂണിയൻ ബാങ്ക് | 338602010151819 (ജനറൽ അക്കൗണ്ട്) | 3,82,168.00 | 3,78,778.00 | 3,78,778.00 | 0.00 |
| | | 338602010151820 (സ്പെഷ്യൽ അക്കൗണ്ട്) | 58,283.00 | 56,398.00 | 56,398.00 | 0.00 |
| 22 | സൈക്കോളജി വകുപ്പ് യൂണിയൻ ബാങ്ക് | 338602010151823 (ജനറൽ അക്കൗണ്ട്) | 3,48,015.00 | 3,43,780.00 | 3,44,530.00 | 750.00 |
| | | 338602010151826 (സ്പെഷ്യൽ അക്കൗണ്ട്) | 54,038.00 | 51,338.00 | 51,338.00 | 0.00 |
| 23 | സ്റ്റുഡന്റ്സ് സർവീസ് സെൽ യൂണിയൻ ബാങ്ക് | 338602010015560 (ജനറൽ അക്കൗണ്ട്) | 63,093.00 | 63,093.00 | 63,093.00 | 0.00 |
| | | 338602010017408 (സ്പെഷ്യൽ അക്കൗണ്ട്) | 71,450.00 | 71,450.00 | 71,450.00 | 0.00 |
| 24 | തിരുവനന്തപുരം പ്രാദേശിക കേന്ദ്രം | യൂണിയൻ ബാങ്ക് 338602010012313 (ജനറൽ അക്കൗണ്ട്) | 10,51,505.00 | 10,68,870.00 | 10,68,870.00 | 0.00 |
| | | ഫെഡറൽ ബാങ്ക് 10300100175720 (സ്പെഷ്യൽ അക്കൗണ്ട്) | 2,84,283.00 | 1,30,768.00 | 1,30,768.00 | 0.00 |
| 25 | പന്മന പ്രാദേശിക കേന്ദ്രം | 847210100006996 (ജനറൽ അക്കൗണ്ട്) | 4,35,921.11 | 4,68,004.11 | 4,17,428.11 | 50,576.00 |

| | | | | | | |
|---|---|---|---|---|---|---|
| | ബാങ്ക് ഓഫ് ഇന്ത്യ | 847210100007073 (സ്പെഷ്യൽ അക്കൗണ്ട്) | 1,02,159.87 | 1,04,431.87 | 1,02,159.87 | 2,272.00 |
| 26 | ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം യൂണിയൻ ബാങ്ക് | 604902010006892 (ജനറൽ അക്കൗണ്ട്) | 2,76,679.00 | 2,76,679.00 | 2,76,679.00 | 0.00 |
| | | 604902010006893 (സ്പെഷ്യൽ അക്കൗണ്ട്) | 97,919.00 | 97,919.00 | 97,919.00 | 0.00 |
| 27 | തുറവൂർ പ്രാദേശിക കേന്ദ്രം എസ്.ബി.ഐ | 10503639587 (ജനറൽ അക്കൗണ്ട്) | 1,14,501.00 | 1,08,623.00 | 1,08,623.00 | 0.00 |
| | | 10503638754 (സ്പെഷ്യൽ അക്കൗണ്ട്) | 1,18,476.00 | 1,18,476.00 | 1,18,476.00 | 0.00 |
| 28 | തൃശ്ശൂർ പ്രാദേശിക കേന്ദ്രം യൂണിയൻ ബാങ്ക് | 759802010001906 (ജനറൽ അക്കൗണ്ട്) | 1,12,710.13 | 1,11,878.76 | 1,12,678.76 | 800.00 |
| | | 759802010001907 (സ്പെഷ്യൽ അക്കൗണ്ട്) | 1,15,189.07 | 1,15,849.94 | 1,15,049.94 | 800.00 |
| 29 | കൊയിലാണ്ടി പ്രാദേശിക കേന്ദ്രം കീഴാരിയൂർ സർവീസ് സഹകരണ ബാങ്ക് - | 1004 (ജനറൽ അക്കൗണ്ട്) | 6,48,421.00 | 6,48,421.00 | 6,48,421.00 | 0.00 |
| | | 1662 (സ്പെഷ്യൽ അക്കൗണ്ട്) | 1,78,443.00 | 1,78,443.00 | 1,78,443.00 | 0.00 |
| 30 | പയ്യന്നൂർ പ്രാദേശിക കേന്ദ്രം യൂണിയൻ ബാങ്ക് | 571202010004538 (ജനറൽ അക്കൗണ്ട്) | 1,93,362.00 | 1,93,362.00 | 1,93,362.00 | 0.00 |
| | | 571202010004527 (സ്പെഷ്യൽ അക്കൗണ്ട്) | 5,01,279.00 | 5,01,279.00 | 5,01,279.00 | 0.00 |
| 31 | തിരൂർ പ്രാദേശിക കേന്ദ്രം എസ്.ബി.ഐ | 67287801245 (ജനറൽ അക്കൗണ്ട്) | 1,72,598.17 | 1,51,012.17 | 1,51,012.17 | 0.00 |
| | | 67287816615 (സ്പെഷ്യൽ അക്കൗണ്ട്) | 4,13,820.95 | 4,11,219.95 | 4,11,219.95 | 0.00 |
| 32 | ഉറുദു വകുപ്പ് (കൊയിലാണ്ടി പ്രാദേശിക കേന്ദ്രം) യൂണിയൻ ബാങ്ക് | 611102010009631 (ജനറൽ അക്കൗണ്ട്) | 1,28,347.25 | 1,28,347.25 | 1,28,347.25 | 0.00 |
| | | 611102010009668 (സ്പെഷ്യൽ അക്കൗണ്ട്) | 4,977.00 | 4,977.00 | 4,977.00 | 0.00 |

| | | | | | |
|---|---|---|---|---|---|
| | | | | | |

(i) ക്രമ നം. 2,14 എന്നിവയിൽ അക്കൗണ്ട്സ് പ്രകാരമുള്ള നീക്കിയിരുപ്പും വകുപ്പിലെ ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പും തമ്മിൽ 16,40,000/- രൂപയുടെ വ്യത്യാസമുണ്ട്. ടി തുക യഥാർത്ഥത്തിൽ "Fund in Transit" ആണ്.

(ii) ക്രമ നം. 4,17,20,22,25,28 എന്നിവയിൽ അക്കൗണ്ട്സ് പ്രകാരമുള്ള നീക്കിയിരുപ്പും വകുപ്പിലെ ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പും തമ്മിൽ 56,626 രൂപയുടെ വ്യത്യാസമുണ്ട്. ടി വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

**(3) സർവ്വകലാശാലയുടെ മുഖ്യ കാര്യാലയത്തിൽ കൈകാര്യം ചെയ്യുന്ന മറ്റ് ബാങ്ക് അക്കൗണ്ടുകൾ**
**(അക്കൗണ്ട്സിൽ അനുബന്ധമായി കാണിച്ചിട്ടുണ്ടെങ്കിലും വരവ്- ചെലവ് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല)**

| ക്രമ നം | ട്രഷറി/ബാങ്ക് പേര് | അക്കൗണ്ട് നം. | അക്കൗണ്ടിന്റെ പേര് | 31.03.2021- ലെ നീക്കിയിരിപ്പ് | |
|---|---|---|---|---|---|
| | | | | ക്യാഷ് ബുക്ക് പ്രകാരം | പാസ്സ് ബുക്ക് പ്രകാരം |
| 1 | യൂണിയൻ ബാങ്ക് | 338602010015556 | Provident Fund | 12,25,563.00 | 12,25,563.00 |
| 2 | Try A/c | TPA 711090200000150 | Provident Fund | 1,08,21,568.00 | 1,55,07,730.00 |
| 3 | യൂണിയൻ ബാങ്ക് | 338602010017634 | Strengthening of Skt Studies | 2,92,631.25 | 3,04,631.25 |
| 4 | യൂണിയൻ ബാങ്ക് | 338602010015498 | NSS Account | 16,739.00 | 57,739.00 |
| 5 | എസ്.ബി.ഐ | 33760072135 | Staff Welfare Fund | 4,89,789.00 | 4,89,789.00 |
| 6 | എസ്.ബി.ഐ | 67156864444 | Remittance of VAT | 4,03,464.00 | 4,03,464.00 |
| 7 | എസ്.ബി.ഐ | 67333497121 | Engg – E Tender | 14,29,815.25 | 14,29,815.25 |
| 8 | യൂണിയൻ ബാങ്ക് | 720802010000171 | Day Care Centre | 0.00 | 0.00 |
| 9 | കാനറ ബാങ്ക് | 10002 | Joint A/c (Painting) (Technology Business Incubater) | 68,89,146.65 | 68,89,146.65 |
| 10 | കാനറ ബാങ്ക് | 2921101011239 | Rajatha Jubilee Students Welfare Fund | 25,00,000.00 | 25,00,000.00 |

(i) ക്രമ നം. 1,2,6,7,9 എന്നീ അക്കൗണ്ടുകളുടെ ക്യാഷ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല. ആയതിനാൽ പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പാണ് അക്കൗണ്ട്സിൽ കാണിച്ചിരിക്കുന്നത്.

**(4) സർവ്വകലാശാലയുടെ മറ്റ് ബാങ്ക് അക്കൗണ്ടുകൾ (വരവ് – ചെലവ് കണക്കുകളിൽ രേഖപ്പെടുത്താത്തത്)**

| ക്രമ | ബാങ്ക് പേര്/ | വകുപ്പ്/ | അക്കൗണ്ടിന്റെ | 31.03.2021 ലെ നീക്കിയിരിപ്പ് |
|---|---|---|---|---|

| നം | അക്കൗണ്ട് നം. | പ്രാദേശിക കേന്ദ്രം | പേര് | ക്യാഷ് ബുക്ക് പ്രകാരം | പാസ്സ് ബുക്ക് പ്രകാരം |
|---|---|---|---|---|---|
| 1 | യൂണിയൻ ബാങ്ക് 338602010155119 | കാലടി മുഖ്യ കേന്ദ്രം | U G C Fund | ക്യാഷ് ബുക്ക് ഹാജരാക്കിയില്ല | 10,03,276.00 |
| 2 | യൂണിയൻ ബാങ്ക് 720802010001512 | കാലടി മുഖ്യ കേന്ദ്രം | Silver Jubilee Celebration Committee | ക്യാഷ് ബുക്ക് ഹാജരാക്കിയില്ല | 92,531.84 |
| 3 | യൂണിയൻ ബാങ്ക് 336302010134604 | തിരുവനന്തപുരം പ്രാദേശിക കേന്ദ്രം | Non Plan Fund | ക്യാഷ് ബുക്ക് ഹാജരാക്കിയില്ല | 1,61,647.95 |
| 4 | യൂണിയൻ ബാങ്ക് 611102010007469 | കൊയിലാണ്ടി പ്രാദേശിക കേന്ദ്രം | Non Plan Fund | 1,50,108.00 | 1,55,108.00 |
| 5 | യൂണിയൻ ബാങ്ക് 550902010010306 | തിരൂർ പ്രാദേശിക കേന്ദ്രം | Non Plan Fund Account | 72,742.56 | 72,742.56 |

മുകളിൽ സൂചിപ്പിച്ച സർവ്വകലാശാലയുടെ ബാങ്ക് അക്കൗണ്ടുകൾ വരവ്- ചെലവ് കണക്കുകളിൽ രേഖപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

4-4 31.03.2021 ലെ ബാങ്ക്/ട്രഷറി നീക്കിയിരുപ്പ് തുകയുടെ പൊരുത്തപ്പെടുത്തൽ പത്രിക

സർവ്വകലാശാലയുടെ 2020-21 സാമ്പത്തിക വർഷത്തെ 31.03.2021 ലെ ക്യാഷ് ബുക്ക് നീക്കിയിരുപ്പും പാസ്സ് ബുക്ക് നീക്കിയിരുപ്പും തമ്മിലുള്ള പൊരുത്തപ്പെടുത്തൽ പത്രിക ചുവടെ ചേർക്കുന്നു.

<u>(1) സർവ്വകലാശാലയുടെ മുഖ്യ കാര്യാലയത്തിലുള്ള ബാങ്ക് അക്കൗണ്ടുകൾ</u>

| ക്രമ നം | അക്കൗണ്ടിന്റെ പേര്/ട്രഷറി-ബാങ്ക് പേര്/അക്കൗണ്ട് നം. | തുക |
|---|---|---|
| 1 | **Plan Grant – PSTSB – 799012700001667** | |
| | ക്യാഷ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 2,72,10,131.00 |
| | (+) പിൻവലിക്കാത്ത ചെക്കുകളുടെ തുക | 2,17,005.00 |
| | (-) 31.03.2021 ൽ ട്രഷറിയിൽ നിന്ന് നേരിട്ട് പിൻവലിച്ച തുക | 2,64,27,136.00 |
| | പാസ്സ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 10,00,000.00 |
| 2 | **Plan Grant – U B I –338602010151490** | |
| | ക്യാഷ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 15,63,554.00 |
| | (+) പിൻവലിക്കാത്ത ചെക്കുകളുടെ തുക – 2410569.00 | 24,12,699.00 |
| | (+) അധികമായി ക്രെഡിറ്റ് ചെയ്ത തുക – 2130.00 | |
| | ആകെ | 39,76,253.00 |
| | (-) പണമാകാത്ത ചെക്കുകളുടെ തുക | 5,33,000.00 |
| | പാസ്സ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 34,43,253.00 |
| 3 | **Non Plan Grant – Try A/c – 711090100000262** | |

| | | |
|---|---|---|
| | ക്യാഷ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 37,19,313.00 |
| | (+) പിൻവലിക്കാത്ത ചെക്കുകളുടെ തുക | 5,55,97,790.00 |
| | പാസ്സ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 5,93,17,103.00 |
| 4 | Non Plan Grant - U B I - 338602010014001 | |
| | ക്യാഷ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 11,53,34,736.00 |
| | (+) പിൻവലിക്കാത്ത ചെക്കുകളുടെ തുക - 34,23,619.00 | 37,93,247.00 |
| | (+) അധികമായി ക്രെഡിറ്റ് ചെയ്ത തുക (2017-18) 60157.00 | |
| | (+) അധികമായി ക്രെഡിറ്റ് ചെയ്ത തുക (2018-19) 105178.00 | |
| | (+) അധികമായി ക്രെഡിറ്റ് ചെയ്ത തുക (2019-20) 175270.00 | |
| | (+) അധികമായി ക്രെഡിറ്റ് ചെയ്ത തുക (2020-21) 29023.00 | |
| | ആകെ | 11,91,27,983.00 |
| | (-) പണമാകാത്ത ഡി.ഡി കളുടെ തുക - 5,29,36,967.00 | 5,30,88,114.00 |
| | (-) അധികമായി ഡെബിറ്റ് ചെയ്ത തുക (10/2017) - 3000.00 | |
| | (-) അധികമായി ഡെബിറ്റ് ചെയ്ത തുക (12/2017) - 12790.00 | |
| | (-) അധികമായി ഡെബിറ്റ് ചെയ്ത തുക (01/2018) - 56400.00 | |
| | (-) അധികമായി ഡെബിറ്റ് ചെയ്ത തുക (03/2018) - 25000.00 | |
| | (-) അധികമായി ഡെബിറ്റ് ചെയ്ത തുക (07/2018) - 341.00 | |
| | (-) അധികമായി ഡെബിറ്റ് ചെയ്ത തുക (02/2019) - 5549.00 | |
| | (-) ഡി.ഡി കളുടെ തുക കുറവ് ക്രെഡിറ്റ് ചെയ്തത് - 227.00 | |
| | (-) അധികമായി ഡെബിറ്റും ക്രെഡിറ്റും ചെയ്ത തുക - 30000.00 | |
| | (-) അധികമായി ഡെബിറ്റ് ചെയ്ത തുക (30.3.2021) - 17840.00 | |
| | പാസ്സ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 6,60,39,869.00 |
| 5 | Internal Revenue -U B I -338602010017455 | |
| | ക്യാഷ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 3,56,43,597.00 |
| | (+) പിൻവലിക്കാത്ത ചെക്കുകളുടെ തുക - 1,05,000.00 | 1,05,150.00 |
| | (+) അധികമായി ക്രെഡിറ്റ് ചെയ്ത തുക (29.03.2019) - 150.00 | |
| | ആകെ | 3,57,48,747.00 |
| | (-) പണമാകാത്ത ഡി.ഡി കളുടെ തുക - 91025.00 | 92853.00 |
| | (-) ഡി.ഡി കളുടെ തുക കുറവ് ക്രെഡിറ്റ് ചെയ്തത് - 1828.00 | |
| | പാസ്സ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 3,56,55,894.00 |

| | | |
|---|---|---|
| 6 | Strengthening of Skt Studies - U B I - 720802010001187 | |
| | ക്യാഷ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 15,37,757.42 |
| | (+) പിൻവലിക്കാത്ത ചെക്കുകളുടെ തുക | 5,000.00 |
| | പാസ്സ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 15,42,757.42 |
| 7 | IQAC Account - U B I - 338602010151479 | |
| | ക്യാഷ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 5,10,016.94 |
| | (+) പിൻവലിക്കാത്ത ചെക്കുകളുടെ തുക | 7,243.00 |
| | പാസ്സ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 5,17,259.94 |
| 8 | Examination (PVC) - U B I - 338602010015015 | |
| | അക്കൗണ്ട്സ് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 3,88,202.00 |
| | പാസ്സ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 18,951.00 |
| | വ്യത്യാസം | 3,69,251.00 |
| | ക്യാഷ് ബുക്ക് ഹാജരാക്കാത്തതിനാൽ വ്യത്യാസത്തിന്റെ കാരണം ലഭ്യമല്ല | |

.

**(2) സർവ്വകലാശാലയുടെ വിവിധ വകുപ്പുകളിലും പ്രാദേശിക കേന്ദ്രങ്ങളിലും ഉള്ള ബാങ്ക് അക്കൗണ്ടുകൾ**

വിവിധ വകുപ്പുകളുടെയും പ്രാദേശിക കേന്ദ്രങ്ങളുടെയും ബാങ്ക് അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക അതാത് ഓഡിറ്റ് നോട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

.

**(3) സർവ്വകലാശാലയുടെ മുഖ്യ കാര്യാലയത്തിൽ കൈകാര്യം ചെയ്യുന്ന മറ്റ് ബാങ്ക് അക്കൗണ്ടുൾ**

**(അക്കൗണ്ട്സിൽ അനുബന്ധമായി കാണിച്ചിട്ടുണ്ടെങ്കിലും വരവ്- ചെലവ് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല)**

| ക്രമ നം | അക്കൗണ്ടിന്റെ പേര്/ട്രഷറി-ബാങ്ക് പേര്/അക്കൗണ്ട് നം. | |
|---|---|---|
| 1 | Strengthening of Skt Studies - U B I - 338602010017634 | |
| | ക്യാഷ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 2,92,631.25 |
| | (+) പിൻവലിക്കാത്ത ചെക്കുകളുടെ തുക | 12,000.00 |
| | പാസ്സ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 3,04,631.25 |
| 2 | NSS Account - U B I - 338602010015498 | |
| | ക്യാഷ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 16,739.00 |
| | (+) പിൻവലിക്കാത്ത ചെക്കുകളുടെ തുക | 41,000.00 |
| | പാസ്സ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 57,739.00 |

| | | |
|---|---|---|
| 3 | Provident Fund – Treasury A/c – 711090200000150 | |
| | ക്യാഷ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 1,08,21,568.00 |
| | (+) 25.03.2021 ൽ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തത് (*) | 46,86,162.00 |
| | പാസ്സ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 1,55,07,730.00 |
| | (*) ക്യാഷ് ബുക്കിൽ ടി തുക രേഖപ്പെടുത്താത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ് | |

.

(4) സർവ്വകലാശാലയുടെ മറ്റ് ബാങ്ക് അക്കൗണ്ടുകൾ (വരവ് – ചെലവ് കണക്കുകളിൽ രേഖപ്പെടുത്താത്തത്)

| ക്രമ നം | അക്കൗണ്ടിന്റെ പേര്/ട്രഷറി-ബാങ്ക് പേര്/അക്കൗണ്ട് നം. | |
|---|---|---|
| 1 | **കൊയിലാണ്ടി പ്രാദേശിക കേന്ദ്രം – U B I – 611102010007469** | |
| | ക്യാഷ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 1,50,108.00 |
| | (+) പിൻവലിക്കാത്ത ചെക്കുകളുടെ തുക | 5,000.00 |
| | പാസ്സ് ബുക്ക് പ്രകാരം 31.03.2021- ലെ നീക്കിയിരിപ്പ് | 1,55,108.00 |

.

4-5 സ്ഥിര നിക്ഷേപങ്ങൾ

സംസ്കൃത സർവ്വകലാശാലയുടെ വിവിധ ഇനം സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

**(എ) ജനറൽ ഫണ്ട്**

സംസ്ഥാന സർക്കാറിന്റെ പ്ലാൻ ഗ്രാന്റ്, നോൺ-പ്ലാൻ ഗ്രാന്റ്, അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്, യു.ജി.സി. ധനസഹായം എന്നീ ഗ്രാന്റുകളും ചേർന്നതാണ് സർവ്വകലാശാലയുടെ ജനറൽ ഫണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ സർവ്വകലാശാലയ്ക്ക് ലഭിച്ച വിവിധ ഗ്രാന്റുകളുടെ വിശദാംശം **ഖണ്ഡിക 1-4-1, 1-4-2** എന്നിവയിൽ ചേർത്തിട്ടുണ്ട്.

**(ബി) സ്പെസിഫിക് ഫണ്ടുകൾ**

**1. വികസന ഫണ്ട്**

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ ആക്ട്, 1994 സെക്ഷൻ (36) പ്രകാരമാണ് വികസന ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. സെക്ഷൻ 36(2) ൽ പ്രതിപാദിക്കുന്ന വിധത്തിൽ വികസന ഫണ്ട് ദീർഘകാല നിക്ഷേപമായി അങ്കമാലി സബ് ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. വാർഷിക കണക്ക് പ്രകാരം 31.03.2021 ൽ ഈയിനത്തിലെ നീക്കിയിരിപ്പ് 3,50,80,473/- രൂപയാണ് എന്നാൽ രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് തുക 3,52,03,460/- രൂപയാണ്. തുക പൊരുത്തപ്പെടാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. കാലാവധി പൂർത്തിയായ നിക്ഷേപങ്ങളെ സംബന്ധിച്ച വിവരങ്ങൾ വികസന ഫണ്ട് രജിസ്റ്ററിൽ ചേർത്ത്

31.03.2021 ലെ നീക്കിയിരിപ്പ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| വർഷാരാഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | 67,24,615.00 |
| തൻവർഷം നിക്ഷേപിച്ച തുക | 3,17,06,151.00 |
| ആകെ | 3,84,30,766.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 32,27,306.00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,52,03,460.00 |

സ്ഥിര നിക്ഷേപത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം-2 (A)** ൽ ചേർത്തിട്ടുണ്ട്.

**2. പ്രൊവിഡന്റ് ഫണ്ട്**

